
# അൽഫഖ്

പുസ്തകം 19 | ലക്കം 10 | ഡിസംബർ 2011 | ഫതഹ് 1390 | മുഹർറം-സഫർ 1433



# അതിഥി സൽക്കാരം
## സ്വായത്തമാക്കേണ്ട ഉൽകൃഷ്ട സ്വഭാവം

ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ്

ഹദ്റത് മസീഹ് മൗഊദ്(അ) അതിഥികളെ ആദരിക്കാനും സൽക്കരിക്കാനും അവരെ ബഹുമാനിക്കാനും എത്രമാത്രം ശുഷ്കാന്തിയാണ് കാണിച്ചിരുന്നത്. ചിലപ്പോൾ അദ്ദേഹം അതിഥിയെ അനുനയിപ്പിക്കാൻ അയാളുടെ പിന്നാലെ വേഗം വേഗം നടന്ന് പോകുന്നു. അയാളെ തിരിച്ചു വിളിച്ച് അനുനയിപ്പിക്കാൻ വേണ്ടി മാത്രം. ചിലപ്പോൾ രാത്രിയിൽ കാലാവസ്ഥ വളരെ മോശമായിരുന്നിട്ടും അതിഥിക്ക് വേണ്ടി പാൽ എത്തിക്കുന്നു. വേറെ ചിലപ്പോൾ വീട്ടിലെ മുഴുവൻ വിരിപ്പുകളും അതിഥികൾക്ക് കൊടുത്തുകൊണ്ട് ഭാര്യാ മക്കളോടൊപ്പം രാത്രി തണുപ്പിൽ കഴിച്ചുകൂട്ടുന്നു. മറ്റ് ചിലപ്പോൾ അതിഥികളോട് പറയുന്നു, ബുദ്ധിമുട്ടേണ്ടതില്ല, എന്താവശ്യമുണ്ടെങ്കിലും തുറന്നു പറയണം.

ഇനിയും ചില സന്ദർഭങ്ങളിൽ ലങ്കർഖാനയിലെ ആളുകളോട് പറയുന്നു: അതിഥി കളോട് അന്വേഷിച്ച് അവരുടെ അഭിരുചിക്ക് അനുസൃതമായ ഭക്ഷണം തയ്യാറാക്കി ക്കൊടുക്കണം. വേറെ ചിലപ്പോൾ അതിഥികൾക്ക് അടക്കയും മറ്റും കൊടുക്കാൻ പോലും ശ്രദ്ധിക്കുന്നു.

ആ മഹാത്മാവ് പറയുന്നു : അതിഥികൾ വരുമ്പോൾ നമുക്ക് സന്തോഷമാണ്. അതുകൊണ്ട് അതിഥികൾ ഭാരമാണെന്ന് ധരിക്കരുത്.

ഈ എല്ലാ മാതൃകകളും, അദ്ദേഹം തന്റെ യജമാനരും നേതാവുമായ ഹദ്റത് മുഹമ്മദ് മുസ്തഫാ(സ)ന്റെ മാതൃകയിലൂടെ ചരിച്ചുകൊണ്ട് കാണിക്കുന്നു. ഇന്ന് ജമാഅത്തീ സംവിധാനവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിഥിസൽക്കാ രത്തിന്റെ ഉന്നത മാതൃക സ്ഥാപിക്കാനാണ് ശ്രമിക്കുന്നത്. വ്യക്തിപരമായി വീടുക ളിൽ അതിഥികൾ താമസിക്കുമ്പോഴും ഈ ആവേശവും പ്രയത്നവും തന്നെ യാണുള്ളത്.......

തിരുനബി(സ) പറയുന്നു: ആതിഥേയർ സന്തോഷത്തോടെ നൽകുന്നത് അതിഥി കൾ സന്തോഷപൂർവം ഭക്ഷിക്കേണ്ടതാണ്.

അതിഥികൾക്കുള്ള ഉപദേശം, ചിലപ്പോൾ അതിഥികൾ ഭക്ഷണത്തിൽ എന്തെ ങ്കിലും കുറവുണ്ടെങ്കിൽ അത് പ്രകടിപ്പിക്കാറുണ്ട്. ചിലർ താമസത്തെകുറിച്ച് പരാതിപറയുന്നു. തങ്ങൾക്ക് തനിയെ താമസിക്കാനാണ് ശീലമെന്നും അങ്ങിനെ താമസിക്കാൻ സംവിധാനം വേണമെന്നും പറയാറുണ്ട്. ആയതിനാൽ നിങ്ങൾ ജമാഅത്തീ സംവിധാനത്തിനു കീഴിലാണ് വന്നിരിക്കുന്നതെങ്കിൽ ജമാഅത്തീ സംവിധാനത്തെ സന്തോഷപൂർവം സ്വീകരിക്കേണ്ടതുമാണ്.

യഥാർത്ഥ ലക്ഷ്യം, ആത്മീയ ഭക്ഷണമായിരിക്കണം. അത് ഭക്ഷിക്കുന്നതിലേക്ക് നിങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(ഹദീഖത്തുൽ മഹ്ദിയിലെ ആദ്യത്തെ ജുമുഅ ഖുത്ബ 28.7.2006)

4 ഖാദിയാനിൽ വരേണ്ടതിന്റെ പ്രാധാന്യം
11 ഉമ്മ മകൾക്ക് നൽകിയ ഉപദേശങ്ങൾ
18 ജൽസാ സാലാന ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
5 തൗബയുടെ നിബന്ധനകൾ
13 വിവാഹവും ദുഃആയും
29 അതിഥിസൽക്കാരം ഔദാര്യമല്ല

# ജൽസാ സാലാന ചില ചരിത്ര മുഹൂർത്തങ്ങൾ

1891 – ആദ്യത്തെ ജൽസാ സാലാനാ
1891 – ജൽസാ സാലാനക്ക് വേണ്ടി ഹ. മസീഹ് മൗഊദ് (അ)ന്റെ വിളംബരം
1892 – ഹ. മൗലാനാ ഹകീം നൂറുദ്ദീൻ സാഹിബിന്റെ പ്രസംഗം
1892 – മജ്‌ലിസ് ശൂറ
1899 – ജൽസാ സാലാനയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. തയ്യാറാക്കിയത് ഹ. ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി(റ)
1905 – അഞ്ചുമൻ കാർപർദാസ് മസാലിഹ് ബഹിശ്തി മഖ്ബറ സ്ഥാപിച്ചു.
1906 – ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പ്രഭാഷണം.
1914 – ആദ്യമായി ലേഡീസ് ജൽസാ സാലാന ഹ. ഖലീഫത്തുൽ മസീഹ് സാനി(റ)ന്റെ പ്രഭാഷണം.
1926 – ജൽസാ സാലാനക്ക് ആദ്യമായി പോസ്റ്ററടിക്കുന്നു.
1926 – ആദ്യമായി ബട്ടാല – ഖാദിയാൻ യാത്ര മോട്ടോർ വാഹനത്തിൽ
1926 – ലജ്ന ഇമാഇല്ലാഹ് ഉണ്ടാക്കിയ കരകൗശല വസ്തുക്കൾ പ്രദർശിപ്പിച്ചു.
1927 – ഖലീഫയുടെ സംരക്ഷണത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിത്തുടങ്ങി.
1928 – ആദ്യമായി റയിൽ മാർഗം അതിഥികൾ ഖാദിയാനിലെത്തി.
1928 – ഈ വർഷം മുതൽ ജൽസ പ്രമാണിച്ച് ദിവസത്തിൽ രണ്ട് തവണ തീവണ്ടി സർവീസ്.
1933 – റമദാനിനിടയിൽ ജൽസാ സാലാന
1936 – ആദ്യമായി ലൗഡ് സ്പീക്കർ ഉപയോഗിച്ചു തുടങ്ങി.
1939 – ഹ. മിർസാ നാസിർ അഹ്മദ് സാഹിബ് (ഖലീഫത്തുൽ മസീഹ് സാലിസ്) ആദ്യമായി പ്രസംഗിച്ചു.
1945 – ആദ്യമായി ലജ്ന മജ്‌ലിസ് ശൂറ
1947 – ആദ്യമായി ഖലീഫത്തുൽ മസീഹ് ജൽസയിൽ പങ്കെടുത്തില്ല.
1948 – പാക്കിസ്ഥാനീ അഹ്മദികൾ ഖാദിയാൻ ജൽസയിൽ പങ്കെടുത്തു.
1949 – ജൽസാ സാലാനക്ക് വേണ്ടി റബ്‌വയിലേക്ക് തീവണ്ടി.
1960 – ഹ. മിർസാ ത്വാഹിർ അഹ്മദ് സാഹിബ് (ഖലീഫത്തുൽ മസീഹ് റാബിഅ്) ആദ്യമായി ജൽസയിൽ പ്രസംഗിക്കുന്നു.
1965 – ജൽസാ പരിപാടികൾ റേഡിയോ, TV യിൽ പ്രക്ഷേപണം ചെയ്തു. ഹ. ഖലീഫത്തുൽ മസീഹിന്റെ ഉദ്ഘാടന പ്രഭാഷണം റേഡിയോ പ്രക്ഷേപണം ചെയ്തു.
1976 – ഉന്നതവിജയം നേടിയ വിദ്യാർഥികൾക്ക് മെഡൽ സമ്മാനിക്കുന്നു.
1982 – വിദേശപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള മജ്‌ലിസ് ശൂറ
1983 – പാക്കിസ്ഥാനിൽ 3 ലക്ഷത്തോളം പേർ പങ്കെടുത്ത ജൽസാ സാലാനാ
1984 – പാക്കിസ്ഥാൻ സർക്കാർ റബ്‌വയിലെ ജൽസാ സാലാന നിരോധിക്കുന്നു.


ഒന്നാം ഖിലാഫത്ത് കാലത്തെ ഒരു ജൽസ


ജൽസ സാലാനാ,ഖാദിയാൻ


1983 ൽ റബ്‌വയിലെ ജൽസ സാലാനാ

## ജൽസാ സാലാന വിവിധ രാജ്യങ്ങളിൽ

| രാഷ്ട്രം | ജൽസാസാലാന ആരഭിച്ചവർഷം | രാഷ്ട്രം | ജൽസാസാലാന ആരഭിച്ചവർഷം |
|---|---|---|---|
| ബംഗ്ലാദേശ് | 1923 | ലൈബീരിയ | 1967 |
| മൊറീഷ്യസ് | 1923 | ഐവറികോസ്റ്റ് | 1968 |
| ഘാനാ | 1923 | ഫിജി | 1970 |
| ഇന്തോനേഷ്യ | 1927 | ഗാംബിയ | 1975 |
| വെസ്റ്റ് ആഫ്രിക്ക | 1944 | ജർമനി | 1976 |
| കെനിയ | 1945 | കനഡാ | 1977 |
| അമേരിക്ക | 1948 | ബെനിൻ | 1978 |
| സിറാലിയോൺ | 1949 | ശ്രീലങ്ക | 1978 |
| നൈജീരിയ | 1950 | ജപ്പാൻ | 1981 |
| തൻസാനിയ | 1961 | ഹോളണ്ട് | 1981 |
| ബ്രിട്ടീഷ് ഗിയാന | 1963 | സ്വിറ്റ്സർലാന്റ് | 1983 |
| ഇംഗ്ലണ്ട് | 1964 | | |



# ജൽസയിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്ത ദുഃആ

അവസാനമായി ഞാൻ ദുഃആ ചെയ്യുകയാണ്.ഈ ദൈവിക ജൽസക്ക് വേണ്ടി യാത്ര ചെയ്യുന്ന എല്ലാ ഓരോ സഹോദരനോടൊപ്പവും അല്ലാഹു ഉണ്ടാകട്ടെ. അവർക്ക് മഹത്തായ പ്രതിഫലം നൽകുമാറാകട്ടെ. അവർക്ക് മേൽ കരുണ ചൊരിയുമാറാകട്ടെ, അവരുടെ ബുദ്ധിമുട്ടുകളുടെയും, അസ്വസ്ഥതകളുടെയും അവസ്ഥകളെ അവർക്ക് ലഘൂകരിച്ച് കൊടുക്കുമാറാകട്ടെ. അവരുടെ ദുഃഖങ്ങളും സങ്കടങ്ങളും അകറ്റുമാറാകട്ടെ. അവരെ എല്ലാവിധ ബുദ്ധിമുട്ടുകളിൽ നിന്നും രക്ഷിക്കുമാറാകട്ടെ. അവരുടെ നല്ല ആഗ്രഹങ്ങൾക്കുള്ള മാർഗ്ഗങ്ങൾ അവർക്ക് വേണ്ടി തുറക്കുമാറാകട്ടെ. ദൈവകാരുണ്യവും അനുഗ്രഹവും സിദ്ധിച്ചവരോടൊപ്പം അവരെ ഉയർത്തുമാറാകട്ടെ. യാത്രാവസാനം വരെ അവരുടെ പ്രതിനിധികളാക്കുമാറാകട്ടെ.

അത്യന്തം പരിശുദ്ധനും കാരുണ്യദായകനും ബുദ്ധിമുട്ടുകളെ അകറ്റുന്നവനുമായ നാഥാ! നീ ഈ എല്ലാ ദുഃആകളും സ്വീകരിക്കേണമേ! ഞങ്ങളുടെ ശത്രുക്കൾക്ക് മേൽ പ്രകാശമാനമായ വിജയം നീ ഞങ്ങൾക്ക് തന്നനുഗ്രഹിക്കേണമേ! എല്ലാവിധ ശക്തിയും ബലവും നിനക്കു മാത്രമാണല്ലോ ഉള്ളത്! ആമീൻ സുമ്മ ആമീൻ

(ഇശ്തിഹാർ 1892 ഡിസംബർ)

## ജൽസക്ക് വരാത്തവർ

### ഹ. മസീഹ് മൗഊദ്(അ) പറയുന്നു:



ജനങ്ങൾ എന്താകണമെന്നാണ് നാം ആഗ്രഹിക്കുന്നതെന്നതിനെപ്പറ്റി അധിക ആളുകളും അജ്ഞരാണ്. നാം ആഗ്രഹിക്കുന്നു, അല്ലാഹു നമ്മെ അയച്ച കാര്യം, ജനങ്ങൾ ഇവിടെ കൂടെ കൂടെ വരുകയും അതിൽ അസ്വസ്തരാകാതിരിക്കുകയും ചെയ്യാതെ പൂർത്തിയാകുന്നതല്ല. ഇവിടെ വരുന്നതു ഭാരമാണെന്നും, അല്ലെങ്കിൽ ഇവിടെ താമസിക്കുന്നത് നമുക്ക് പ്രയാസമാണെന്നും കരുതുന്നവർ ശിർക്കിൽ അകപ്പെട്ടിരിക്കുകയാണെന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. നമ്മുടെ വിശ്വാസം മുഴുവൻ ലോകവും നമ്മുടെ കുടുംബമായാലും അല്ലാഹു നമ്മുടെ എല്ലാ കാര്യത്തിനും മതിയായവനാണെന്നാണ്. നമുക്കൊരിക്കലും അത് ഭാരമല്ല. നമുക്ക് സുഹൃത്തുകളുടെ ആഗമനത്തിൽ സന്തോഷമാണുള്ളത്. മറ്റുള്ളത് വസ്വസുകളാണ്. അത് ഹൃദയത്തിൽ നിന്ന് മാറ്റേണ്ടിയിരിക്കുന്നു. നമ്മൾ ഇവിടെ ഇരുന്ന് എന്തിനാണ് ഹദ്റത് സാഹിബിനെ ബുദ്ധിമുട്ടിക്കുന്നത്, ഒന്നിനും കൊള്ളരുതാത്ത നമ്മൾ വെറുതെ ഇരുന്ന് ഭക്ഷണം കഴിക്കുകയാണ് എന്നെല്ലാം ചിലർ പറയുന്നതായി ഞാൻ കേട്ടു. ഓർക്കുക, അതൊക്കെ ശയ്ത്വാനി വസ്വസുകളാണ്. ഇവിടെ പാദങ്ങൾ ഉറക്കാതിരിക്കാൻ ശയ്ത്വാനാണ് അവരുടെ ഹൃദയങ്ങളിൽ അത് ഇടുന്നത്.

(മൽഫൂസാത്ത് ഭാഗം : 1, പേജ് : 455)

## അവർ ജൽസക്ക് വരാതിരിക്കുന്നതാണ് നല്ലത്

### ഹദ്റത്ത് മുസ്ലിഹ് മൗഊദ്(അ)



പുറത്തു നിന്നും വരുന്നവരെ ഒരു കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവർ ജൽസക്ക് വരരുത് എന്നല്ല ഞാൻ പറയുന്നത്, അവർ വരണം കൂടുതൽ കൂടുതൽ വരണം അനഹ്മദികളേയും കൂട്ടി വരണം.

പക്ഷേ ഒരു കാര്യം പറഞ്ഞേ കഴിയൂ എന്ന് വന്നിരിക്കുന്നു. ചിലർ ജൽസയുടെ പേര് വിശ്രമത്തിന്റെയും വിനോദത്തിന്റെയും സൽക്കാരത്തിന്റെയും ആക്കിമാറ്റിയിരിക്കുന്നു. ഇത്തരം ഒരാഗ്രഹമാണ് ഇന്ന് ജൽസക്ക് വരുന്നവരിൽ പലരിലും കാണുന്നത്... അവർ ജൽസ കാണുവാനാണ് വരുന്നത്. കേൾക്കുവാനല്ല. അങ്ങിനെയുള്ളവരോട് എനിക്ക് പറയാനുള്ളത് അവർ ഇവിടെ പ്രസംഗങ്ങൾ കേൾക്കാതെ പാപഭാരം പേറുകയാണ് ചെയ്യുന്നത്. അതുകൊണ്ട് അവർ ഇവിടെ വരാതിരിക്കുകയാണ് ഏറ്റവും നല്ലത്.

അവരുടെ കൂടെ വരുന്ന അനഹ്മദികൾ ജൽസയുടെ പ്രസംഗങ്ങൾ കേൾക്കാൻ തയ്യാറല്ലെങ്കിൽ അഥവാ അവരെ കൊണ്ടുവരുന്നവർ അവരെ ഇരുത്തുവാൻ അശക്തരാണെങ്കിൽ അതിന്റെ പാപഭാരം കൂടി വഹിക്കേണ്ടി വരുമെന്ന് ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്.

അവലംബം : മിശ്ക്കാത്ത്, നവം - ഡിസം: 91

# ജൽസാ സാലാനയിലെ പദ്യപാരായണം

സ്മൃതിപഥം



**മർഹൂം സാഖിബ് സേർവി സാഹിബ് ലാഹോർ**

അഹ്മദിയ്യാ സ്റ്റേജിൽ പദ്യം ചൊല്ലാനുള്ള എന്റെ ആദ്യത്തെ അവസരം 1939-ലെ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യയുടെ ഇജ്തിമയിലാണുണ്ടായത്. ഖാദിയാനിലെ മസ്ജിദ് അഖ്സയുടെ വരാന്തയിലായിരുന്നു ഇജ്തിമാഅ്. ഈ പ്രോഗ്രാമിൽ ഹ. മുസ്ലിഹ് മൗഊദ്(റ)ന്റെ പ്രഭാഷണവും ഉണ്ടായിരുന്നു.

പ്രഭാഷണത്തിന് മുമ്പ് പദ്യം ചൊല്ലാൻ കേന്ദ്ര ഖാഇദ് ആയിരുന്ന സാഹിബ് സാദാ മിർസാ നാസിർ അഹ്മദ് സാഹിബ് അനുമതി തന്നു. സാധാരണ ഹുസൂറിന്റെ പരിപാടികളിൽ ഹുസൂറിന്റെ പദ്യം ഹുസൂർ നിർദ്ദേശിക്കുന്ന ആളാണ് പാടുക എന്നു പറഞ്ഞിരുന്നു. എന്നോട് പറഞ്ഞ ഒരു നിബന്ധന, സ്റ്റേജിന്റെ മുന്നിൽ മിർസാ നാസിർ സാഹിബ് ഉണ്ടായിരിക്കും. എന്തെങ്കിലും ശരിയല്ലെന്ന് ആംഗ്യം കാണിക്കുമ്പോൾ പദ്യം അവസാനിപ്പിക്കണം എന്നായിരുന്നു. ഏതായാലും അങ്ങിനെയൊരു അവസരം ഉണ്ടായില്ലെന്ന് മാത്രമല്ല, എന്റെ പദ്യത്തിന്റെ രണ്ടാമത്തെ വരി ഹ.മുസ്ലിഹ് മൗഊദ്(റ) ആവർത്തിച്ച് ചൊല്ലിക്കുകയും ചെയ്തു. പിന്നെ മുന്നിൽ നോക്കിയപ്പോൾ ഹ.നാസിർ സാഹിബ് അപ്രത്യക്ഷനായിട്ടുണ്ടായിരുന്നു. ബാക്കി വരികൾ കുറേ കൂടി ആശ്വാസത്തോടെ ചൊല്ലാൻ കഴിഞ്ഞു. മാത്രമല്ല മൂന്ന് വരികൾ മുസ്ലിഹ് മൗഊദ് (റ) ആവർത്തിച്ച് ചൊല്ലാൻ ആവശ്യപ്പെടുകയും ചെയ്തു.

# ഖാദിയാനിൽ വരേണ്ടതിന്റെ പ്രാധാന്യം



## ഖാദിംകളോട്
### ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് ചില യുവാക്കൾ എല്ലാ ഞായറാഴ്ചയും സ്ഥിരമായി ലാഹോറിൽ നിന്ന് ഖാദിയാനിൽ വരാറുണ്ടായിരുന്നു. ഉദാഹരണത്തിന് ചൗധരി ഫത്തഹ് മുഹമ്മദ് സാഹിബ് ആ ദിനങ്ങളിൽ അദ്ദേഹം കോളേജ് വിദ്യാർത്ഥിയായിരുന്നു. എന്നാൽ സ്ഥിരമായി അദ്ദേഹം ഖാദിയാനിൽ വരാറുണ്ടായിരുന്നു. ഒരു ഞായറാഴ്ച എന്തെങ്കിലും കാരണവശാൽ അദ്ദേഹം വരാതിരുന്നാൽ മഹ്മൂദേ ഇപ്രാവശ്യം ഫത്തഹ് മുഹമ്മദ് സാഹിബ് വന്നില്ലേ? എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്നോട് ചോദിക്കുമായിരുന്നു. ചുരുക്കത്തിൽ അദ്ദേഹം എത്ര സ്ഥിരതയോടെയാണ് ഖാദിയാനിൽ വന്നിരുന്നതെന്നാൽ, ഒരു ഞായറാഴ്ച കാണാതിരുന്നപ്പോൾ അദ്ദേഹം എന്തുകൊണ്ട് വന്നില്ല എന്ന് അത്ഭുതത്തോടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്നോട് ചോദിക്കുകയുണ്ടായി. അദ്ദേഹം കോളേജ് വിദ്യാർത്ഥിയായിരുന്നു. പഠിക്കുകയായിരുന്ന കാരണത്താൽ പലതരത്തിലുള്ള ജോലികളും അദ്ദേഹത്തിനുണ്ടായിരുന്നു. ഇനി അദ്ദേഹം പഠിക്കാറില്ലായിരിക്കാം എന്നാരെങ്കിലും പറയുകയാണെങ്കിൽ അദ്ദേഹം ഒരിക്കലും തോൽക്കാറില്ലായിരുന്നു. ചെലവഴിക്കാൻ ഇഷ്ടംപോലെ പണം ലഭിക്കുന്നുണ്ടാവും എന്ന് കരുതാൻ അദ്ദേഹം വലിയ സമ്പന്നനുമായിരുന്നില്ല. ലാഹോർ കോളേജിലെ ഇവിടെ വന്നിട്ടുള്ളവരും അല്ലാത്തവരുമായ വിദ്യാർത്ഥികളിൽ 90% പേർക്കും ഫത്തഹ് മുഹമ്മദ് സാഹിബിനേക്കാൾ കൂടുതൽ ചെലവിന് ലഭിക്കുന്നവരാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ അദ്ദേഹം എല്ലാ ഞായറാഴ്ചകളിലും സ്ഥിരമായി ഖാദിയാനിൽ വരാറുണ്ടായിരുന്നു. അതുപോലെ മറ്റുചില വിദ്യാർത്ഥികളും ഖാദിയാനിൽ വരാറുണ്ടായിരുന്നു. ഇങ്ങനെ സ്ഥിരമായി വരാറില്ലായിരുന്നെങ്കിലും അവരും കൂടെ കൂടെ വരാറുണ്ടായിരുന്നു. ആ സമയത്ത് ലാഹോറിൽ 10, 12 അഹ്മദീ വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത്. ഒന്ന് രണ്ട് പേരെ ഒഴിച്ച് നിർത്തിയാൽ ബാക്കിയുള്ള പത്ത് പേരിൽ രണ്ട്മൂന്ന് പേർ ഏകദേശം ആഴ്ചയിൽ ഒരു പ്രാവശ്യവും പകുതിപേർ മാസത്തിൽ ഒന്നോ രണ്ടോ തവണയും മറ്റ് ചിലർ വർഷത്തിൽ നാലോ, അഞ്ചോ പ്രാവശ്യവും ഖാദിയാനിൽ വരാറുണ്ടായിരുന്നു. എന്നാൽ ചില സമയത്ത് ഒന്ന് രണ്ട്പേർ ജൽസക്ക് മാത്രം വരുന്നവരായിട്ടും ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ വെറും 20, 25% വിദ്യാർത്ഥികൾ മാത്രമാണ് വർഷത്തിൽ ഒരിക്കലെങ്കിലും ഖാദിയാനിൽ വരുന്നത്. അല്ലെങ്കിൽ ഒരു തവണ പോലും വരുന്നില്ല. ഈ വ്യത്യാസം എന്തുകൊണ്ടാണ്. ഞാൻ പറഞ്ഞത്പോലെ നിങ്ങളുടെ സാമ്പത്തികാവസ്ഥ അന്നുണ്ടായിരുന്ന വിദ്യാർത്ഥികളെക്കാൾ മോശമാണെങ്കിൽ സാമ്പത്തിക ബുദ്ധിമുട്ട് കൊണ്ടാണെന്ന് ഞാൻ മനസ്സിലാക്കുമായിരുന്നു. ഇനി അഥവാ നിങ്ങൾക്ക് ദീൻ പഠിക്കേണ്ട ആവശ്യമില്ലെങ്കിൽ, നിങ്ങൾക്ക് വേണ്ട ഉന്നതമായ ആത്മീയ സാധനസാമഗ്രികൾ ലാഹോറിലോ, അമൃത്സറിലോ മറ്റ് പട്ടണങ്ങളിലും ഉണ്ട് അതുകൊണ്ട് നിങ്ങൾക്ക് ഖാദിയാനിൽ വരേണ്ട ആവശ്യമില്ല എന്നാണെങ്കിലും ഒരു പരിധിവരെ ഈ കാര്യം ശരിയാണെന്ന് ഞാൻ മനസ്സിലാക്കുമായിരുന്നു. എന്നാൽ അങ്ങനെയല്ലെങ്കിൽ അതായത് നിങ്ങളുടെ സാമ്പത്തികാവസ്ഥ അവരേക്കാൾ മോശമല്ലെങ്കിൽ നിങ്ങളുടെ ആത്മീയ പുരോഗതിക്ക് വേണ്ടി ഖാദിയാനിൽ വരേണ്ട ആവശ്യമില്ലാത്തവിധം സാധന സാമഗ്രികൾ നിങ്ങൾക്ക് പുറത്ത് നിന്ന് ലഭിക്കുന്നില്ലെങ്കിൽ പിന്നെ ഖാദിയാനിലേക്കുള്ള യാത്ര വളരെ സുഗമമായിരിക്കുന്ന ഈ ഘട്ടത്തിൽ നമ്മുടെ ജമാഅത്തിലെ യുവാക്കളിൽ എന്തുകൊണ്ട് ഇത്തരം അശ്രദ്ധ കാണുന്നു എന്നെനിക്ക് മനസ്സിലാകുന്നില്ല. ആദ്യകാലത്ത് നമ്മുടെ വിദ്യാർത്ഥികൾ വൈകുന്നേരത്തെ ട്രെയിനിൽ ബട്ടാലയിൽ വരികയും രാത്രിയോട് രാത്രി നടന്ന് ഖാദിയാനിൽ വരികയുമാണ് ചെയ്യാറുണ്ടായിരുന്നത്. ഇനി അഥവാ രാവിലെ 8, 9 മണിക്കാണ് ബട്ടാലയിൽ ഇറങ്ങുന്നതെങ്കിൽ ഉച്ചക്ക് 12, ഒരുമണിയോടുകൂടി നടന്ന് ഖാദിയാനിൽ എത്തുമായിരുന്നു. വിദ്യാർത്ഥികളായിരുന്ന കാരണത്താൽ പൊതുവെ കുതിരവണ്ടിയിൽ വരാനുള്ള പണം അവരുടെ പക്കലില്ലായിരുന്നു.

കുതിരവണ്ടിയിൽ വരുന്നവരും ഉണ്ടായിരുന്നു. എന്നാൽ നടന്ന് വരികയും പോകുകയും ചെയ്തിരുന്ന വിദ്യാർത്ഥികളും ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ട്രെയിൻ കാരണമായി യാത്ര വളരെ എളുപ്പമായിരിക്കുന്നു (ട്രെയിൻ സമയം ലാഭിക്കുന്നു) എത്തിച്ചേരാൻ കുറച്ച് സമയം മതി. പഴയത് പോലുള്ള ബുദ്ധിമുട്ടുകളില്ല. ബട്ടാലയിൽ നിന്ന് ഖാദിയാനിലേക്ക് ഉള്ള ട്രെയിൻ ചാർജ് കുതിരവണ്ടിക്കാർ വാങ്ങിയിരുന്നതിന്റെ പകുതി മാത്രമേയുള്ളൂ. അക്കാലത്ത് ഒന്നര, രണ്ട് രൂപയോളം കുതിരവണ്ടിക്ക് ആകുമായിരുന്നു. ഒരു വണ്ടിയിൽ മൂന്ന് പേർക്ക് മാത്രമാണ് യാത്ര ചെയ്യാൻ സാധിച്ചിരുന്നത്. അപ്പോൾ ഒരാൾക്ക് കുറഞ്ഞത് ഒരുഭാഗത്തേക്ക് എട്ട് അണ ആകുമായിരുന്നു. എന്നാൽ ഇപ്പോൾ 6,7 അണ കൊണ്ട് ബട്ടാലയിൽ നിന്ന് ഖാദിയാനിൽ വന്ന് പോകാൻ സാധിക്കും. അപ്പോൾ സാമ്പത്തികമായും സമയനഷ്ടം മൂല വും ഉണ്ടായിരുന്ന ബുദ്ധിമുട്ടുകൾ കുറഞ്ഞിരിക്കുന്നു (ഇല്ലാതായിരിക്കുന്നു). എന്നാൽ ഖാദിയാനിൽ വരേണ്ടതിന്റെ ആവശ്യകത അത് പോലെ തന്നെ നിലനിൽക്കുന്നു. അതുകൊണ്ട് തങ്ങളുടെ അശ്രദ്ധ കാരണം ഈ ഇജ്തിമായിൽ വരാത്ത ഖാദിംകളെകുറിച്ച് ഞാൻ ഖേദവും ആശ്ചര്യവും പ്രകടിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. തങ്ങൾ അഹ്മദിയ്യത്തിന്റെ സേവകരാണെന്ന ബോധം അവരിൽ ഉണ്ടാക്കിയെടുക്കുക എന്നതാണ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഉദ്ദേശ്യം എന്ന് ഞാൻ അവരെ ഓർമിപ്പിക്കുകയാണ്. ഖാദിം(സേവകൻ) എപ്പോഴും തന്നെ യജമാനന്റെ അടുത്തായിരിക്കും. ഏതൊരു ഖാദിം ആവശ്യമുള്ള സമയത്ത് തന്റെ യജമാനന്റെ സമീപത്തില്ലയോ അവൻ സേവകനെന്ന് പറയപ്പെടുകയില്ല. ഞാൻ പറഞ്ഞത് പോലെ പുറമെ നിന്ന് വരുന്നവരുടെ അംഗസംഖ്യ വളരെ കുറവാണ്. ഗുരുദാസ്പൂരിലെ ഗ്രാമങ്ങളിൽ നിന്ന് വന്നവരും, ഖാദിയാനിലുള്ളവരും ഈ ജൽസയിൽ പങ്കെടുത്തില്ലായിരുന്നെങ്കിൽ മദ്രസ അഹ്മദിയ്യായിലെ, അല്ലെങ്കിൽ സ്കൂളിലെ വിദ്യാർത്ഥികൾ നടത്തുന്ന ചെറിയ സമ്മേളനം പോലെ അല്ലെങ്കിൽ അതിലും ചെറിയ സമ്മേളനമായി ഈ ജൽസ മാറുമായിരുന്നു. അതുകൊണ്ട് ലോകത്ത് മഹത്തായ ആത്മീയ വിപ്ലവം സംജാതമാക്കുക എന്ന ഉത്തരവാദിത്തമാണ് അഹ്മദിയ്യാ ജമാഅത്തിൽ അർപ്പിതമായിരിക്കുന്നത് എന്നതിലേക്ക് ഞാൻ യുവാക്കളുടെ ശ്രദ്ധതിരിക്കുകയാണ്.

(മശ്അലെ രാഹ് ഭാഗം - 1, പേജ് - 245, 246 സി. മുബശ്ശിൽ അഹ്മ്മദ് - കൊച്ചി)



MOU.MOHAMMAD INAM GHORI SAHIBB
AFSAR RABITHA JALSA SALANA



MOU.MUNEER AHMAD SAHIB KHADIM
AFSAR JALSA GHAH



SHUHAIB AHMAD SAHIB
AFSAR JALSA SALANA




HAFIZ MAQDOOM SHAREEF SAHIB
AFSAR KHIDMATH-E-KHALQ

തഫ്സീർ



ഹ. മുസ്‌ലിഹ് മൗഊദ് (റ)



إِلَّا مَن تَابَ وَآمَنَ وَعَمِلَ عَمَلًا صَالِحًا فَأُولَٰئِكَ يُبَدِّلُ اللَّهُ
سَيِّئَاتِهِمْ حَسَنَاتٍ ۗ وَكَانَ اللَّهُ غَفُورًا رَّحِيمًا ﴿٧١﴾

# തൗബയുടെ നിബന്ധനകൾ

**തൗബയുടെ (പശ്ചാത്താപത്തിന്റെ)**
**ഒന്നാമത്തെ നിബന്ധന**

മനുഷ്യൻ തന്റെ കഴിഞ്ഞു പോയ തിന്മകളെക്കുറിച്ചോർക്കുകയും അവ കൺമുന്നിൽ കൊണ്ടു വന്ന് നന്നേ ലജ്ജിക്കുകയും വേണം.

**രണ്ടാമത്തെ നിബന്ധന**

മുൻ ബാധ്യതകൾ എത്രയെല്ലാം അവശേഷിച്ചിട്ടുണ്ടോ അവയിൽ നിറവേറ്റാൻ കഴിയുന്നവ നിറവേറ്റാൻ ശ്രമിക്കുക. ഉദാഹരണത്തിന്, നല്ല ശേഷിയുള്ള ആളാണ്, എന്നാൽ ഹജ്ജ് ചെയ്തിട്ടുമില്ല എങ്കിൽ ഇപ്പോൾ ഹജ്ജ് ചെയ്യുക. സക്കാത്ത് നൽകിയിട്ടില്ലായെങ്കിൽ മുഴുവൻ ആയുസ്സിന്റെ കാര്യം പോകട്ടെ. ആ വർഷത്തെ സക്കാത്ത് നൽകുക.

**മൂന്നാമത്തെ നിബന്ധന**

മുൻപുണ്ടായിരുന്ന തിന്മകളിൽ തിരുത്താൻ സാധ്യമാവുന്നവ തിരുത്താനായി ശ്രമിക്കുക. ഉദാഹരണത്തിന്; ആരുടെയെങ്കിലും പോത്തിനെ മോഷ്ടിച്ച് കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അതിനെ തിരിച്ചേൽപ്പിക്കുക.

**നാലാമത്തെ നിബന്ധന**

ഏതെങ്കിലുമൊരു വ്യക്തിക്ക് വിഷമമുണ്ടാക്കിയിട്ടുണ്ടെങ്കിൽ അതിനെ പരിഹരിക്കുന്നതിന് പുറമേ അയാളോട് മാപ്പ് ചോദിക്കുക.

അല്ലാഹു ദാസരുടെ പാപങ്ങളെ മാപ്പാക്കുവാൻ വേണ്ടി വെച്ചിരിക്കുന്ന ഈ നിബന്ധന അതിസൂക്ഷ്മമായ ഒരാത്മീയ വിഷയമാണ്. അതായത് ദാസൻ അവരെക്കുറിച്ച് ദാസരോട് തന്നെ മാപ്പപേക്ഷിക്കുക.അവർ മാപ്പാക്കിയെങ്കിൽ അല്ലാഹു അവരെ പിടിക്കുകയില്ല.

ശിബ്‌ലി എന്ന ഒരു മഹാത്മാവ് ഉണ്ടായിരുന്നു. അദ്ദേഹം അബ്ബാസിയ്യ ഖിലാഫത്തിന്റെ കാലത്ത് ഒരു മേഖലയിലെ ഗവർണ്ണറായിരുന്നു. ഒരിക്കൽ ഏതോ കാര്യത്തെക്കുറിച്ച് രാജാവിനോട് കൂടിയാലോചിക്കാൻ വേണ്ടി അദ്ദേഹം ബാഗ്ദാദിലെത്തി. അതേ ദിവസം തന്നെ വലിയൊരു ജനറൽ ഇറാൻ ദൗത്യത്തിൽ വിജയിയായി തിരിച്ച് വരികയും രാജാവ് അദ്ദേഹത്തെ ആദരിക്കുന്നതിനായി പ്രത്യേകം സഭ വിളിച്ച് കൂട്ടുകയും ചെയ്തു. അദ്ദേഹത്തിന് അഭിമാനപുരസ്കാരമായി സമ്മാന വസ്ത്രം നൽകി ആദരിക്കാൻ തീരുമാനിച്ചു. യാദൃശ്ചികമായി അദ്ദേഹത്തിന് അന്ന് ജലദോഷത്തിന്റെ ബുദ്ധിമുട്ടുണ്ടായിരുന്നു. അദ്ദേഹത്തിന് സമ്മാന വസ്ത്രം നൽകപ്പെടുകയും മുകളിൽ നാല് ഭാഗത്ത് നിന്നും പൂക്കൾ വർഷിക്കാൻ തുടങ്ങുകയും ചെയ്തു. അദ്ദേഹത്തിന് തുമ്മൽ വന്നു. മൂക്കിൽ നിന്നും വെള്ളമൊലിച്ചു. ഉടനെ അദ്ദേഹം തന്റെ കീശയിൽ കൈയിട്ടെങ്കിലും തുവ്വാലയുണ്ടായിരുന്നില്ല. അതിൽ പരിഭ്രാന്തനായി അദ്ദേഹം അതേ സമ്മാന വസ്ത്രം കൊണ്ട് തന്നെ മൂക്ക് വൃത്തിയാക്കി.രാജാവ് അതുകണ്ടു. വളരെ കോപിഷ്ഠനായിക്കൊണ്ട് കൽപിച്ചു. ഈ വ്യക്തി നമ്മുടെ സമ്മാന വസ്ത്രത്തെ അവമതിച്ചിരിക്കുന്നു. ഇയാളുടെ സമ്മാനവസ്ത്രം അഴിച്ച് മാറ്റുക. എന്നിട്ട് കൊട്ടാര സദസ്സിൽ നിന്നും പുറത്താക്കുക. അങ്ങനെ അദ്ദേഹത്തിന്റെ സമ്മാനവസ്ത്രം (അഭിമാനപട്ടം)അഴിച്ച് മാറ്റപ്പെട്ട് നിന്ദ്യനാക്കി രാജസദസ്സിൽ നിന്നും പുറത്താക്കപ്പെട്ടു. ഈ കാഴ്ചയെല്ലാം കണ്ടുകൊണ്ടിരുന്ന ശിബ്‌ലി (റ) ക്ക് പെട്ടെന്ന് തുമ്മൽ വന്നു. അദ്ദേഹം പൊട്ടിക്കരയാൻ തുടങ്ങി. രാജാവ് അതിശയത്തോടെ ചോദിച്ചു. ഇതിപ്പോൾ കരയേണ്ടുന്ന എന്തവസരമാണ്. ഞാൻ ജനറലിനോടാണല്ലോ ദേഷ്യപ്പെട്ടത്. നിങ്ങളെന്തിനാണ് വെറുതെ കരയുന്നത്. അദ്ദേഹം എഴുന്നേറ്റ് പറയാൻ തുടങ്ങി. തിരുമനസ്സ് എന്റെ രാജി സ്വീകരിക്കണം. രാജാവ് വീണ്ടും ചോദിച്ചു. രാജി വെക്കേണ്ട അവസരമെന്താണിപ്പോൾ. അദ്ദേഹം പറഞ്ഞു രാജാവേ, രണ്ടു വർഷം മുമ്പ് ഈ വ്യക്തി അപകടകരമായ ഒരു ദൗത്യത്തിനായി അയക്കപ്പെട്ടതായിരുന്നു. രാവും പകലും ഇദ്ദേഹം ശത്രുക്കളോടേറ്റുമുട്ടിക്കൊണ്ടിരുന്നു. ഓരോ ദിവസവും മരണം അദ്ദേഹത്തിന്റെ തലയ്ക്ക് മുകളിൽ വട്ടം കറങ്ങി കൊണ്ടിരുന്നു. ഇദ്ദേഹം ഭാര്യ വിധവയാകുമോ എന്ന ഭയത്തോടെയാണ് ഓരോ രാത്രിയും ഉറങ്ങിയിരുന്നത്. വീട്ടിൽ നിന്ന് പുറത്താക്കപ്പെട്ടവനേയും നാട്ടിൽ നിന്ന് നാട് കടത്തപ്പെട്ടവനെയും പോലെ കഴിഞ്ഞു. കാട്ടിൽ തള്ളപ്പെട്ടവനായി പ്രയാസങ്ങളും വേദനകളും സഹിച്ച് കൊണ്ടിരുന്നു. ഒടുവിൽ വിജയിയായി തിരിച്ച് വന്നു. അങ്ങ് അദ്ദേഹത്തിന്റെ വരവിന്റെ സന്തോഷത്തിൽ ഈ സഭ സംഘടിപ്പിക്കുകയും അദ്ദേഹത്തിന് കുറച്ച് മുഴം തുണി സമ്മാന വസ്ത്രമായി നൽകുകയും ചെയ്തു. എന്നാൽ ആ വസ്ത്രം കൊണ്ട് അദ്ദേഹം മൂക്ക് വൃത്തിയാക്കിയപ്പോൾ അങ്ങദ്ദേഹത്തെ കൊട്ടാരസദസ്സിൽ നിന്നും പുറത്താക്കി അദ്ദേഹത്തിന്റെ സമ്മാനവസ്ത്രം തിരിച്ചെടുത്തു. ഈ കാഴ്ച കണ്ടു കൊണ്ട് ഞാൻ ആലോചിക്കുന്നതെന്തെന്നാൽ കുറച്ച് മുഴം വസ്ത്രത്തോടുള്ള അപമാനം അങ്ങേക്ക് സഹിക്കാൻ കഴിഞ്ഞില്ല. അപ്പോഴെനിക്ക് കോടാനുകോടി പാരിതോഷികങ്ങൾ നൽകിയ എന്റെ ദൈവം, അവന്റെ അനുഗ്രഹങ്ങൾ ദിവസവും ഞാൻ അവമതിക്കുന്നുണ്ട്. ഖിയാമത്ത് നാളിൽ അവനെന്നോട് എങ്ങനെയായിരിക്കും പെരുമാറുക. ഞാൻ ഈ പദവിയിൽനിന്നും വിട്ട് നിൽക്കുകയാണ്. എന്റെ രാജി സ്വീകരിച്ചാലും. ഇനി ഞാനെന്റെ ശിഷ്ടജീവിതം അല്ലാഹുവിന്റെ ആരാധനയിൽ കഴിച്ച് കൂട്ടുന്നതാണ്. അങ്ങനെ അദ്ദേഹം രാജി നൽകിക്കൊണ്ട് അവിടം വിട്ട് പോയി. പിന്നീട് അദ്ദേഹം തന്റെ പാപങ്ങൾ മാപ്പാക്കുന്നതിനായി പല പുണ്യാത്മാക്കളുടെയും അടുത്ത് പോയി. എന്നാൽ ഇദ്ദേഹം അത്രമാത്രം അക്രമിയും, ദുഷ്കീർത്തിയുമുള്ള ആളായിരുന്നതിനാൽ ആരും തന്നെ അദ്ദേഹത്തിന്റെ ബൈഅത്ത് സ്വീകരിക്കാൻ ധൈര്യം കാണിച്ചില്ല. ഒടുവിൽ അദ്ദേഹം ഹദ്റത്ത് ജുനൈദ് (റ)ന്റെ അടുക്കലെത്തി. അദ്ദേഹം പറഞ്ഞു. നിന്റെ പശ്ചാത്താപം സ്വീകരിക്കാം. എന്നാൽ ഒരു നിബന്ധനയുണ്ട്, അതായത് നീ മുമ്പ് ഗവർണറായിരുന്ന അതേ പട്ടണത്തിൽ തിരിച്ച് ചെന്ന് അവിടെയുള്ള ഓരോ വാതിൽക്കലും ചെന്ന് ജനങ്ങളോട് തെറ്റിന് മാപ്പ് ചോദിക്കണം. എന്നിട്ട് എല്ലാവരിൽ നിന്നും മാപ്പ് കിട്ടിക്കഴിഞ്ഞാൽ പിന്നെ എന്റെ അടുക്കൽ വരിക. അങ്ങനെ അയാൾ വീട് വീടാന്തരം കയറിയറങ്ങി ജനങ്ങളോട് മാപ്പ് ചോദിക്കാൻ തുടങ്ങി. ആദ്യമൊക്കെ ജനങ്ങൾ മനസ്സിലാക്കിയത് ഇത് ചടങ്ങിന് വേണ്ടിയുള്ള ഒരു മാപ്പപേക്ഷയാണെന്നാണ്. പിന്നീട് ശിബ്‌ലി(റഹ്) മാപ്പ് ചോദിക്കുകയും തന്റെ തെറ്റുകളിൽ ലജ്ജിച്ച് കണ്ണുനീർ ഒഴുക്കുകയും ചെയ്യുന്നതായി കണ്ടപ്പോൾ അവർക്ക് മനസ്സിലായി ഇന്ന് ഈ വ്യക്തിയുടെ ഹൃദയത്തിലും പരമകാരുണികനായ ദൈവത്തിന്റെ ആധിപത്യം സ്ഥാപിതമായിരിക്കുന്നു. ആയതിനാൽ പിന്നീട് അദ്ദേഹം മാപ്പ് ചോദിക്കുമ്പോൾ ജനങ്ങൾ , താങ്കളെന്തിനാണ് ഞങ്ങളെ നാണം കെടുത്തുന്നത്. താങ്കൾ ഞങ്ങളുടെ ആദരണീയനായ വ്യക്തിയാണല്ലോ എന്ന് പറയുന്ന അവസ്ഥയായി.

ചുരുക്കത്തിൽ അങ്ങ നെ അദ്ദേഹം ഓരോ വീടും കയറിയിറങ്ങി മാപ്പ് വാങ്ങി. എന്നിട്ട് ഹദ്റത്ത് ജുനൈദ് (റഹ്)ന്റെ അടുക്കൽ വന്നു. അദ്ദേഹം ശരിക്കും തൗബ ചെയ്തിരിക്കുന്നുവെന്ന് കണ്ടപ്പോൾ ഹദ്റത്ത് ജുനൈദ് (റഹ്) അദ്ദേഹത്തിന്റെ ബൈ അത്ത് സ്വീകരിക്കുകയും പിന്നീട് അദ്ദേഹം എത്രത്തോളം അഭിവൃദ്ധി പ്രാപിച്ചുവെന്നാൽ ഇന്ന് ശിബ്‌ലി(റഹ്)യും ഉമ്മത്തിലെ ഔലിയാക്കളിൽപ്പെട്ട ഒരാളായി ഗണിക്കപ്പെടുന്നു.

അതുകൊണ്ട് തൗബയ്ക്ക് (പശ്ചാത്താപത്തിന് ) അത്യാവശ്യമായി വേണ്ട ഒരു നിബന്ധന - ആർക്കെല്ലാമാണോ എന്തങ്കിലുമൊക്കെ പ്രയാസങ്ങൾ ഏൽപിച്ചിട്ടുള്ളത് അവരുടെ തൃപ്തി കരസ്ഥമാക്കാൻ പറ്റുമെങ്കിൽ അവരോട് മാപ്പ് ചോദിക്കുക. എന്നാൽ അല്ലാഹു വളരെയധികം ന്യൂനതകൾ മറച്ചുവെക്കുന്നവനാണ്. വലിയ വലിയ പോരായ്മകൾക്ക് അവൻ മറയിടുന്നു എന്ന കാര്യം ഓർമ്മ വെക്കേണ്ടതുമാണ്.

അതിനാൽ മനുഷ്യൻ സ്വന്തം ന്യൂനതകൾ മറച്ചുവെക്കുകയും അല്ലാഹു മൂടിവെച്ചിട്ടുള്ള തിന്മകളെ സ്വയം വെളിപ്പെടുത്താതിരിക്കുകയും ചെയ്യേണ്ടതാണ്..........ആരെയെങ്കിലും ചീത്ത വിളിക്കുകയോ അല്ലെങ്കിൽ ആരെയെങ്കിലും മർദ്ദിക്കാൻ ഒരുങ്ങുകയോ ചെയ്യുകയാണെങ്കിൽ അതിനെക്കുറിച്ച് മറ്റുള്ളവർക്ക് കൂടി അറിവുണ്ടാകുന്നു. ഇത്തരം തെറ്റുകൾ തിരുത്തുകയും ആർക്കാണോ വിഷമം നൽകിയിട്ടുള്ളത് അവരോട് മാപ്പപേക്ഷിക്കുകയും ചെയ്യേണ്ടതാണ്.

**അഞ്ചാമത്തെ നിബന്ധന**

ആർക്കൊക്കെയാണോ നഷ്ടം വരുത്തിയിരിക്കുന്നത് അവരോട് ഭാവിയിൽ എല്ലായ്പ്പോഴും ഔദാര്യം കാണിക്കുക. ഇനി ഒന്നും ചെയ്യാൻ സാധിക്കുന്നില്ലായെങ്കിൽ അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.................

**ആറാമത്തെ നിബന്ധന**

മേലിൽ ഞാനിനി ഒരു തെറ്റും ചെയ്യുകയില്ല എന്ന് മനസ്സിൽ പ്രതിജ്ഞയെടുക്കുക.

***ഏഴാമത്തെ നിബന്ധന***

ഇനിയുള്ള എല്ലാവിധ സൽപ്രവൃത്തികളിലും ഹൃദയാത്മനാ ഭാഗഭാക്കാകാൻ സാധിക്കുന്നതിനായി മനുഷ്യൻ മനസ്സിനെ നന്മയിലേക്ക് താൽപര്യമുള്ളതാക്കാൻ ശ്രമം ആരംഭിക്കുകയും ഹൃദയത്തെ പരിശുദ്ധമാക്കി വെയ്ക്കാൻ ശ്രമിക്കുകയും വേണം.

ഈ ഏഴ് കാര്യങ്ങളും പശ്ചാത്താപത്തിന് അനിവാര്യമാണ്. ഈ എല്ലാ നിബന്ധനകളും ഉണ്ടാകാത്തിടത്തോളം ഒരു തൗബയും പൂർണമാണെന്ന് പറയാൻ സാധിക്കുകയില്ല. തഫ്സീർ കബീർ വാള്യം 6 (പേജ് 577 - 579)

*ആശയാനുവാദം - കെ. നജ്മുദ്ദീൻ മുറിയക്കണ്ണി*

## ഇമാമുസമാന്റെ ഫത്‌വകൾ



## വലീമ

നിക്കാഹ് കഴിക്കുന്നവൻ വിവാഹം കഴിച്ചതിനു ശേഷം വലീമ നൽകണമെന്നാണ് ശരിഅത്തിലുള്ള നിർദ്ദേശം. അതായത് കുറച്ച് സുഹൃത്തുക്കൾക്ക് ഭക്ഷണം നൽകുകയെന്നതാണ്.

(ഫത്താവാ അഹ്മദിയ്യ-വാള്യം -2 പേജ് -10)

## മഹറിന്റെ പരിധി

**ചോദ്യം: മഹറിന്റെ പരിധി എത്രയായിരിക്കണം?**

**ഉത്തരം:**മഹർ രണ്ട് വിഭാഗക്കാരുടെയും തൃപ്തിയിലാണ് നിശ്ചയിക്കുന്നതെങ്കിൽ പിന്നെ ആർക്കും ആക്ഷേപം ഉണ്ടാകുകയില്ല. ശരീഅത്തിന്റെ അടിസ്ഥാനത്തിലുള്ള മഹർ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഹദീസിലും, ഖുർആനിലും ഇതിനു എന്തെങ്കിലും പരിധി നിശ്ചയിച്ചിട്ടുണ്ട് എന്നല്ല. മറിച്ച് അക്കാലത്തെ ആളുകളുടെ രീതിയനുസരിച്ച് മഹർ നിശ്ചയിക്കേണ്ടതാണ്. നമ്മുടെ നാട്ടിലെ ഒരു തെറ്റായ രീതിയെന്നു പറയുന്നത്, തികച്ചും കാണിക്കാൻ വേണ്ടിയും, പുരുഷൻ ഭയപ്പെട്ട് ക്കൊണ്ട് തങ്ങളുടെ നിയന്ത്രണാധീനതയിൽ നിലകൊള്ളുന്നതിനുവേണ്ടിയും ലക്ഷം ലക്ഷം രൂപ മഹർ നിശ്ചയിക്കുന്നു. സ്ത്രീക്ക് അത് വാങ്ങുകയെന്ന ഉദ്ദേശ്യമോ പുരുഷനു അത് കൊടുക്കാനുള്ള താൽപര്യമോ ഉണ്ടായിരിക്കുകയില്ല. തികച്ചും കാണിക്കാൻ വേണ്ടിയായിരിക്കും അങ്ങനെ ചെയ്യുന്നത്. അതിന്റെ അന്തിമ ഫലം വളരെ മോശമായിരിക്കും.

എന്റെ അഭിപ്രായത്തിൽ അത്തരം കേസുകളിൽ ഉദ്ദേശ്യശുദ്ധി നോക്കേണ്ടതാണ്. ഏത് വരെ സ്വന്തം തൃപ്തിയിലും, അല്ലെങ്കിൽ ഭയത്താലുമാണോ, ഇത്ര മഹർ നിശ്ചയിച്ചിരിക്കുന്നത് എന്ന കാര്യം വ്യക്തമാകുന്നത് വരെ നിശ്ചയിച്ച മഹർ കൊടുപ്പിക്കരുത്. അവന്റെ നിലവാരവും സമൂഹത്തിലെ പൊതുവായ രീതിയും അനുസരിച്ച് തീരുമാനം കൽപ്പിക്കേണ്ടതാണ്. കാരണം, ദുരുദ്ദേശ്യത്തെ അനുസരിക്കുകയെന്നത് ശരീഅത്തിനും, നിയമത്തിനും എതിരാണ്.

**ചോദ്യം:എന്റെ ഭാര്യ മരിച്ചു പോയിരിക്കുന്നു. ഞാൻ അവൾക്ക് മഹർ കൊടുത്തിട്ടുമില്ല, അവളെക്കൊണ്ട് മാപ്പാക്കിച്ചിട്ടുമില്ല. ഇനി എന്താണ് ചെയ്യേണ്ടത്?**

**ഉത്തരം:** മഹർ അവളുടെ വിട്ടുപോയ സ്വത്താണ്. അത് താങ്കൾ കൊടുത്തുവീട്ടേണ്ട കടമാകുന്നു. അതിന്റെ രീതി ഇപ്രകാരമാണ്, മഹർ മറ്റു സ്വത്തുക്കളുടെ കൂടെ ശരീഅത്ത് പരമായി വീതിച്ചുനൽകേണ്ടതാണ്. ഇതിൽ ഒരു ഭാഗം ഭർത്താവിനും ഉണ്ട്. അവളുടെ പേരിൽ സദഖ നല്കുകയെന്നതാണ് മറ്റൊരു രീതി.

**ചോദ്യം:ഒരു സ്ത്രീ അവളുടെ മഹർ മാപ്പാക്കുന്നില്ല.**

**ഉത്തരം:** ഇത് സ്ത്രീയുടെ അവകാശമാണ്. ഇത് അവൾക്ക് നൽകേണ്ടതാണ്. ഒന്നാമതായി നിക്കാഹിന്റെ സമയത്ത് തന്നെ നൽകുകയെന്നതാണ്. അല്ലെങ്കിൽ പിന്നീട് നൽകേണ്ടതാണ്. പഞ്ചാബിലും, ഇന്ത്യയിലും മരിക്കുന്ന സമയത്ത് അല്ലെ ങ്കിൽ അതിനു മുമ്പായി ഭർത്താവിനു ഭാര്യ മഹർ മാപ്പാക്കികൊടുക്കുന്ന ഒരു സമ്പ്രദായം ഉണ്ട്. ഇത് ഒരു ആചാരം മാത്രമാണ്.

## ത്വലാഖ് തികച്ചും അനിഷ്ടകരം

അല്ലാഹുവും,അവന്റെ റസൂലും അനുവദിക്കപ്പെട്ട കാര്യങ്ങളിൽ വെച്ചേറ്റവും അനിഷ്ഠകരമായ പ്രവർത്തിയായി നിശ്ചയിച്ചിരിക്കുന്നത് ത്വലാഖിനെയാണ്. ഇത് വളരെ നിർബന്ധ സാഹചര്യങ്ങളിൽ മാത്രം വെച്ചിട്ടുള്ള കാര്യമാകുന്നു. പ്രപഞ്ചനാഥനായ അല്ലാഹു പാമ്പുകൾക്കും, തേളുകൾക്കും ഭക്ഷണം ഒരുക്കിയിരിക്കുന്നതു പോലെ, വളരെ താഴ്ന്ന നിലവാരത്തിൽ നിലകൊള്ളുന്നവരും, തങ്ങളെ നിയന്ത്രിക്കാൻ സാധിക്കാത്തവരുമായ മനുഷ്യർക്കും വേണ്ടിയാണ് ത്വലാഖ് വെച്ചിട്ടുള്ളത്. ഇങ്ങനെ ഭാവിയിൽ ത്വലാഖ് ആകാത്തതിന്റെ ഫലമായി ഉണ്ടാകാവുന്ന വിഷമങ്ങളിൽ നിന്നും, ബുദ്ധിമുട്ടുകളിൽ നിന്നും രക്ഷ നേടുന്നതിനാണ് ത്വലാഖ് വെച്ചിട്ടുള്ളത്. ചില സമയങ്ങളിൽ മറ്റുള്ളവർക്കും ത്വലാഖല്ലാതെ മറ്റു പോംവഴികളൊന്നും കാണാൻ കഴിയാത്ത അനിവാര്യമായ സന്ദർഭങ്ങളും സംജാതമാകാറുണ്ട്. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം നിർദ്ദേശിക്കുന്ന ഇസ്ലാം, ത്വലാഖും നിശ്ചയിച്ചിരിക്കുന്നു. കൂടാതെ അതിനെ അനിഷ്ഠകരമാക്കുകയും ചെയ്തിരിക്കുന്നു.

(ഫത്താവാ അഹ്മദിയ്യാ-വാള്യം 2- പേജ് -10)

*വിവ: മുഹമ്മദ് നജീബ് ഖാൻ*

# കർമശാസ്ത്രം

## ജനാസ ഗാഇബ്

ഏതെങ്കിലുമൊരു ആരാധനാ കർമ്മം അനുവദനീയമാകണമെങ്കിൽ, ശരീഅത്തിൽ അതിന് ഒന്നിലധികം തവണ തെളിവുണ്ടായിരിക്കണം എന്നില്ല. നബിതിരുമേനി (സ) ദീനുമായി ബന്ധപ്പെട്ട ഒരു പ്രവൃത്തി ഒരു പ്രാവശ്യം മാത്രം ചെയ്താലും കാലത്തിന്റെ ഇമാം ആ തെളിവിന്റെ അടിസ്ഥാനത്തിൽ ആ പ്രവൃത്തിയെ സ്ഥിരമാക്കുകയാണെങ്കിൽ അത് ശരീഅത്തിന്റെ നിബന്ധനകൾക്കനുസരിച്ചും കർമ്മശാസ്ത്രത്തിന്റെ നിയമങ്ങൾക്കനുസരിച്ചും ആ പ്രവൃത്തി അനുവദനീയമായിരിക്കും. ഈ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് അഹ്മദിയ്യാ ജമാഅത്ത് ജനാസ ഗാഇബിനെ പ്രോൽസാഹിപ്പിക്കുന്നത്. നബി (സ) തിരുമേനി അബിസീനിയയിലെ നജ്ജാശി രാജാവിന്റെ ജനാസ നമസ്ക്കരിച്ചു. നജ്ജാശിയുടെ ഭൗതിക ശരീരം അപ്പോൾ അങ്ങയുടെ മുമ്പിലില്ലായിരുന്നു.

മുസ്നദ് അഹ്മദ് ബിൻ ഹംബലിൽ ഇപ്രകാരം രിവായത്ത് കാണാം. നബി(സ) തിരുമേനി സഹാബാക്കൾക്ക് നജ്ജാശിയുടെ മരണവിവരം അറിയിച്ച് കൊണ്ട് അദ്ദേഹത്തിന്റെ പാപപ്പൊറുതിക്ക് വേണ്ടി ദുആ ചെയ്യാനായി അവരോട് പറഞ്ഞു. ശേഷം സഹാബിമാരോടൊന്നിച്ച് ജനാസ നമസ്കരിക്കുന്ന സ്ഥലത്തെത്തുകയും ഭൗതിക ശരീരം മുന്നിൽ വെച്ച് നമസ്ക്കരിക്കുന്നത് പോലെ നമസ്ക്കരിക്കുകയും ചെയ്തു. തിർമിദിയും ഈ ഹദീസ് രിവായത്ത് ചെയ്തിരിക്കുന്നു.

മറ്റൊരു നിവേദനത്തിൽ ഇപ്രകാരം വരുന്നു. നബി(സ) സ്വദേശത്ത് നിന്ന് മറ്റെവിടേക്കോ പോയ സമയത്താണ് ഉമ്മെ സഅദ് (റ) വഫാത്തായത്. ഒരു മാസം കഴിഞ്ഞാണ് അങ്ങ് തിരിച്ചെത്തിയത്. മരണ വിവരം അറിഞ്ഞയുടനെ അങ്ങ് ജനാസ നമസ്ക്കരിക്കുകയും ചെയ്തു.

പ്രസിദ്ധ ഹദീസ് ഗ്രന്ഥം കശ്ഫുൽ ഗുമായിൽ ഇത് രേഖപ്പെട്ടതായി കാണാം.

മറ്റൊരു നിവേദനം ഇപ്രകാരമാണ്. മദീനയിലെ വിദൂര പ്രദേശങ്ങളിലുള്ള ആരെങ്കിലും വഫാത്തായാൽ അങ്ങ് അവരുടെ ജനാസ നമസ്ക്കരിക്കുമായിരുന്നു.

കർമ്മശാസ്ത്രത്തിലെ പ്രഗൽഭ പണ്ഡിതന്മാരായ ഇമാംശാഫീ(റഹ്) ഇമാം അഹ്മദ് ബിൻ ഹംബൽ മറ്റു മുൻകഴിഞ്ഞ മഹാത്മാക്കളിൽ പലരും ജനാസ ഗാഇബ് നമസ്കരിക്കുന്നവരിൽ പെട്ടവരായിരുന്നു. പ്രസിദ്ധ ഹദീസ് പണ്ഡിതൻ ഇബ്നു ഹസം എഴുതുന്നു. ജനാസ ഗാഇബിനെ നിരോധിച്ചിരുന്ന ഒരു സഹാബിയും ഉണ്ടായിട്ടില്ല. ഇമാം ശാഫി പറയുമായിരുന്നു. ജനാസ നമസ്ക്കാരം ഒരു ദുആയാണ്. എന്നാൽ മയ്യത്ത് ആ സ്ഥലത്ത് ഇല്ലായെങ്കിലും ആ മയ്യത്തിന് ദുആ എന്തു കൊണ്ട് അനുവദനീയമല്ല.

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു. ജനാസയിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്ക് സ്വയം ദുആ ചെയ്യുകയും അല്ലെങ്കിൽ ജനാസ ഗാഇബ് നമസ്ക്കരിക്കുകയും ചെയ്യാവുന്നതാണ്.

അതുകൊണ്ട് തന്നെ ചുവടെ ചേർത്തിരിക്കുന്ന വിധത്തിലാണെങ്കിൽ ജനാസ ഗാഇബ് അനുവദനീയമാണ്.

1. വഫാത്തായിരിക്കുന്നയാൾ ഉന്നതനായിരിക്കുകയും കേന്ദ്രം അദ്ദേഹത്തിന്റെ ജനാസ ഗാഇബിന് അനുവാദം നൽകിയിരിക്കുകയും വേണം.
2. വഫാത്തായ അവസരത്തിൽ ജനാസയ്ക്കായി ആരുമില്ലാത്ത അവസ്ഥയോ അല്ലെങ്കിൽ വളരെ കുറഞ്ഞ ആളുകളാണ് ഉണ്ടായിരുന്നതെങ്കിലോ പ്രാദേശിക ജമാഅത്തിന് ഐക്യകണ്ഠേന തിരുമാനിക്കാം.
3. കാലത്തിന്റെ ഇമാം ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ ഏതെങ്കിലും പരേതന്റെ ജനാസ ഗാഇബിന് ആഹ്വാനം ചെയ്യുകയാണെങ്കിൽ അത് നടപ്പിലാക്കേണ്ടതാണ്.

*(അവ.ഫിഖ്ഹ് അഹ്മദിയ്യാ)*
*ആശയാനുവാദം: എൻ.ശഫീഖ് അഹ്മദ്.*

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)






# ലാ യശ്ഖാ ജലീസഹും

## അവരുടെ കൂടെ ഇരിക്കുന്നവരും നിർഭാഗ്യവാന്മാരല്ല

റസൂൽ തിരുമേനി (സ) ഒരിക്കൽ ദൈവസ്മരണ നടത്തുന്നവരുടെ ചില സംഭവങ്ങൾ ഉദാഹരണ മായി വിവരിക്കുകയുണ്ടായി. ഒരിക്കൽ മാത്രമല്ല, മറിച്ച് ആവർത്തിച്ചാവർത്തിച്ച് നബി (സ) ഇത്ത രത്തിലുള്ള സംഭവങ്ങൾ വിവരിച്ചിട്ടുണ്ട്. അതിൽ നിന്നുള്ള ഒന്ന് ഞാൻ നിങ്ങളുടെ മുമ്പാകെ വെക്കുകയാണ്. നബി(സ) പറഞ്ഞു: അല്ലാഹു വിന്റെ മലക്കുകൾ ലോകത്ത് സംഭവിക്കുന്ന എല്ലാത്തിനേയും സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് വെക്കുകയും അത് അല്ലാഹുവിന്റെ സന്നിധിയിൽ സമർപ്പിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ നിയോഗിതനായ ഒരു മലക്ക് അല്ലാഹുവിനോട് പറഞ്ഞു, അല്ലാഹുവേ! ഇന്ന സമയത്ത് ഇന്ന സ്ഥലത്ത് നിന്നെ സ്മരിക്കുന്ന തിനു മാത്രമായി കുറച്ചുപേർ ഒരുമിച്ച് കൂടിയി രുന്നു. ഞാൻ അവരെ നിരീക്ഷിച്ച് കൊണ്ടിരുന്ന നേരമത്രയുംതന്നെ നിന്നെ സ്മരിച്ചുകൊണ്ട് നിന്റെ സ്നേഹത്തെ സംബന്ധിച്ചുള്ള കാര്യങ്ങ ളിൽ മാത്രമാണ് അവർ മുഴുകിയിരുന്നത്. ഇക്കാര്യം ആ മലക്ക് അല്ലാഹുവിന്റെ മുന്നിൽ സമർപ്പിച്ചപ്പോൾ അല്ലാഹു പറഞ്ഞു: ഞാൻ അവരുടെ എല്ലാ തെറ്റുകളും ക്ഷമിച്ചിരിക്കുന്നു. അവർക്ക് പാപപ്പൊറുതിയുടേയും സ്വർഗ്ഗത്തി ന്റേയും സുവാർത്ത നൽകുകയും ചെയ്യുന്നു. തദവസരത്തിൽ പ്രസ്തുത മലക്ക് പറഞ്ഞു, അല്ലാഹുവേ! ആ സദസ്സിൽ ചില യാത്രക്കാരുമു ണ്ടായിരുന്നു. അവർ ഒരു സദസ്സ് കണ്ടപ്പോൾ വിശ്രമിക്കാനെന്ന നിലയിൽ അവിടെ തങ്ങിയ തായിരുന്നു. ദൈവസ്മരണ അവരുടെ ഉദ്ദേശ്യ മായിരുന്നില്ല. അവരും ഈ സുവാർത്തയിൽ ഉൾപ്പെടുമോ? അല്ലാഹു പറഞ്ഞു, അതെ അവരും ഉൾപ്പടുന്നതാണ്. കാരണം ദൈവത്തെ സ്മരിക്കുന്നവരുടെ സമീപത്തിരിക്കുന്നവർക്കും അവരിൽ നിന്നുള്ള അനുഗ്രഹം കരസ്ഥമാകു ന്നതാണ്. അവരുടെ സമീപത്തിരിക്കുന്നവർ പോലും അനുഗ്രഹത്തിൽ നിന്ന് പിന്തള്ളപ്പെടു ന്നതല്ല.

ഇതിന്റെ ഫലമായി ഈ ഹദീഥ് കേൾക്കുന്ന അധികം പേരും ചിന്തിക്കുന്നത്, നല്ലവരുടെ സഹവാസം കരസ്ഥമാക്കേണ്ടതാണ് എന്നാണ്. എന്നാൽ ഈ ഹദീഥിൽ ഗോപ്യമായിട്ടുള്ള സന്ദേശത്തെ മനസ്സിലാക്കുന്നില്ല. ആ സന്ദേശം ഇതാണ്, അഥവാ നിങ്ങൾ യഥാർത്ഥത്തിൽ അല്ലാഹുവിനെ സ്മരിക്കുന്നവരും അവനെ സ്നേഹിക്കുന്നവരുമാണെങ്കിൽ എപ്പോഴും നിങ്ങ ളുടെ അനുഗ്രഹം നിങ്ങളുടെ അനുചരന്മാർക്ക് ലഭിച്ചുകൊണ്ടിരിക്കേണ്ടതാണ്.

ദൈവത്തെ സ്മരിക്കുന്ന വ്യക്തിയാണെങ്കിൽ അവന്റെ അനുചരൻ അതിൽ നിന്നും ഒരിക്കലും പിന്തള്ളപ്പെടുന്നതല്ല എന്നത് പ്രകൃതി നിയമമാ കുന്നു. ഇക്കാരണം കൊണ്ടുതന്നെയാണ് വിശുദ്ധ ഖുർആൻ പറയുന്നത്: അല്ലയോ മുഹ മ്മദ് (സ) യിൽ വിശ്വസിക്കുന്നവരേ, നിങ്ങൾ മനു ഷ്യകുലത്തിനായി എഴുന്നേൽപിക്കപ്പെട്ട ഏറ്റവും ഉത്തമ സമുദായമാകുന്നു. എന്നാൽ **ഉഖ്രിജത്ത് ലിന്നാസ്** നിങ്ങൾ ഉത്തമ സമുദായമാക്കപ്പെട്ടിട്ടു ള്ളത് മനുഷ്യകുലത്തിന് നന്മ ചെയ്യുന്നതിനായി ട്ടാണ് സൃഷ്ടിച്ചിരിക്കുന്നത് എന്ന കാരണത്താ ലാണ്. അതിനാൽ നിങ്ങളുടെ നന്മയും മഹ ത്വവും നിങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല, മറിച്ച് മനുഷ്യസമൂഹത്തിലേക്കും അത് പടർന്നു കൊ ണ്ടിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ ലോകത്തിന് നന്മ ചെയ്യുന്ന ജോലി ഉപേക്ഷിക്കുകയാണെ ങ്കിൽ ഉത്തമ സമുദായമായിരിക്കില്ല. ഒരു പ്രവാ ചകനെ സ്വീകരിച്ചു എന്നത് കൊണ്ടല്ല നിങ്ങൾ ഉത്തമസമുദായമായത്, പ്രത്യുത ആ പ്രവാച കന്റെ അനുഗ്രഹഫലമായി നിങ്ങൾ മുഴുവൻ മനുഷ്യകുലത്തിനും പ്രയോജനം എത്തിക്കുന്ന വരായിത്തീർന്നു എന്നതിനാലാണ്..........അവർ നിങ്ങളെ അനുസരിക്കുകയോ അനുസരിക്കാതി രിക്കുകയോ ചെയ്യട്ടെ. അവർ നിങ്ങളോട് നല്ല നിലയിൽ പെരുമാറുകയോ പെരുമാറാതിരിക്കു കയോ ചെയ്യട്ടെ. നിങ്ങൾ അവരുടെ നന്മയ് ക്കായി എപ്പോഴും പ്രയത്നിച്ചുകൊണ്ടിരിക്കുക. അങ്ങിനെ ചെയ്യുകയാണെങ്കിൽ നിഷേധികൾക്ക് മേലും അല്ലാഹുവിന്റെ കാരുണ്യത്തിന്റെ മഴ വർഷിക്കുന്നു. അവനെ അസഭ്യം പറയുന്നവരും അവന്റെ പ്രകൃതിനിയമത്തിൽ നിന്ന് അനുഗ്രഹം കരസ്ഥമാക്കുന്നു. അവരുടെ കൃഷികളും ഫലം നൽകുന്നു. അവരുടെ പ്രയത്നങ്ങളും സൽഫ ലങ്ങൾ ഉണ്ടാക്കിയെടുക്കുന്നു. അല്ലാഹുവിന്റെ കാരുണ്യം നാസ്തികനാണോ അല്ലയോ എന്നു ള്ള യാതൊരു വ്യതിരിക്തതയും കാണിക്കുന്നി ല്ല. അവന്റെ പൊതുവായ കാരുണ്യം അത് എല്ലാ വർക്കുമായി ഒരേ പോലെ നിലകൊള്ളുന്നു. ചുരുക്കത്തിൽ, ഇത് വിശ്വാസിയുടെ വ്യക്തിത്വ ത്തിൽ നിലകൊള്ളേണ്ട ഏറ്റവും എളിയ നിർവ ചനമാകുന്നു. ഇതില്ലാതെ വിശ്വാസിയുടെ ശബ്ദ ത്തിൽ ദൃഢത ഉണ്ടാകുന്നതല്ല.

അതിനാൽ നിങ്ങൾ നിങ്ങളുടെ ചുറ്റുപാടുകളെ ജയിച്ചടക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അത് നിങ്ങളുടെ അനുഗ്രഹം മുഖേനയോ സ്നേഹം മുഖേനയോ ആയിക്കൊള്ളട്ടെ, നിങ്ങൾ നിങ്ങ ൾക്കു വേണ്ടിയല്ല മറിച്ച് നിങ്ങളുടെ അല്ലാഹു വിന് വേണ്ടി ജയിച്ചടക്കുക. നിങ്ങളുടെ സംതൃ പ്തി അവരുടെ അസ്ഥിത്വത്തിലേക്ക് മാറുകയും അങ്ങിനെ അവർ നിങ്ങളുടെ പെരുമാറ്റം കണ്ട് കൊണ്ട് ദൈവസാമീപ്യം കരസ്ഥമാക്കിയവരാ യിത്തീരുകയും മനുഷ്യകുലത്തിന്ന് ഉപകാരപ്ര ദമായ വ്യക്തിത്വമായിക്കൊണ്ടിരിക്കുന്നതിനും വേണ്ടി. ഈ പ്രയത്നം വിജയിക്കണമെങ്കിൽ നിങ്ങൾ ദുആ മുഖേന അല്ലാഹുവിന്റെ സന്നി ധിയിൽ കുനിഞ്ഞുകൊണ്ട് അവനിൽ നിന്ന് സഹായം അർത്ഥിച്ചുകൊണ്ടിരിക്കുക. അവ നിൽ നിന്ന് പരിശുദ്ധ മാറ്റത്തെ പ്രതീക്ഷിക്കുന്ന വരായിത്തീരുക. അവന്റെ സവിശേഷഗുണങ്ങ ളെ സ്നേഹിക്കുന്നവരായിത്തീരുക. ............... കേവലം സൈദ്ധാന്തിക യുദ്ധങ്ങളിലൂടെയോ അല്ലെങ്കിൽ ഖുർആൻ ഇന്നത് പറയുന്നു, ബൈ ബിൾ ഇന്നത് പറയുന്നു, ഇവ രണ്ടിനെയും താര തമ്യം ചെയ്യുമ്പോൾ ഇത് സത്യമാകുന്നു, അത് തെറ്റാകുന്നു എന്നത് കൊണ്ട് മാത്രം നിങ്ങൾക്ക് ഈ സമുദായങ്ങളുടെ മേൽ യാതൊരു പ്രാവർ ത്തിക വിജയവും ലഭിക്കുന്നതല്ല.................

(മശ്അലെ രാഹ്, വാല്യം 3, പേജ് 315-317)


*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

ഹദ്റത്ത് അഹ്മദ് (അ) ഒരു അറബി കവിതയിൽ പറയുന്നു:

**ലുഫാളാത്തുൽ മവാഇദി കാന ഉകുലീ**

**വസിർത്തുൽ യൗമ മിത്ഥ്ആമുൽ അഹാലീ**

ഒരു കാലത്ത് ഞാൻ തീൻമേശയിലെ കഷ്ണങ്ങൾ ഭക്ഷിക്കുന്നവനായിരുന്നു.
ഇന്ന് ഞാൻ സുഹൃത്തുക്കൾക്ക് ഭക്ഷണം ലഭിക്കാനുള്ള നിമിത്തമായി തീർന്നിരിക്കുന്നു.




**അൽഹഖ്**
വാർത്താപത്രിക

2011 ഡിസംബർ
പുസ്തകം 19 ലക്കം 10

# ജൽസാ സാലാന

ഒരു നൂറ്റാണ്ടുമുമ്പ് കൃത്യമായി പറഞ്ഞാൽ 1891 ഡിസംബർ മാസം അവസാനവാരം ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ നിർദ്ദേശപ്രകാരം 75 പേർ ഖാദിയാനിലെ മസ്ജിദ് അഖ്സയിൽ ഒത്തുകൂടി. അതിൽ ഹസ്റത് മൗലാനാ അബ്ദുൽ കരീം സാഹിബ് സിയാൽ കോട്ടി(റ), ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ പുതിയ ഗ്രന്ഥമായ ആസ്മാനീ ഫൈസല വായിച്ചു കേൾപ്പിച്ചു. പിന്നീട് സദ്ർ അഞ്ചുമൻ അഹ്മദിയ്യാ അംഗങ്ങൾ ആരൊക്കെയായിരിക്കണം. ഭാവി പരിപാടികൾ എങ്ങിനെയെല്ലാമാക്കണം എന്നതു സംബന്ധിച്ച് ചർച്ചകൾ നടന്നു. ശേഷം എല്ലാവരും ഹദ്റത് മസീഹ് മൗഊദ്(അ)നു ഹസ്തദാനം നടത്തി പിരിഞ്ഞുപോയി.

അതേ ഇന്ന് 120-ാം വാർഷികത്തിലേക്ക് കടക്കുന്ന നമ്മുടെ ജൽസയുടെ ആരംഭം അങ്ങിനെയായിരുന്നു. വിവിധ വർണ്ണ വർഗ്ഗ വേഷ ഭാഷാ ഭൂഷാതികൾ മറന്ന് ഇത്തവണയും ആയിരങ്ങൾ ജൽസയിൽ പങ്കെടുക്കുമ്പോൾ അത് ഒരു നൂറ്റാണ്ട് മുമ്പേ ചെയ്ത ദൈവിക പ്രവചനങ്ങളുടെ നിറപുലർച്ചയാണ്. കഴിഞ്ഞ ഒരു 120 വർഷക്കാലം കണ്ടതും അതുതന്നെയാണ്. ഇന്ന് ജൽസ ഖാദിയാനിൽ മാത്രമൊതുങ്ങുന്നില്ല. എവിടെയെല്ലാം അഹ്മദികളുണ്ടോ അവിടെയെല്ലാം ജൽസയും ഉണ്ട്. പരസ്പര സാഹോദര്യത്തിന്റെയും സൗഹൃദത്തിന്റെയും സർവ്വോപരി ഉമ്മത്തെ വാഹിദയുടെയും ഗീതികളാണ് ഈ ജൽസകളിലെല്ലാം ആലപിക്കപ്പെടുന്നത്.

ഖാദിയാനിൽ ജൽസക്ക് ആളുകളുടെ ആധിക്യമുണ്ടാവുമെന്നും വഴികളിൽ കുണ്ടും കുഴികളും ആയിത്തീരുമെന്നൊക്കെയുള്ള പ്രവചനങ്ങൾ എങ്ങിനെയാണ് ഏതുവിധത്തിലാണ് പൂർത്തിയാവുകയെന്ന് അന്ന് ഖാദിയാൻ എന്ന കുഗ്രാമത്തിലിരുന്ന് ചിന്തിക്കാൻ പ്രയാസമായിരുന്നു. പക്ഷേ പ്രവചനങ്ങളിലെ ഓരോ അക്ഷരവും ഓരോ വാക്കും പുലർന്നുകാണുമ്പോൾ അത് അഹ്മദികളുടെ ഈമാനിനെ ബലവത്താക്കുന്നു.

ജൽസയിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി ഹദ്റത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദുഃആകൾ അനുഭവിച്ചറിഞ്ഞവർ എത്ര തിരക്കുകളും പ്രയാസങ്ങളും ഉണ്ടെങ്കിലും അതെല്ലാം വിസ്മരിച്ച്, മാറ്റിവെച്ച് ഖാദിയാനിലേക്ക് വണ്ടി കയറുന്നു. ഹദ്റത് മസീഹ് മൗഊദ്(അ) ജൽസയിൽ പങ്കെടുക്കുവാൻ ജമാഅത്തിനെ അഹ്വാനം ചെയ്തുകൊണ്ട് പറഞ്ഞു, അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും മാർഗ്ഗത്തിൽ ചെറിയ തടസ്സങ്ങളെ പ്രശ്നമാക്കരുത്. അല്ലാഹു സ്വാതികരായവർക്ക് ഓരോ ചുവടിലും പ്രതിഫലം നൽകുന്നതാണ്. അവന്റെ മാർഗ്ഗത്തിലുള്ള പ്രയത്നങ്ങളും പ്രയാസങ്ങളും വൃഥാവിലാവുകയുമില്ല.

ബയ്ത്തുദുഃആയും, ബിഹിശ്തിമഖ്ബറയും, മസ്ജിദ് മുബാറക്കും, അഖ്സയും എന്നുവേണ്ട ഖാദിയാനിലെ ഓരോരോ ഇടനാഴിയും അനുഗ്രഹീതമാണ്. ആ മണ്ണിലാണ് വാഗ്ദത്ത മഹ്ദീമസീഹ് ആഗതരായത്. അവിടെ ചെയ്യപ്പെടുന്ന ദുഃആകൾ അല്ലാഹുവിന്റെ പക്കൽ പ്രത്യേകം സ്വീകൃതയോഗ്യമാണ്.

ജൽസയിൽ ഭാഗഭാക്കാകുന്നവരും ഇത് മറക്കരുത്. വെറും വിനോദവും ടൈംപാസ്സും, എന്നും പങ്കെടുക്കുന്നുവെന്നുള്ള വാശിയും മാത്രമാകാതെ എന്തിന് വേണ്ടി ജൽസക്ക് പോകുന്നു. എന്താണ് നമുക്ക് ആവശ്യം എന്നത് തിരിച്ചറിഞ്ഞ് ജൽസയിൽ പങ്കെടുക്കുക. അങ്ങിനെയായാൽ നമ്മുടെ യാത്ര സഫലമായി.

# ജൽസാ സാലാനാ ഉദ്ദേശ്യലക്ഷ്യങ്ങൾ

ഈ ജൽസയിൽ വിശ്വാസവും ദൃഢജ്ഞാനവും ദൈവജ്ഞാനവും വർദ്ധിപ്പിക്കാൻ അനിവാര്യമായ യാഥാർഥ്യങ്ങളും ദിവ്യജ്ഞാനങ്ങളും കേൾപ്പിക്കാനുള്ള സംവിധാനമുണ്ടായിരിക്കും. മാത്രമല്ല അല്ലാഹു തന്നിലേക്ക് വലിച്ചടുപ്പിക്കാനും, തനിക്ക് വേണ്ടി സ്വീകരിക്കാനും, പരിശുദ്ധമാറ്റം ഉണ്ടാകാനും സുഹൃത്തുക്കൾക്കുവേണ്ടി പ്രത്യേകം ദുഃആകളും, പ്രത്യേകം ശ്രദ്ധയും, സാധ്യമാകുന്നിടത്തോളം അർഹമുർറാഹിമിന്റെ സവിധത്തിൽ പരിശ്രമിക്കുകയും ചെയ്യുന്നതാണ്.

ഈ ജൽസകൾകൊണ്ടുള്ള ഒരു താൽക്കാലിക നേട്ടം, ഓരോ പുതുവർഷത്തിലും ഈ ജമാഅത്തിൽ ചേരുന്ന പുതിയ സഹോദരങ്ങൾക്ക് നിശ്ചിത ദിവസങ്ങളിൽ ഇവിടെ എത്തി തങ്ങളുടെ പഴയ സഹോദരങ്ങളുടെ മുഖം ദർശിക്കാനും പരിചയപ്പെടാനും ഇടവരുന്നതാണ്. ഈ കാലയളവിൽ ഇഹലോക വാസം വെടിയുന്ന സഹോദരങ്ങൾക്ക് മഗ്ഫിറത്തിന് വേണ്ടി ദുഃആ ചെയ്യുന്നതുമാണ്. എല്ലാ സുഹൃത്തുക്കളേയും ആത്മീയമായി ഒന്നാക്കാനും, അവരുടെ ഇടയിൽ നിന്ന് ഊഷരതയും അപരിചിതത്വവും, കാപട്യവും എടുത്ത് മാറ്റാൻ പ്രതാപവാനും അന്തസുടയവനുമായ റബ്ബിന്റെ സവിധത്തിൽ പരിശ്രമിക്കുന്നതാണ്. ഈ ജൽസക്ക് വേറെയും പല നേട്ടങ്ങളും പ്രയോജനങ്ങളുമുണ്ട്. അത് ഇൻശാ അല്ലാഹ് സമയാസമയങ്ങളിൽ വ്യക്തമാകുന്നതാണ്. (ആസ്മാനീ ഫൈസല)

### ആത്മീയജ്ഞാനം

ഈ ജൽസയുടെ ഒരു വലിയ ലക്ഷ്യം, ഓരോ ആത്മാർഥതയുള്ള വ്യക്തിയ്ക്കും നേർക്കുനേരെ ദീനീ പ്രയോജനങ്ങൾ നേടാനുള്ള അവസരം ലഭിക്കുന്നതാണ്. അവരുടെ അറിവ് വർദ്ധിക്കുകയും, അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹവും സൗഭാഗ്യവും മുഖേന ആത്മീയജ്ഞാനങ്ങൾ അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നതാണ്. ഇതോടനുബന്ധിച്ചുള്ള മറ്റൊരു നേട്ടം, ഇത്തരം കൂടിക്കാഴ്ചകളിലൂടെ സഹോദരങ്ങളുമായി പരിചയം കൂടുകയും ഈ ജമാഅത്തിന്റെ സാഹോദര്യബന്ധം രൂഢമൂലമാവുകയും ചെയ്യുന്നതാണ്. (ഇശ്തിഹാർ 7.12.1892)

### ഇത് സാധാരണ സമ്മേളനമല്ല

ഈ ജൽസയെ ജനങ്ങളുടെ സാധാരണ സമ്മേളനങ്ങളെപ്പോലെ കരുതരുത്. ഇതിന്റെ അടിത്തറ തികച്ചും ദൈവിക സഹായത്താലും, സത്യദീനിന്റെ വചനങ്ങളുടെ അഭ്യുന്നതിയിലുമാണ്. ഈ പ്രസ്ഥാനത്തിന്റെ അടിസ്ഥാനശില അല്ലാഹു തന്റെ കൈകൊണ്ട് വെച്ചിരിക്കുന്നു. ഇതിന് വേണ്ടി സമൂഹങ്ങളെ തയ്യാറാക്കിയിരിക്കുന്നു. അവ എത്രയുംവേഗം ഇതിൽ വന്ന് ചേരുന്നതാണ്. കാരണം, ഇതെല്ലാം ഒരു കാര്യവും പുതുമയല്ലാത്ത, എല്ലാ കാര്യത്തിനും കഴിവുള്ളവന്റെ പ്രവർത്തിയാകുന്നു. (ഇശ്തിഹാർ 7.12.1892)

### ഭൗതിക വിരക്തി

ഈ ജൽസയുടെ ലക്ഷ്യം യഥാർഥ ഉദ്ദേശ്യവും നമ്മുടെ ജമാഅത്തിലെ ആളുകൾക്ക് എങ്ങിനെയെങ്കിലും കൂടെകൂടെ കൂടിക്കാഴ്ചയിലൂടെ തങ്ങളുടെ ഉള്ളിൽ, ആഖിറത്തിലേക്ക് പൂർണമായും കുനിയാനും, അല്ലാഹുവിനോടുള്ള ഭയം ഉണ്ടാകാനും, പരിത്യാഗത്തിലും, ദോഷബാധയെ സൂക്ഷിക്കുന്നതിലും, ദൈവഭയത്തിലും, നിഷിദ്ധ കാര്യങ്ങളെ ഒഴിവാക്കലും, മൃദുല ഹൃദയത്തിലും, പരസ്പര സ്നേഹത്തിലും, സാഹോദര്യത്തിലും മറ്റുള്ളവർക്ക് മാതൃകയാവുകയും വിനയവും താഴ്മയും പരിശുദ്ധതയും ഉണ്ടാകുകയും ദീനീ പ്രവർത്തനങ്ങളിൽ ആവേശം ജനിപ്പിക്കുകയുമാണ്....

ഹൃദയാഭിലാഷം, ബയ്അത്ത് ചെയ്തവർ അല്ലാഹുവിനെ മുൻ നിർത്തിയുള്ള യാത്ര ചെയ്തുവരണമെന്നും എന്റെ സഹവാസത്തിൽ കഴിഞ്ഞ് കുറച്ചെങ്കിലും മാറ്റം ഉണ്ടാക്കണമെന്നുമാണ്. കാരണം മരണത്തെപറ്റി യാതൊരു ഉറപ്പുമില്ല. എന്നെ കാണുന്നതിൽ ബയ്അത്ത് ചെയ്തവർക്ക് പ്രയോജനമുണ്ട്. പക്ഷേ എന്നെ ശരിയായ രീതിയിൽ കാണുന്നവർ, സബ്റോടുകൂടി ദീനിനെ അന്വേഷിക്കുന്നവരും ദീനിനെ മാത്രം ആഗ്രഹിക്കുന്നവരുമാണ്. അത്തരം ആളുകളുടെ ആഗമനം എപ്പോഴും നല്ലതാണ്. (ശഹാദത്തുൽ ഖുർആൻ)




# ഹൽഫുൽ ഫുദൂൽ

പണ്ട് കാലത്ത് തന്നെ അറേബ്യയിലെ ചില ഉന്നതരായ വ്യക്തികൾ, അവകാശികൾക്ക് അവരുടെ അവകാശം ലഭ്യമാകുന്ന കാര്യത്തിൽ സഹായം ചെയ്യുമെന്നും അക്രമിയെ ആക്രമണത്തിൽ നിന്ന് തടയുമെന്നും പരസ്പരം പ്രതിജ്ഞ ചെയ്തിരുന്നു. അറബിയിൽ അവകാശത്തിന് ഫദ്ൽ എന്നും പറയാറുണ്ട്. അതിന്റെ ബഹുവചനമാണ് ഫുദൂൽ. അതുകൊണ്ടാണ് ഈ ഉടമ്പടിയെ ഹലഫുൽ ഫുദൂൽ എന്ന് പറയുന്നത്. ചില നിവേദനങ്ങളിൽ കാണപ്പെടുന്നത്, ഈ ആഹ്വാനത്തിന് പിന്നിലുണ്ടായിരുന്നു പ്രധാനവ്യക്തിയുടെ പേരിൽ ഫദ്ൽ എന്നുണ്ടായിരുന്നു അതിനാലാണ്, ഈ ഉടമ്പടി ഹൽഫുൽ ഫുദൂൽ എന്നറിയപ്പെടാൻ ഇടയായതെന്നാണ്. ഏതായിരുന്നാലും, ഫുജ്ജാർ യുദ്ധത്തിനുശേഷം, ഈ യുദ്ധത്തിൽ പ്രദാപിവതനായതുകൊണ്ടാകാം, നബിതിരുമേനി(സ)യുടെ പിതൃവ്യൻ സുബയ്ർബിനു അബ്ദുൽ മുത്വലിബിന്റെ മനസിൽ, ഈ സംഘടനയെ വീണ്ടും ജീവസുള്ളതാക്കണമെന്ന് ആഗ്രഹമുണ്ടായി. അങ്ങനെ, ചില ഗോത്രപ്രതിനിധികൾ അബ്ദുല്ലാഹ്ബ്നു ജദ്ആന്റെ വസതിയിൽ ഒത്തുകൂടി. അദ്ദേഹം അവർക്ക് ഭക്ഷണത്തിന് ഏർപ്പാടുചെയ്തിരുന്നു. തുടർന്ന് എല്ലാവരും ഒരുമിച്ച് ഇങ്ങനെ പ്രതിജ്ഞചെയ്തു. ഞങ്ങൾ എപ്പോഴും അക്രമത്തെ തടയുകയും മർദ്ദിദനെ സഹായിക്കുകയും ചെയ്യുന്നതാണ്. ഈ ശപഥത്തിൽ ബനൂഹാശിം,ബനൂമുത്വലിബ്, ബനൂഅസദ്, ബനുസുഹ്റ, ബനൂതയിം എന്നീ ഗോത്രങ്ങൾ ഉൾപ്പെടുന്നു.

നബിതിരുമേനി(സ)ഉം ഈ സന്ദർഭത്തിൽ സന്നിഹിതനായിരുന്നു. മാത്രമല്ല ശപഥത്തിലും പങ്കുചേർന്നിരുന്നു. ഒരിക്കൽ നബി(സ)തിരുമേനി പറഞ്ഞു, ഞാൻ അബ്ദുല്ലാഹ്ബിനു ജദ്ആന്റെ വസതിയിൽ ചെയ്തിരുന്ന പ്രതിജ്ഞയിലേക്ക് ഈ ഇസ്‌ലാമിന്റെ കാലത്തും ആരെങ്കിലും എന്നെ വിളിച്ചാൽ തീർച്ചയായും ഞാൻ അതിന് ലബ്ബയ്ക്ക് പറയുന്നതാണ്. ഒരിക്കൽ അമീർ മുആവിയയുടെ കാലത്ത്, അദ്ദേഹത്തിന്റെ സഹോദരപുത്രൻ വലീദ്ബ്നു ഉത്ത്ബബിനു അബൂ സുഫ്യാൻ ഹദ്റത് ഹുസയ്ൻ(റ) (ഇബ്നു അലി(റ)) ന്റെ എന്തോ ഒരു അവകാശത്തെ **, ഹദ്റത് ഹുസയ്ൻ (റ) പറഞ്ഞു, അല്ലാഹുവാണ് സത്യം വലീദ് എന്റെ അവകാശം തരുന്നില്ലെങ്കിൽ, ഞാൻ മസ്ജിദുന്നബ്‌വിയിൽ വാളുയർത്തിപ്പിടിച്ച് നിന്ന് ജനങ്ങളെ ഹൽഫുൽ ഫുദൂലിലേക്ക് ക്ഷണിക്കുന്നതാണ്. അതേ കുറിച്ചറിഞ്ഞപ്പോൾ അബ്ദുല്ലാഹിബ്നു സുബയ്ർ(റ) പറഞ്ഞു, ഹുസയ്ൻ ആ പ്രതിജ്ഞയിലേക്ക് ക്ഷണിച്ചാൽ ഞാൻ തീർച്ചയായും അതിന് ലബ്ബയ്ക്ക് പറയുന്നതാണ്. അദ്ദേഹത്തിന്റെ അവകാശം വാങ്ങിക്കൊടുക്കുകയോ, ആ പരിശ്രമത്തിൽ ജീവൻ ത്യജിക്കുകയോ ചെയ്യുന്നതാണ്. മറ്റ് ചില ആളുകളും ഇത്തരത്തിൽ പ്രതികരിച്ചിരുന്നു. അങ്ങനെ വലീദ് സമ്മർദ്ദത്തിലാവുകയും ഹദ്റത് ഹുസയ്ൻ(റ)ന്റെ അവകാശം കൊടുക്കുകയും ചെയ്തു. ഹൽഫുൽ ഫുദൂലിൽ പങ്കെടുത്ത ബനൂ അസദ് ഗോത്രക്കാരനായിരുന്നു അബ്ദുല്ലാഹ്ബ്നു സുബയ്ർ(റ)

# നബിതിരുമേനി(സ)യുടെ രൂപവിശേഷം

നബി(സ) ഇപ്പോൾ യുവാവായിരിക്കുന്നു. ശാരീരികമായി പൂർണ വളർച്ചയെത്തിയിരിക്കുന്നു. അതുകൊണ്ട് തന്നെ ഈ സന്ദർഭത്തിൽ തിരുനബി(സ)യുടെ രൂപവിശേഷത്തെക്കുറിച്ച് വിവരിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. തിരുനബി(സ) ഇടത്തരം ഉയരമുള്ള ആളായിരുന്നു. നിറം ഏറെ ഭംഗിയുള്ളത്. കാണുമ്പോൾ അനിഷ്ടം തോന്നുന്ന വളരെ വെളുത്ത നിറമല്ലായിരുന്നു. പൂർണമായും ഗോതമ്പുനിറവുമല്ല. മറിച്ച്, ഗോതമ്പു നിറത്തേക്കാൾ അല്പം വെള്ള നിറമായിരുന്നു. തലയിലെ മുടി നേരെ നിവർന്ന് മുനയുള്ളപോലെ അല്ലായിരുന്നു. മറിച്ച് അല്പം ചുരുണ്ടതായിരുന്നു. നിറഞ്ഞ ഭംഗിയുള്ള താടി. ശരീരം ഇടത്തരം ചർമം നേർത്തതും മിനുസമുള്ളതും ശരീരത്തിനും വിയർപ്പിനും ഒരുതരം സുഗന്ധം. ശിരസ് വലുതായിരുന്നു. നെഞ്ച് പരന്നത്. കൈകാലുകൾ നിറഞ്ഞ് മാംസളമായത്. ഉള്ളംകൈ വിശാലം, വട്ടമുഖം, നെറ്റിത്തടവും നാസികയും ഉയർന്നതായിരുന്നു. കണ്ണുകൾ കറുത്തതും പ്രകാശമാനവും, പുരികങ്ങൾ നീണ്ടതായിരുന്നു. അന്തസ്സാർന്ന നടത്തം. എങ്കിലും സാധാരണഗതിയിൽ വളരെ വേഗത്തിൽ നടക്കുമായിരുന്നു. സംസാരം സാവധാനത്തിലായിരുന്നു. കേൾക്കുന്നവർക്ക് തിരുനബിയുടെ വാക്കുകൾ എണ്ണാമായിരുന്നു. ദേഷ്യപ്പെടുമ്പോൾ മുഖം ചുവന്നിരുന്നു. സന്തോഷിക്കുമ്പോൾ പ്രകാശിതമാകുമായിരുന്നു.

ബ്രിട്ടീഷുകാരനായ പ്രസിദ്ധ ചരിത്രകാരൻ സർ വില്യം മൂയിർ തിരുനബി(സ)യുടെ രൂപവിശേഷം വിവരിച്ചുകൊണ്ട് എഴുതുന്നു: പ്രവാചകന്റെ നേതൃപരമായ രൂപഭാവങ്ങൾ അപരിചിതനായ വ്യക്തിയുടെ മനസിൽ ഉണ്ടാക്കിയേക്കാവുന്ന ആദരയുക്തമായ ഭയം വാക്കുകൾക്കതീതമാണ്. എന്നാൽ അദ്ദേഹത്തെ അടുത്തറിയാനും, പരിചയപ്പെടാനും അവസരംലഭിച്ചാൽ അയാളുടെ ഹൃദയത്തിൽ ഭയത്തിന്റേയും പരിഭ്രമത്തിന്റെയും സ്ഥാനത്ത് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും വികാരങ്ങളാണ് ഉണ്ടാവുക.

(Life of Mohammed P 25)

*(സീറത്ത് ഖാത്തമുന്നബിയ്യീൻ)*
*സമ്പാ : എ.എസ്*




# ശത്രു സന്താനരഹിതൻ

ശേഖ് അബ്ദുർറഹ്മാൻ മിസ്രി നിവേദനം ചെയ്യുന്നു. ഒരിക്കൽ ഹദ്റത്ത മസീഹ് മൗഊദ് (അ) ളുഹർ നമസ്ക്കാരത്തിന് ശേഷം മസ്ജിദിൽ ഇരിക്കുകയായിരുന്നു. ഹുസൂറിന്റെ കഠിന വിരോധിയും ഹുസൂറിനെ വളരെ മോശമായി ചിത്രീകരിക്കുകയും ചെയ്തിരുന്ന സഅ്ദുള്ള ലുധിയാനവിയെക്കുറിച്ച് അയാൾ സന്താനരഹിതനായിത്തീരും എന്നും അയാളുടെ മകന് സന്താനങ്ങളുണ്ടാവുകയില്ലെന്നും ഹുസൂർ (അ) എഴുതിയിരുന്നു. ഈ വിളംബരത്തെ സംബന്ധിച്ച് മൗലവി മുഹമ്മദലി സാഹിബ്, ഹുസൂർ (അ) നോട് പറഞ്ഞു ഇങ്ങനെ എഴുതുന്നത് നിയമവിരുദ്ധമാണ്. അയാളുടെ മകൻ കേസ് കൊടുത്താൽ അയാൾക്ക് മക്കളുണ്ടാകില്ലെന്ന് പറയാൻ നമ്മുടെ പക്കൽ എന്ത് തെളിവാണുള്ളത്. ആദ്യം ഹുസൂർ (അ) വളരെ സൗമ്യനായി മറുപടി കൊടുത്തെങ്കിലും മൗലവി മുഹമ്മദലി സാഹിബ് തന്റെ വാദം കൂടെക്കൂടെ ഉന്നയിക്കുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ മുഖം ചുവക്കുകയും ദേഷ്യത്തോടെ അദ്ദേഹത്തോട് ഇങ്ങനെ പറയുകയും ചെയ്തു, നബി ആയുധമേന്തി ഇറങ്ങിക്കഴിഞ്ഞാൽ പിന്നെ അത് താഴെ വെക്കാറില്ല.

# സ്വപ്ന സാക്ഷാൽക്കാരം

**ഹ. മിർസാ ബശീർ അഹ്മദ് സാഹിബ് പറയുന്നു:**

1905 ലെ വലിയ ഭൂകമ്പമുണ്ടായപ്പോൾ ഹ. മസീഹ് മൗഊദ്(അ) തോട്ടത്തിലാണ് താമസിച്ചിരുന്നത്. മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബിന്റെ മകൻ മുഹമ്മദ് മൻസൂർ (അന്ന് വളരെ ചെറിയ കുട്ടിയായിരുന്നു) കുറേ ആടുകൾ അറുക്കപ്പെടുന്നതായി സ്വപ്നം കണ്ടിരുന്നു. ഇതേ കുറിച്ച് ഹ. മസീഹ് മൗഊദ്(അ)ന് വിവരം കിട്ടിയപ്പോൾ കുറേ ആടുകൾ വാങ്ങി സദ്ഖയായി അറുക്കുക ഉണ്ടായി. ഹുസൂർ(അ)നെ അനുകരിച്ചുകൊണ്ട് അധിക പേരും അങ്ങിനെതന്നെ ചെയ്തു. നൂറിൽ അധികം ആടുകളെ അവിടെ തോട്ടത്തിൽ അറുത്തുവെന്നാണ് തോന്നുന്നത്.

# ഹദ്റത് അബൂഉബയ്ദ(റ)ബ്നു ജർറാഹ്

ആമിർ എന്നായിരുന്നു യഥാർഥ പേര്. അബൂ ഉബയ്ദ് എന്ന പേരിലാണ് അറിയപ്പെട്ടത്. പിതാവിന്റെ പേര് അബ്ദുല്ലാഹ്. മാതാവ് ഉമൈമ. രണ്ട് പേരും ഖുറയ്ശികളായിരുന്നു.

### ബയ്അത്ത്

ഹ. അബൂബക്കർ(റ)ന്റെ തബ്ലീഗിലൂടെയാണ് ഇസ്ലാം സ്വീകരിച്ചത്. ദാറുൽ അർഖമിലെ തബ്ലീഗ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുമ്പേ ബയ്അത്ത് ചെയ്തിരുന്നു. അബിസീനയിലേക്കുള്ള ഹിജ്റത്തിലും പിന്നീട് മദീനയിലേക്കുള്ള ഹിജ്റത്തിലും ഭാഗഭാക്കായിരുന്നു. അബൂ ഉബയ്ദ(റ) മദീനയിലെത്തിയപ്പോൾ തിരുനബി(സ) ഏറെ സന്തോഷിക്കുകയുണ്ടായി.

എല്ലാ യുദ്ധങ്ങളിലും അദ്ദേഹത്തിന് നബി(സ)ന്റെ കൂടെ പങ്കെടുക്കാൻ സൗഭാഗ്യം ലഭിച്ചിട്ടുണ്ട്.

### ബദ്ർ യുദ്ധം

ബദ്ർ യുദ്ധത്തിൽ ശത്രുപക്ഷത്ത് യുദ്ധത്തിന് വന്ന പിതാവിനെ അബൂഉബയ്ദ(റ) വധിക്കുകയുണ്ടായി.

### ഉഹദ്യുദ്ധം

ബദ്ർ യുദ്ധത്തിന് തൊട്ടടുത്ത വർഷം നടന്ന ഉഹദ് യുദ്ധത്തിൽ ശത്രുക്കളുടെ ആക്രമണത്തിൽ തിരുനബി(സ)ന്റെ പരിശുദ്ധ പല്ല് ശഹീദാവുകയും മുഖത്ത് രണ്ട് ആണികൾ തറക്കുകയും ചെയ്തു. അത് ഹ. അബൂബക്കർ(റ)ന്റെ അനുവാദത്തോടെ ഹ. ഉബയ്ദബിൻ ജർറാഹ്(റ) തന്റെ പല്ലുകൾകൊണ്ട് കടിച്ച് എടുക്കുകയാണുണ്ടായത്. ഇതിൽ അദ്ദേഹത്തിന് രണ്ട് പല്ലുകൾ നഷ്ടപ്പെട്ടു.

### അഹ്സാബ് യുദ്ധം

ഹിജ്റ 5ലാണ് അഹ്സാബ് യുദ്ധമുണ്ടായത്. ഇതിൽ മുസ്ലിംകളുടെ അംഗബലം മൂവായിരവും ശത്രുപക്ഷത്ത് പതിനായിരവുമായിരുന്നു. പട്ടിണി കാരണം ഹിജ്റ 6-ൽ രണ്ട് ഗോത്രങ്ങൾ മദീനക്ക് ചുറ്റും അരക്ഷിതാവസ്ഥ ഉണ്ടാക്കാൻ ശ്രമിച്ചപ്പോൾ അതിനെ നേരിടാൻ നബി(സ), അബൂ ഉബയ്ദയുടെ നേതൃത്വത്തിൽ 40 പേരെ നിയോഗിച്ചു. പക്ഷേ കുഴപ്പക്കാർ പിന്തിരിഞ്ഞ് ഓടി രക്ഷപ്പെടുകയാണുണ്ടായത്.

### മറ്റ് യുദ്ധങ്ങൾ

ഖയ്ബർ യുദ്ധത്തിലും ഇദ്ദേഹം നബി(സ)ന്റെ കൂടെയുണ്ടായിരുന്നു. ഹിജ്രി 8-ൽ നബി(സ) തീരദേശപ്രദേശത്തിലെ ജഹീന ഗോത്രത്തെ ലക്ഷ്യമാക്കി അബൂഉബയ്ദ(റ)ന്റെ നേതൃത്വത്തിൽ ഒരു സംഘത്തെ അയച്ചു. മദീനയിൽ നിന്ന് അഞ്ചുദിവസത്തെ യാത്ര വേണം അവിടെ എത്താൻ. ഇത് ബഹ്ർ യുദ്ധമെന്നും ഖബത്വ് യുദ്ധമെന്നും അറിയപ്പെടുന്നു.

യുദ്ധത്തിന് പോയവർക്ക് കുറച്ച് ഈന്തപ്പഴം മാത്രമാണുണ്ടായിരുന്നത്. അവസാനമായപ്പോഴേക്കും ഒരാൾക്ക് ഒരു ഈന്തപ്പഴം എന്ന തോതിലേ ലഭിച്ചിട്ടുള്ളൂ. നിവേദകൻ പറയുന്നു, പലരും ഇലകൾ ഭക്ഷിച്ചുകൊണ്ടാണ് കഴിച്ചുകൂട്ടിയത്. അതുകൊണ്ട് കൂടിയാണ് ഖബ്ത്വ് (പുല്ല് എന്നർഥം) യുദ്ധമെന്ന് ഇതറിയപ്പെടുന്നത്.

സമുദ്രതീരത്തെത്തിയപ്പോൾ അവർ ഒരു കുന്ന് കാണാനിടയായി. അടുത്തെത്തിയപ്പോഴാണ് അതൊരു വലിയ മത്സ്യമാണെന്നറിഞ്ഞത്. ഏതായാലും മുന്നൂറ് പേർക്ക് 20/25 ദിവസത്തോളം ഭക്ഷിക്കാൻ മാത്രം അതുണ്ടായിരുന്നു. അത്രമാത്രം വലിയ മത്സ്യമായിരുന്നു.

### മക്കാവിജയം

ഇതേ വർഷം റമദാൻ മാസത്തിലാണ് മക്കാവിജയം ഉണ്ടായത്. കാൽനടയായി നീങ്ങിയിരുന്ന സൈന്യത്തിന്റെ തലവൻ ഹ. അബൂഉബയ്ദ(റ) ആയിരുന്നു.

### ബഹറയ്നിലേക്ക്

നബി(സ) ഹ. അബൂഉബയ്ദ(റ)നെ ബഹറയ്നിൽ നിന്ന് ജിസിയ (കരം) പിരിക്കാൻ നിയോഗിക്കുകയുണ്ടായി. അദ്ദേഹം വിജയകരമായി തന്റെ ദൗത്യം നിർവഹിച്ചു. അദ്ദേഹം തിരിച്ചെത്തിയ പിറ്റേന്ന് സുബ്ഹി നമസ്കാരാനന്തരം നബി(സ) സ്വഹാബാക്കളോട് പറഞ്ഞു.

അല്ലാഹുവാണെ സത്യം, നിങ്ങൾക്ക് ദാരിദ്ര്യം വരുമെന്ന് ഞാൻ ഭയക്കുന്നില്ല. മുൻകടന്നവർക്ക് മുന്നിൽ പരത്തിയതുപോലെ നിങ്ങൾക്ക് മുന്നിലും വിശാലമാക്കപ്പെടുന്നതാണ്. അത് സ്വായത്തമാക്കാൻ നിങ്ങൾ പരസ്പരം മൽസരിക്കും. അങ്ങിനെ മുൻകടന്നവർക്ക് സംഭവിച്ച നാശം നിങ്ങളേയും ഗ്രസിക്കുമോ എന്നാണ് ഞാൻ ഭയക്കുന്നത്.

### തിരുനബിയുടെ ഖബ്ർ

നബി(സ) വഫാത്തായപ്പോൾ അബൂഉബയ്ദയാണ് ഖബ്ർ തയ്യാറാക്കിയത്.

### ഒന്നാം ഖിലാഫത്ത്

തിരുനബി(സ)യുടെ വഫാത്തിനെ തുടർന്ന് ഖലീഫയെ തിരഞ്ഞെടുക്കാൻ സ്വഹാബാക്കൾ ഒരുമിച്ച് കൂടി. പക്ഷേ തീരുമാനമാകാതെ ചർച്ച നീളുകയായിരുന്നു. അപ്പോൾ അബൂ ഉബയ്ദ(റ) അൻസ്വാറുകളോട് പറഞ്ഞു:അൻസാറുകളേ, നിങ്ങളാണ് ഇസ്ലാമിനെ ഏറ്റവും ആദ്യം സഹായിച്ചവർ. അതിന് ആദ്യം തന്നെ പകരം ചോദിക്കുന്നവരും നിങ്ങൾ തന്നെ ആവുകയാണോ?

ഹ. അബൂബക്കർ(റ) സ്വഹാബാക്കളോട് പറഞ്ഞു: ഇവിടെ ഉമർ ബിൻ ഖത്താബ് ഉണ്ട്. അദ്ദേഹം മുഖേന ദീനിന് അന്തസുകിട്ടിയെന്നാണ് നബി(സ) പറഞ്ഞിട്ടുള്ളത്. പിന്നെ, അബൂ ഉബയ്ദബിൻ ജർറാഹ് ഉണ്ട്. അദ്ദേഹത്തെ അമീനുൽ ഉമ്മ (ഉമ്മത്തിലെ വിശ്വസ്തൻ)എന്നാണ് നബി(സ) വിശേഷിപ്പിച്ചത്. ഇവരിൽ ആരെങ്കിലും തിരുനബി(സ)ന്റെ ഖലീഫയാക്കുക. പക്ഷേ സ്വഹാബാക്കൾ ഹ. അബൂബക്കർ(റ)നെ തിരഞ്ഞെടുക്കുകയാണുണ്ടായത്.

ഹ. ഉമർ(റ) തന്റെ വഫാത്ത് വേളയിൽ പറഞ്ഞു, ഇന്ന് അബൂ ഉബയ്ദ(റ) ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ ഞാൻ അദ്ദേഹത്തെ ഖലീഫയാക്കുമായിരുന്നു. എന്റെ റബ്ബ് എന്നോട് അതേകുറിച്ച് ചോദിച്ചാൽ ഞാൻ പറയും: നാഥാ, ഞാൻ നിന്റെയും നിന്റെ റസൂലിന്റെയും അമീനെ (വിശ്വസ്ഥനെ)യാണ് ഖലീഫയാക്കിയത്.

### ആദ്യത്തെ ധനകാര്യമന്ത്രി

ഹ.അബൂബക്കർ(റ) തന്റെ ഖിലാഫത്ത് കാലത്ത് വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യാൻ സ്വഹാബാക്കളെ ചുമതലപ്പെടുത്തുകയുണ്ടായി. ധനകാര്യ വകുപ്പിന്റെ ഉത്തരവാദിത്വം അബൂ ഉബയ്ദ(റ)നെയാണ് ഏൽപ്പിച്ചത്. പ്രശ്ന സങ്കീർണമായ അവസ്ഥയിലും അദ്ദേഹം ഈ ഉത്തരവാദിത്വം ഭംഗിയായി നിർവഹിച്ചു. പിന്നീട് അദ്ദേഹം സൈന്യങ്ങളുടെ നായകനായും നിയോഗിക്കപ്പെട്ടിട്ടുണ്ട്.

### ശാമിന്റെ വിജയശിൽപി

ഹിജ്രി 13-ൽ ഹ. അബൂബക്കർ(റ) വിവിധ സൈന്യാധിപന്മാരുടെ നേതൃത്വത്തിൽ വ്യത്യസ്ഥ പ്രദേശങ്ങളിലേക്ക് സൈന്യത്തെ അയച്ചു. എല്ലാവരും ഒരു ഭാഗത്ത് ഒന്നിച്ചു ചേർന്നാൽ അബൂ ഉബയ്ദ(റ)യാണ് നായകനെന്നും അദ്ദേഹം പ്രഖ്യാപിച്ചിരുന്നു.

### ഖാലിദ് നേതൃസ്ഥാനത്തേക്ക്

അബൂ ഉബയ്ദ(റ) കൂടുതൽ സൈന്യത്തെ അയക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഹ. അബൂബക്കർ(റ)ന് സന്ദേശമയച്ചു. ഹ.അബൂബക്കർ(റ) ഇറാഖിൽ പ്രവർത്തനനിരതനായിരുന്ന ഖാലിദ്(റ)ബ്നു വലീദ്നോട് പകുതി സൈന്യവുമായി അബൂഉബയ്ദയെ സഹായിക്കാൻ നിയോഗിച്ചു.

അബൂഉബയ്ദ(റ)ന് ഹ. അബൂബക്കർ(റ) എഴുതി. ഞാൻ ശ്യാമിലെ സൈനിക നീക്കങ്ങളുടെ നേതൃസ്ഥാനത്തേക്ക് ഖാലിദിനെ ഏൽപ്പിക്കുകയാണ്. താങ്കൾ അദ്ദേഹത്തെ എതിർക്കരുത്. കേൾക്കുക, അനുസരിക്കുക. ഞാൻ താങ്കളെ ഗവർണറാക്കിയിട്ടുണ്ട്. താങ്കൾ അദ്ദേഹത്തേക്കാൾ മേന്മയുള്ള ആളാണെന്ന് എനിക്കറിയാം. പക്ഷേ ഞാൻ മനസിലാക്കുന്നത് യുദ്ധത്തിൽ അദ്ദേഹം താങ്കളേക്കാൾ നിപുണനാണെന്നാണ്.

ഹ. ഖാലിദ്(റ) ഹയ്റയിൽ നിന്ന് അബൂഉബയ്ദ(റ)ന് എഴുതിയ കത്തിൽ പറയുന്നു: എന്നോട് സയ്യിദ്നാ അബൂബക്കർ ശ്യാമിലേക്ക് തിരിക്കാൻ നിർദേശിച്ചിരിക്കുന്നു. സൈന്യങ്ങളുടെ നേതൃസ്ഥാനം എനിക്ക് നൽകിയിരിക്കുന്നു. അല്ലാഹു സാക്ഷി, ഞാനൊരിക്കലും അത് ആവശ്യപ്പെട്ടതല്ല. ആഗ്രഹിച്ചിട്ടുമില്ല. താങ്കൾക്ക് നേരത്തെ ഉണ്ടായിരുന്ന അതേ

11

വനിതാരംഗം
അബൂഅത്തിയ

# ഒരു ഉമ്മ മകൾക്ക് നൽകിയ ഉപദേശങ്ങൾ

(ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ മൂത്തപുത്രി ഹദ്റത്ത് നവാബ് മുബാറക ബേഗം സാഹിബ തന്റെ മകൾ ആസിഫ മസ്ഊദബേഗം സാഹിബക്ക് വിവാഹാവസരത്തിൽ നൽകിയ ഉപദേശങ്ങൾ)

● പെൺകുട്ടികൾ ചെറുപ്പം മുതലേ തങ്ങളുടെ ശോഭനമായ ഭാവിക്ക് വേണ്ടി ദുഃആ ചെയ്യേണ്ട താണ്.

● ഹ. ഉമ്മുൽ മുഅ്മിനീൻ, ഹദ്റത്ത് നവാബ് മുബാറക ബേഗം സാഹിബക്കും അവർ തന്റെ മക്കൾക്കും എപ്പോഴും നൽകിയിരുന്ന ഒരു ഉപദേശം വിവാഹം കഴിഞ്ഞ ഉടൻ തന്നെ ഭാര്യ, ഭർത്താവിന്റെ അടിമയായാൽ, പിന്നെ ഭർത്താവ് ഭാര്യയുടെയും കാര്യങ്ങൾ അനുസരിക്കുന്നതാണ്. അവരുടെ ഭർത്താവിനെ പൂർണമായും അനുസരിച്ചാൽ ഭർത്താവിന്റെ ഹൃദയത്തെ അതിജയിക്കാനും അദ്ദേഹത്തിന്റെ സ്നേഹം സമ്പാദിക്കാനും കഴിയുന്നതാണ്.

● ഭാര്യാഭർത്താക്കൻമാരുടെ സ്വകാര്യ കാര്യങ്ങൾ ഇരുവരും തങ്ങളുടെ സുഹൃത്തുക്കളുമായി ഒരിക്കലും പങ്കുവെക്കരുത്. ചിലർ ഇത്തരം കാര്യങ്ങൾ പറഞ്ഞ് അഭിമാനിക്കാറുണ്ട്. അത് വളരെ മോശവും അനുചിതവുമായ സംഗതിയാണ്.

● ഭർത്താവ് പുറത്തുനിന്ന് വരുമ്പോഴേക്ക് വീട്ടിൽ തയ്യാറായിരിക്കുക. അദ്ദേഹം വീട്ടിൽ നിന്ന് പോകുമ്പോഴും നിങ്ങളുടെ രൂപഭാവങ്ങൾ നല്ലതായിരിക്കണം. അദ്ദേഹം നിങ്ങളെകുറിച്ച് ചിന്തിക്കുമ്പോൾ നിങ്ങളുടെ നല്ലരൂപം മനസിൽ വരണം. ഒരിക്കലും മുടിപറത്തി, ദുർഗന്ധമുണ്ടാകുന്ന ഒരു സ്ത്രീരൂപമാകരുത്.

● ദേഷ്യം വരുമ്പോൾ ഭർത്താവിനോട് നാക്കിട്ടടിക്കരുത്. മറിച്ച്, അദ്ദേഹത്തിന്റെ ദേഷ്യം തണുക്കുമ്പോൾ സാവധാനത്തിൽ കാര്യങ്ങൾ മനസിലാക്കിക്കൊടുക്കണം. അതിൽ അദ്ദേഹത്തിന് ലജ്ജയുണ്ടാകും.

● പുറത്തുനിന്ന് വരുമ്പോൾ ഒരിക്കലും വഴക്കിടരുത്. നിങ്ങൾക്ക് എത്ര ദേഷ്യം വന്നാലും ശരി. എല്ലാ നിലക്കും അദ്ദേഹത്തിന് സൗകര്യങ്ങൾ ചെയ്തുകൊടുത്തശേഷം കാര്യങ്ങൾ പറയാവുന്നതാണ്.

● ഭാര്യാഭർത്താക്കന്മാർ മുറിയിൽ തനിച്ചാകുമ്പോൾ ഒരിക്കലും ഉച്ചത്തിൽ ശബ്ദമുണ്ടാക്കുകയോ കരയുകയോ അരുത്. കാരണം കേൾക്കുന്നവർ മറ്റെന്തെങ്കിലും ധരിക്കാൻ ഇടവരുന്നതാണ്.

● ഭാര്യാഭർത്തൃബന്ധത്തിൽ താൻപോരിമ (മിഥ്യാഭിമാനം) ശരിയല്ല. എന്തെങ്കിലും തെറ്റ് വന്ന് പോയാൽ ഭർത്താവിനെ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തി തൃപ്തനാക്കുക. അതിൽ ഒരു അഭിമാനക്കുറവും കരുതേണ്ടതില്ല.

● വഴക്കിട്ട് വീട്ടിൽനിന്ന് പോകുമെന്ന് ഭീഷണി ഉയർത്തരുത്. ഭർത്താവും ദേഷ്യത്തിൽ, എന്നാൽ പൊയ്ക്കോ എന്ന് പ്രതികരിച്ചാൽ എത്രമാത്രം അഭിമാനക്ഷതമാണുണ്ടാവുക. വീട്ടിൽ പോയിരിക്കുന്നത് ദൗർഭാഗ്യവശാൽ പോകേണ്ട ഒരു അവസ്ഥവന്നെങ്കിൽ മാത്രമായിരിക്കണം. അല്ലെങ്കിൽ അത് അഭിമാനമല്ല. മറിച്ച് അഭിമാനക്ഷതമാണ്.

● ഹ. ഉമ്മുൽ മുഅ്മിനീൻ(റ) എന്റെ ഉമ്മയെ ഉപദേശിച്ചത്, എന്തെങ്കിലും കാര്യം ഭർത്താവ് അറിയാതേയോ, മറച്ചുവെച്ചോ ചെയ്യണമെന്ന് തോന്നിയാൽ ആ കാര്യം ഒരു കാരണവശാലും ചെയ്യരുതെന്നാണ്. അതെങ്ങിനെയെങ്കിലും ഭർത്താവ് അറിഞ്ഞാൽ വിശ്വാസം മാത്രമല്ല, അന്തസ്സും നഷ്ടമാകുന്നതാണ്.

● ഭർത്താവിന്റെ വീട്ടിലെ കാര്യങ്ങൾ സ്വന്തം വീട്ടിലും സ്വന്തം വീട്ടിലെ കാര്യങ്ങൾ ഭർത്തൃവീട്ടിലും പറയരുത്. ഒരു പക്ഷേ അതൊക്കെ പിന്നീട് നിങ്ങളുടെ മനസിൽ നിന്ന് മാഞ്ഞ്പോയേക്കാം. പക്ഷേ മുതിർന്നവരുടെ ഹൃദയത്തിൽ അത് തങ്ങിനിൽക്കുന്നതാണ്. (ഇക്കാലത്ത് പെൺകുട്ടികൾ തങ്ങളുടെ വീട്ടിലെ വലുപ്പത്തരവും, സുഖസൗകര്യങ്ങളും പൊടിപ്പും തൊങ്ങലും ചേർത്ത് ഭർത്തൃവീട്ടിലും, ഭർത്തൃവീട്ടിലെ കുറവുകൾ സ്വന്തം വീട്ടിലും പറയുന്നു. അങ്ങിനെ വളരെ പെട്ടെന്ന് തന്നെ വഴക്ക് തുടങ്ങുകയും കുടുംബ ബന്ധങ്ങളെ ദുർബലമാക്കുകയും ചെയ്യുന്നു.

● ഉമ്മ ഒരിക്കലും, ഭർത്തൃവീട്ടിലെ ആളുകൾ നിങ്ങളോട് എങ്ങിനെയാണ് പെരുമാറുന്നതെന്ന് ചോദിച്ചിട്ടില്ല. എന്തെങ്കിലും പ്രയാസങ്ങൾ ഉള്ളതായി മുഖഭാവത്തിൽ കണ്ടാൽ അതേകുറിച്ച് ഒന്നും പ്രകടിപ്പിക്കാതെ ദുഃആകളിൽ മുഴുകുമായിരുന്നു.

● ഉമ്മയുടെ ഉള്ളിൽ ഭാര്യാഭർത്താക്കന്മാരുടെ എന്തെങ്കിലും ചെറിയ ചെറിയ അസ്വാരസ്യങ്ങൾ ഉണ്ടായാൽ ഉമ്മ, ഭർത്താവിന്റെ ഭാഗത്താണ് നിന്നിരുന്നത്. മാത്രമല്ല എന്നെ ഉപദേശിക്കുകയും ചെയ്തിരുന്നു. അതിലുള്ള ഒരു യുക്തി മകൾ ഏതായാലും തന്റെ മകൾ തന്നെയാണ്. പക്ഷേ മരുമകന്റെ ഹൃദയത്തെ മലീമസമാക്കേണ്ടല്ലോ എന്നതായിരിക്കും.

● ആരെയെങ്കിലും പറ്റി ഉമ്മയോട് പരാതി പറഞ്ഞാൽ അവർ ഒന്നുകിൽ കേൾക്കാത്ത പോലെയിരിക്കും.അല്ലെങ്കിൽ ഒന്നും പ്രതികരിക്കുകയില്ല.

*(സീറത്ത് വ സവാനിഹ് ഹദ്റത് സയ്യിദ നവാബ് മുബാറക്ക ബേഗം സാഹിബ (റ))*

---

സ്ഥാനം ഉണ്ടായിരിക്കും. ഞങ്ങൾ താങ്കളെ പൂർണമായും അനുസരിക്കുന്നതാണ്. താങ്കളെ അവഗണിച്ച് തീരുമാനമെടുക്കുന്നതല്ല. താങ്കൾ മുസ്ലിംകളുടെ നേതാവാണ്. താങ്കളുടെ ഉന്നതസ്ഥാനത്തെ ഞങ്ങൾ നിരോധിക്കുന്നില്ല. താങ്കളുടെ ഉപദേശത്തെ തിരസ്കരിക്കുന്നതുമല്ല.

മക്കയിലെ ഖബ്ർ കുഴിക്കുന്നയാൾ, പെട്ടെന്ന് ശ്യാമിന്റെ വിജയശിൽപിയായിമാറി. അദ്ദേഹം അവിടെ ഗവർണറായി നിയമിക്കപ്പെട്ടു.

യർമൂക്ക് വിജയത്തിന് ഏതാനും ദിവസം മുമ്പ് ഹ. അബൂബക്കർ(റ) വഫാത്തായി.

### വീണ്ടും സൈന്യാധിപൻ

ഹ. ഉമർ(റ) ശ്യാമിന്റെ നേതൃത്വവും സൈന്യാധിപസ്ഥാനവും ഹ. അബൂ ഉബയ്ദയെ ഏൽപ്പിച്ചു. പുതിയ സ്ഥാനലബ്ദിയുടെ കത്ത് കിട്ടിയപ്പോൾ യുദ്ധം കൊടുമ്പിരികൊണ്ടിരിക്കുകയായിരുന്നു. അതുകൊണ്ട് തന്നെ കത്തിനെപറ്റി അബൂഉബയ്ദ ആരോടും ഒന്നും പറഞ്ഞില്ല. യുദ്ധാവസാനത്തിലാണ് നേതൃസ്ഥാനത്തുണ്ടായിരുന്ന ഖാലിദ്(റ)നെ അറിയിച്ചത്. എന്തുകൊണ്ട് വിവരമറിയിക്കാൻ വൈകിയെന്ന് ചോദിച്ചപ്പോൾ അബൂഉബയ്ദ പറഞ്ഞത്, യുദ്ധത്തിനിടയിൽ താങ്കളെ ബുദ്ധിമുട്ടിക്കേണ്ടെന്നു കരുതിയതുകൊണ്ടാണെന്നായിരുന്നു.

### എന്റെ സഹോദരൻ

ഹ. ഉമർ(റ) ബയ്തുൽ മുഖദ്ദസിലെത്തിയപ്പോൾ എന്റെ സഹോദരനെവിടെ? എന്ന് ചോദിക്കുന്നുണ്ടായിരുന്നു. സ്വഹാബാക്കൾ ആരെയാണ് ഉദ്ദേശിക്കുന്നതെന്ന് ആരാഞ്ഞപ്പോൾ ഉമർ(റ) പറഞ്ഞു: അബൂ ഉബയ്ദ(റ). അദ്ദേഹത്തിന്റെ വീട്ടിലെത്തിയപ്പോൾ, അവിടെ ഒരു വാളും പരിചയും കസേരയും, ഒരു പാത്രവുമേ ഉമർ(റ)ന് കാണാൻ കഴിഞ്ഞുള്ളു. ഉമർ (റ) പറഞ്ഞു, കുറച്ചുകൂടി സാധനങ്ങൾ സംഘടിപ്പിക്കാമായിരുന്നില്ലേ? അബൂ ഉബയ്ദ(റ) പറഞ്ഞു: അമീറുൽ മുഅ്മിനീൻ, അതൊക്കെ ഭൗതികതയിലേക്ക് തിരിക്കാൻ ഇടയാക്കും. ഒരിക്കൽ ഉമർ(റ) പറഞ്ഞു: അബൂ ഉബയ്ദ, ഭൗതികലോകം ഞങ്ങളെയൊക്കെ മാറ്റിയിരിക്കുന്നു. താങ്കളെയൊഴികെ.

### അബൂ ഉബയ്ദയുടെ വസിയ്യത്ത്

ജനങ്ങളെ ഞാൻ ഒരു വസിയ്യത്ത് ചെയ്യുകയാണ്. അത് അനുസരിച്ചാൽ നിങ്ങൾക്ക് നല്ലത്. നമസ്കാരം നിലനിർത്തുക, സക്കാത്ത് കൊടുക്കുക, റമദാനിൽ നോമ്പനുഷ്ഠിക്കുക. സദ്ഖ കൊടുത്തുകൊണ്ടിരിക്കുക. ഹജ്ജ് ചെയ്യുക. ഉംറ ചെയ്യുക. പരസ്പരം നന്മ ഉപദേശിക്കുകയും നിങ്ങളിലെ അധികാരസ്ഥൻമാരുടെ നന്മ ആഗ്രഹിക്കുകയും ചെയ്യുക. അവരെ വഞ്ചിക്കരുത്. നിങ്ങളുടെ സ്ത്രീകൾ നിങ്ങളെ ഉത്തരവാദിത്വങ്ങളിൽ നിന്ന് അശ്രദ്ധരാക്കാതിരിക്കട്ടെ.... അമീറുൽ മുഅ്മിനീന് എന്റെ സലാം എത്തിക്കുക. എല്ലാ അമാനത്തുകളും കൊടുത്തിരിക്കുന്നുവെന്ന് അദ്ദേഹത്തെ അറിയിക്കുക.

### തിരുനബിയുടെ സ്നേഹിതൻ

ഹ. ആയിശ(റ) പറയുന്നു: നബി(സ)ന് ഏറ്റവും കൂടുതൽ ഇഷ്ടം അബൂബക്കറിനോടും അതിനു ശേഷം ഹ. ഉമർ(റ)നോടും പിന്നെ അബൂ ഉബയ്ദബിൻ ജർറാഹിനോടുമായിരുന്നു.

ഒരിക്കൽ ഉമർ(റ) പറഞ്ഞത്, ഞാൻ ആഗ്രഹിക്കുന്നത് അബൂ ഉബയ്ദയെപ്പോലുള്ള ആളുകളെ കൊണ്ട് നിറഞ്ഞ വീടുവേണമെന്നാണ്. ഉമർ(റ) ഒരു സന്ദർഭത്തിൽ നാലായിരം ദിർഹമും നാനൂറ് ദിനാറും അബൂ ഉബയ്ദക്ക് കൊടുത്തയച്ചു. അദ്ദേഹം അതു മുഴുവനും സാധുക്കൾക്ക് വിതരണം ചെയ്യുകയാണുണ്ടായത്.

### രൂപം

മെലിഞ്ഞ ശരീരവും ചിതറിയ താടിയും ഉയർന്ന നെഞ്ചുമായിരുന്നു. 58ാമത്തെ വയസിൽ രണ്ടാം ഖിലാഫത്ത് കാലത്താണ് വഫാത്തായത്. രണ്ട് ഭാര്യമാരിൽ 2 മക്കളുണ്ടായിരുന്നെങ്കിലും മക്കൾ രണ്ടുപേരും മക്കളില്ലാതെ മരണപ്പെടുകയാണുണ്ടായത്.

(അവ: റോഷൻ സിത്താരെ,by ഗുലാം ബാരിസൈഫ്, റബ്വ
ആശയാനുവാദം:എ. നാസിർ)

പ്രത്യേക അഭിമുഖം 9.2.2008

സമ്പാ: കെ.വി.ഹസ്സൻകോയ

# യു.കെ.യിലെ താമസം



**പ്രതിനിധി:** ഹുസൂർ നമ്മളിപ്പോൾ ആഫ്രിക്കയെക്കുറിച്ച് സംസാരിച്ചു. ഹുസൂർ ഇപ്പോൾ 5 വർഷമായി താമസിക്കുന്നു. യു.കെ.യെ സംബന്ധിച്ച് പ്രത്യേകമായി ഹുസൂർ ഇഷ്ടപ്പെടുന്നതെന്താണ്?

ഹുസൂർ : - യു.കെ.യും ആഫ്രിക്കയും തമ്മിലുള്ള താരതമ്യത്തെക്കുറിച്ചാണ് താങ്കൾ ചോദിക്കുന്നത് എന്ന് ഞാൻ കരുതുന്നു. താങ്കൾ ചോദ്യം ഒന്നാവർത്തിക്കാമോ?

**പ്രതിനിധി:** യു.കെ.യെ സംബന്ധിച്ച് ഹുസൂർ ഇഷ്ടപ്പെടുന്ന എന്തെങ്കിലും ഉണ്ടോ?

ഹുസൂർ : - യു.കെ എന്നത് കൊണ്ട് താങ്കൾ ഉദ്ദേശിക്കുന്നത് യു.കെ.യിലുള്ള ജമാഅത്താണോ അതോ യു.കെ എന്ന രാജ്യമാണോ?

**പ്രതിനിധി:** രണ്ടും - പ്രത്യേകമായും രാജ്യത്തെക്കുറിച്ച്. ഇവിടുത്തെ ജനങ്ങൾ സാഹചര്യം എന്നിവ.

ഹുസൂർ : - യു.കെ.യിലെ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം ഞാൻ കണ്ടിട്ടുള്ളവരെല്ലാം ജമാഅത്തിനെ വളരെയധികം ബഹുമാനിക്കുന്നു, ഞാൻ നടക്കാൻ പോകുമ്പോൾ പോലും മുതിർന്ന ബ്രിട്ടീഷ് പൗരന്മാർ ഗുഡ്മോർണിംഗ് പറയുന്നു. അവർ വളരെ സൗഹൃദമായി പെരുമാറുന്നു. രാജ്യത്തെ സംബന്ധിച്ചിടത്തോളം ഡിസ്ട്രിക്ക് തടാകവും ഭാഗവും സ്കോട്ട്ലണ്ടും ഞാൻ ഇഷ്ടപ്പെടുന്നു.

**പ്രതിനിധി:** എന്ത് ജോലിയാണ് അങ്ങ് യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നത് ?

ഹുസൂർ : - യുവാക്കളോട് ഇക്കാര്യത്തെക്കുറിച്ച് ഞാൻ സംസാരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുമായി ചർച്ച ചെയ്തിട്ടുണ്ട്. ഗവേഷണ രംഗത്തേക്ക് പോകാനാണ് ഞാനവരെ ഉപദേശിച്ചിട്ടുള്ളത്. ഇവിടെയും പാശ്ചാത്യ രാജ്യങ്ങളിലും ഭാവികാലം ഗവേഷകരുടെ കൈകളിലായിരിക്കും. ഏഷ്യക്കാരും ആഫ്രിക്കക്കാരും സ്വയം ഗവേഷണത്തിൽ പങ്കെടുക്കണം. ശുദ്ധമായ ശാസ്ത്രവും, വൈദ്യശാസ്ത്രവും, കംപ്യൂട്ടർ സയൻസ് എന്നിവ വിഷയമായെടുക്കണം. എന്തെന്നാൽ കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഇവിടെ അച്ചടിച്ചു പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ട് പ്രകാരം ബ്രിട്ടനിലെ പ്രാദേശികരായവർ ഗവേഷണരംഗത്ത് താല്പര്യം കാണിക്കുന്നില്ല എന്ന് രേഖപ്പെടുത്തിയിരുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ ഈ രാജ്യത്തിന്റെ അതിജീവനം ഗവേഷണത്തിൽ മുന്നേറിയാൽ മാത്രവും ഏഷ്യക്കാരുടെ അതിജീവനം പ്രാദേശികമായ രീതിയിൽ ആവശ്യമുണ്ടെങ്കിലും മാത്രവുമാണ്. എനിക്ക് തോന്നുന്നത് ഹൃദയങ്ങളിൽ മറഞ്ഞു കിടക്കുന്ന ഒരു വെറുപ്പുണ്ട്. നിങ്ങൾ പ്രയോജനപ്രദമല്ലെങ്കിൽ, നിങ്ങൾ നല്ല വിദ്യാഭ്യാസമുള്ളവരല്ലെങ്കിൽ അവർ നിങ്ങളെ ഇഷ്ടപ്പെടുകയില്ല. ഇപ്പോൾപോലും ഈ ഗുപ്തമായ വെറുപ്പ് മുമ്പത്തേക്കാൾ വളർന്നുവരികയാണ്. കഴിഞ്ഞ കുറച്ചുവർഷങ്ങളായി ഉണ്ടായിട്ടുള്ള സംഭവങ്ങൾ കാരണമായാണിത്. മുസ്ലിംകൾ പ്രത്യേകിച്ചും ഗവേഷണരംഗത്ത് മുന്നേറണം.

**പ്രതിനിധി:** ജമാഅത്ത് നേരിടുന്ന ചില വെല്ലുവിളികളെ സംബന്ധിച്ചാണ് അടുത്ത സെക്ഷൻ. ഇപ്പോൾ ജമാഅത്ത് നേരിടുന്ന വലിയ വെല്ലുവിളി എന്താണ്?

ഹുസൂർ : - വാഗ്ദത്ത മസീഹ്(അ)ന്റെ ആഗമനോദ്ദേശ്യം മനുഷ്യകുലത്തെ ദൈവവുമായി അടുപ്പിക്കലാണ്. ജമാഅത്ത് നേരിടുന്ന വലിയ വെല്ലുവിളി ഇതുതന്നെയാണ്. വർത്തമാന കാലത്ത് മാത്രമല്ല ജമാഅത്തിന്റെ തുടക്കം മുതൽ ഇതുതന്നെയാണ്. ഈ ഏറ്റവും വലിയ വെല്ലുവിളി വിധിന്യായ ദിവസം വരെ നിലനിൽക്കും.

വിശുദ്ധ ഖുർആൻ പാരായണം ചെയ്തും വാഗ്ദത്ത മസീഹി(അ)ന്റെ ഗ്രന്ഥങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പാരായണം ചെയ്തും ആത്മീയാഭിവൃദ്ധി നേടി അല്ലാഹുവുമായി സാമിപ്യം പ്രാപിക്കാൻ ജമാഅത്തംഗങ്ങൾ മുഴുകണം. ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ മുഖേന പ്രകാശം നേടിക്കൊണ്ട് തങ്ങളുടെ മാനസിക കഴിവുകളും ആത്മീയനിലവാരങ്ങളും മുഖേന സുശോഭിതമാക്കണം. ഖലീഫയുടെ നിർദ്ദേശങ്ങൾ അനുസരിച്ചുകൊണ്ട് ബൈഅത്തിനോടുള്ള കൂറ് അവർ മുറുകെപ്പിടിക്കണം. ഭാവിയിലുള്ള ഖലീഫമാരുടെയും നിർദ്ദേശങ്ങൾ അനുസരിക്കണം.

**പ്രതിനിധി:** ഹുസൂർ ജമാഅത്ത് പ്രവർത്തനങ്ങൾക്ക് സമയം കിട്ടാത്തവരെ നമുക്കെങ്ങനെ പ്രവർത്തനോന്മുഖരാക്കാമെന്നാണ് അങ്ങ് വിചാരിക്കുന്നത്?

ഹുസൂർ : - ചുരുക്കത്തിൽ എങ്ങനെ പ്രവർത്തനോന്മുഖരാക്കാമെന്നാണോ?

**പ്രതിനിധി:** അതെ, ഹുസൂർ

ഹുസൂർ : - ആദ്യമായി അവർ ആരാണെന്ന് നിങ്ങൾ അവരെ ബോധവാന്മാരാക്കണം. അവരെ അഹ്മദികളാണെന്ന് ബോധ്യപ്പെടുത്തുക. അഹ്മദിയുടെ ഉദ്ദേശ്യം എന്താണ് ? അവരോട് കർക്കശമായി പെരുമാറുകയോ അവർക്ക് നിർദ്ദേശങ്ങൾ നല്കുകയോ അവർക്കെതിരിൽ നടപടി കൈക്കൊള്ളുകയോ അല്ല ചെയ്യേണ്ടത്. ഞാൻ പല അവസരങ്ങളിലും നിരവധി പ്രാവശ്യം പറഞ്ഞ പ്രകാരം സ്നേഹിതന്മാരാക്കുക. ഖുദ്ദാമുൽ അഹ്മദിയ്യയിൽ ഒരു ടീം ഉണ്ടാവണം. അവർ ദൃഢവിശ്വാസികളാവണം. അഹ്മദിയ്യത്തിനെതിരിലുള്ള ചർച്ചകൊണ്ടോ വാദങ്ങൾകൊണ്ടോ അവരും വിശ്വാസചഞ്ചലമാവരുത്. അതുപോലെ ഇസ്ലാമിനെതിരിലും മതത്തിനെതിരിലും അല്ലാഹുവിനെതിരിലും വാദഗതികൾ നടത്തിയാലും ഇടറിപ്പോവരുത്. അവരെ സ്നേഹിതന്മാരാക്കി അടുപ്പിക്കുന്ന മുല്ലാ തരക്കാരാകരുത്. ഇത് വളരെ ദൈർഘ്യമേറിയ നിരന്തരമായ നടപടിക്രമമാണ്. ഇത് ഈ ലോകം അവസാനിക്കുന്നതുവരേയുള്ള നിരന്തരമായ നടപടിക്രമമാണ്. കാരണം വിശുദ്ധ ഖുർആൻ പറയുന്നു, സക്കിർ (Zakir) നിങ്ങൾ ജനങ്ങളോട് പറഞ്ഞുകൊണ്ടേയിരിക്കുക. അല്ലാഹുവിലേക്കും സൽപ്രവൃത്തികളിലേക്കും വിളിക്കുന്നതും തുടർന്ന് കൊണ്ടേയിരിക്കുക. ലോകം നിലനിൽക്കുന്നിടത്തോളം ഖുർആനികാദ്ധ്യാപനങ്ങൾ നിലനിൽക്കുന്നിടത്തോളം ഈ പ്രക്രിയയുണ്ടാവും. മുഴുവൻ സമൂഹത്തെയും 100% പരിവർത്തനം ചെയ്യാൻ നിങ്ങൾക്കാവില്ല. എല്ലാ ഒരുത്തനേയും പ്രവർത്തനോന്മുഖനാക്കാമോ? ഇല്ല. വിവിധ തരത്തിലുള്ള ആളുകളുണ്ട്. അവരുടെ പ്രകൃതിയനുസരിച്ച് അവരെ കൈകാര്യം ചെയ്യണം.

**പ്രതിനിധി:** തങ്ങളോടു മോശമായി പെരുമാറി അല്ലെങ്കിൽ തങ്ങളോട് ജമാഅത്തംഗങ്ങൾ വേണ്ടവിധം പെരുമാറിയില്ല എന്നു പറയുന്നവരോട് എന്താണ് ചെയ്യുക?

ഹുസൂർ : - പ്രത്യേകിച്ചും ഓഫീസ് ഭാരവാഹികൾ അംഗങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് സഹിഷ്ണതകാണിക്കാം. ഔദ്യോഗിത ഭാരവാഹികൾ മോശമായി പെരുമാറിയാൽ അവരുടെ പരാതികൾ വർദ്ധിക്കുന്നു. അവസാനം അവർ ജമാഅത്തിൽ നിന്ന് വേറിട്ട് പോവുന്നു. അതിന് ഓഫീസ് ഭാരവാഹികൾ മാതൃകയാവണം. അവർ തങ്ങളുടെ മനസ്ഥിതി മാറ്റണം. അവർ വളരെ ഭക്തരായിരിക്കണം. മസീഹ് മൗഊദ്(അ) പറയുന്നു :- രാത്രിമുഴുവൻ സാത്വികതയോടെ കഴിച്ചുകൂട്ടി എന്ന് ഒരോ പ്രഭാതവും സാക്ഷ്യം പറയണം. പകൽ മുഴുവൻ ഹൃദയത്തിൽ ദൈവഭയത്തോടെ കഴിച്ചുകൂട്ടി എന്ന് രാത്രി സാക്ഷ്യം പറയണം (കിശ്തീ നൂഹ്) ഇങ്ങനെയാണ് നിങ്ങൾ പെരുമാറേണ്ടത്.

**പ്രതിനിധി:**ഹുസൂർ, ജമാഅത്ത് ജോലി, ഉദ്യോഗം, കുടുംബ ജീവിതം വ്യക്തിപരമായ വികസനം ഇവക്കിടയിൽ ശരിയായ സന്തുലനം നടത്തിയാലെന്താണ് അങ്ങയുടെ അഭിപ്രായം?

ഹുസൂർ : - ഞാൻ വിചാരിക്കുന്നു, ദിവസം 24 മണിക്കൂറുണ്ട്. എല്ലാറ്റിനും ദിവസത്തെ ഭാഗിക്കുക. നിങ്ങൾക്ക് നിങ്ങളുടെ സന്താനങ്ങളെ നിയന്ത്രിക്കണം. മക്കൾക്ക് സമയം നല്കണം. അത് വളരെ തിരക്കേറിയ സമയത്താണ്. ചിലപ്പോൾ കുട്ടികൾക്ക് തിരക്കേറിയ സമയമായിരിക്കും. കുടുംബത്തിനും ജമാഅത്തിയായി തിരക്കേറിയ സമയമായിരിക്കും സാധാരണ ഗതിയിൽ വൈകുന്നേരങ്ങളാണ് ജമാഅത്തിനും കുടുംബത്തിനും വേണ്ടി ഉപയോഗിക്കപ്പെടുന്നത്. അതിന് ഏറ്റവും ചുരു

13



ശതാബ്ദം 1911-ഡിസംബർ എസ്.

# വിവാഹവും ദുഃആയും

**ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)**

**1911 ഡിസംബർ 25ന് ചെയ്ത നിക്കാഹ് ഖുത്ത്ബ**

നിക്കാഹ് ഒരു ഉടമ്പടിയാണ്. അതിൽ മനുഷ്യൻ മറ്റൊരാളുമായി ബന്ധം സ്ഥാപിക്കുന്നു. മനുഷ്യന് തന്റെ അറിവിലുള്ള കുറവുകൊണ്ട് പ്രസ്തുത ബന്ധം നല്ലതും അനുഗൃഹീതവുമാണോ എന്ന് അറിയാൻ സാധ്യമല്ല. ചില സമയത്ത് വലിയ വലിയ ബുദ്ധിമുട്ടികൾ വരുകയും അവന്റെ ജീവിതം ദുസ്സഹമാവുകയും ചെയ്യുന്നു. നബി(സ) വലിയ ഔദാര്യമാണ് ചെയ്തുതന്നിരിക്കുന്നത്. നമുക്ക് പറഞ്ഞു തന്ന കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിച്ചാൽ ഇൻശാ അല്ലാഹ് നിക്കാഹ് തീർച്ചയായും സുഖത്തിന് കാരണമാകുന്നതാണ്. വിശുദ്ധ ഖുർആൻ നിക്കാഹിന്റെ ഉദ്ദേശ്യലക്ഷ്യമായി പറഞ്ഞ സ്വസ്ഥതയും സ്നേഹവും ഉണ്ടാകുന്നതുമാണ്.

ഏറ്റവും ആദ്യം പറഞ്ഞത്, നിക്കാഹിന്റെ ലക്ഷ്യം ദീൻ (ധാർമികം) ആയിരിക്കണമെന്നാണ്. സൗന്ദര്യത്തിൽ ആകൃഷ്ടനായോ, സമ്പത്ത് ആർജിക്കാനോ, ഉന്നതകുലബന്ധമോ ആകരുത്. ആദ്യം നിയ്യത്ത് നന്നാകണം. പിന്നെ രണ്ടാമത് ശ്രദ്ധിക്കേണ്ടത് നിക്കാഹിനു മുമ്പേ നല്ലപോലെ ഇസ്തിഖാറയും ദുഃആയും ചെയ്യണമെന്നാണ്.

(തുടർന്ന് ഹുസൂർ(റ) നിക്കാഹ് വേളയിൽ ഓതാനുള്ള ആയത്തുകളുടെ അർഥം കേൾപ്പിച്ചു. തുടർന്ന് പറഞ്ഞു) ഇതിലും ദുഃആയിലേക്കാണ് ശ്രദ്ധക്ഷണിച്ചിരിക്കുന്നത്. തങ്ങളുടെ കർമങ്ങളുടെ പരിണിയെകുറിച്ച് പരിചിന്തനം നടത്തേണ്ടതാണ്. നിക്കാഹ് അവസരത്തിലുള്ള ആശംസയിലും നബി(സ) ദുഃആയാണ്പഠിപ്പിച്ചത്. **ബാറക്കല്ലാഹു ലക്ക വ ബാറക്ക അലയ്ക്ക വ ജമഅ ബയ്നക്കുമാ ഫീ ഖയ്ർ** (തിർമദി)

അതായത് അല്ലാഹു നിങ്ങൾക്ക് അനുഗ്രഹം നൽകട്ടെ. നിങ്ങളിൽ രണ്ടുപേരിലും അനുഗ്രഹം വർഷിക്കുകയും നന്മകളിൽ യോജിപ്പിക്കുകയും ചെയ്യുമാറാകട്ടെ.

പിന്നെ ദാമ്പത്യബന്ധത്തിന്റെ അവസരത്തിലും ദുഃആ പഠിപ്പിച്ചിരിക്കുന്നു. മനുഷ്യൻ ആവേശത്തിൽ മതിമറക്കുന്ന സന്ദർഭത്തിലും ദുഃആയിലേക്ക് ശ്രദ്ധക്ഷണിച്ചത് തിരുനബി(സ)ന്റെ സമ്പൂർണതക്കുള്ള തെളിവാണ്. തിരുനബി(സ)ന് അല്ലാഹുവുമായുള്ള മഹത്തായ ബന്ധത്തെയാണ് അത് വ്യക്തമാകുന്നത്. ഇത് എല്ലാവർക്കും മനസിലാക്കാൻ കഴിഞ്ഞെന്ന് വരില്ല. ഇതിലൂടെ നബി(സ)ന്റെ ഹൃദയ ശുദ്ധിയേയും ദൈവിക ജീവിതത്തേയും കുറിച്ച് അറിയാൻ കഴിയുന്നുണ്ട്.

ശാരീരികാവേശത്തിന്റെ ഘട്ടത്തിൽ പോലും മനുഷ്യനെ എല്ലാഹുവിലേക്ക് ശ്രദ്ധിക്കാൻ പറയുന്നത് നിസ്സാര സംഗതിയല്ല. ആ സന്ദർഭത്തിൽ നബി(സ) പഠിപ്പിച്ച ദുഃആ **ബിസ്മില്ലാഹി അല്ലാഹുമ്മ ജന്നിബ്ന ശ്ശയ്ത്വാന വ ജന്നിബി ശ്ശയ്ത്വാന മാറസഖ്തനാ** (ബുഖാരി) എന്നാണ്.

അതായത്. അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവേ, ഞങ്ങളെ ശയ്ത്വാനിൽ നിന്ന് അകറ്റി നിർത്തേണമേ, ഞങ്ങൾക്ക് നൽകുന്ന സന്താനത്തേയും ശയ്ത്വാനിൽ നിന്ന് രക്ഷിക്കേണമേ!.....

ഈ ദുഃആയിൽ അത്ഭുതകരമായ ഒരു തത്വമുണ്ട്. ഇക്കാലത്ത് വൈദ്യശാസ്ത്രപരമായി കണ്ടെത്തിയിരിക്കുന്നത്, ഭാര്യാഭർത്തൃ സംസർഗ സമയത്ത്, മാത്രമല്ല, അതിനും ഒരു വർഷം മുമ്പേവരെയുള്ള ചിന്താഗതികൾ പോലും മക്കളെ സ്വാധീനിക്കുന്നുവെന്നാണ്. നോക്കുക, നബി(സ)ന്റെ ക്രാന്തദർശിത്വം എത്ര ദൂരം വരെ എത്തിയെന്ന്. നിക്കാഹിന്റെ പരിശുദ്ധബന്ധം ആരംഭിക്കുന്നതിനും മുമ്പേതന്നെ ദുഃആകളിലൂടെയാണ് മനുഷ്യന്റെ വളർച്ച ഉണ്ടാവുകയെന്ന ശിക്ഷണമാണ് തിരുനബി(സ) നൽകിയത്. ദുഃആകൾക്ക് ഇസ്തിഖാറയ്ക്കുശേഷം നിക്കാഹ് ചെയ്തവരുടെ ചിന്തകളുടെയും, ആഗ്രഹങ്ങളുടെയും അവസ്ഥ മനസിലാക്കാവുന്നതാണ്. പിന്നെ ഭാര്യാഭർത്തൃ സംസർഗവേളയിൽ ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടാൻ ദുഃആ ചെയ്താൽ, മക്കളിൽ അതിന്റെ പരിശുദ്ധപ്രഭാവം എങ്ങനെയുണ്ടാകുമെന്നതും ചിന്തിച്ചുനോക്കുക. പിന്നീട്



മക്കൾക്ക് കൊടുക്കുന്ന ശിക്ഷണം മറ്റൊരു സംഗതിയാണ്. ചുരുക്കത്തിൽ മനുഷ്യൻ ദുഃആയാണ് പ്രയോജനം നേടേണ്ടതാണ്. ഇനി ആർക്കെങ്കിലും, ഈ മാർഗം അവലംബിക്കാൻ കഴിയാതിരിക്കുകയും, ദുഃആകൾക്ക് അവസരം കിട്ടിയിട്ടുമില്ലെങ്കിൽ ആ കുറവിൽ പരിഭ്രമിക്കേണ്ടതില്ല. കാരണം നബി(സ)ന്റെ മറ്റൊരു ഔദാര്യം കൂടി നമുക്ക് മേലുണ്ട്. അവർ സത്യഹൃദയത്തോടെ ഇങ്ങനെ ദുഃആ ചെയ്യണം:

**ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ അല്ലാഹുമ്മ അജിർനീ ഫീ മുസ്വീബത്തീ വഖ്ലുഫ് ലീ ഖയ്റൻ മിൻഹാ** (മുസ്ലിം)

(അതായത്, ഞങ്ങൾ അല്ലാഹുവിൽ നിന്ന് ഉള്ളവരും അവനിലേക്ക് തന്നെ മടങ്ങേണ്ടവരുമാണ്. അല്ലാഹുവേ ഈ മുസ്വീബത്തിൽ നീ എനിക്ക് പ്രതിഫലം നൽകുകയും, അതിൽ നിന്ന് എനിക്ക് നന്മയുടെ പ്രാതിനിധ്യം നൽകുകയും ചെയ്യേണമേ)

ഞാൻ വിശ്വസിക്കുന്നത്, ആരെങ്കിലും സത്യഹൃദയത്തോടെ ഈ ദുഃആയും ഇസ്തിഗ്ഫാറും (പാപപൊറുതിക്ക് വേണ്ടിയുള്ള അർഥന) ചെയ്താൽ അല്ലാഹു തെറ്റുകുറ്റങ്ങളുടെ ദുഷ്ഫലത്തിൽ നിന്നും സംരക്ഷിക്കുന്നതാണ്. ചുരുക്കത്തിൽ നിക്കാഹിൽ ഇക്കാര്യങ്ങൾ ഓർമവെക്കുക, തീർച്ചയായും ഓർമവെക്കുക മാത്രമല്ല, ഇക്കാര്യങ്ങൾ മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുക.

(അൽഹക്കം ഭാഗം : 16)

---

ഞ്ഞിയത് ഒരിക്കൽ ഒരു സമയത്ത് ഒന്നോ രണ്ടോ മണിക്കൂറുകൾ പതിവായി ചെലവഴിച്ചാൽ നിങ്ങളുടെ കുടുംബത്തിനു വേണ്ടി സമയം ചെലവഴിക്കാൻ നിങ്ങൾക്ക് അഡ്ജസ്റ്റു ചെയ്യാം. വൈകുന്നേരം എട്ടുമണിയോടെ നിങ്ങളുടെ കുട്ടികളുടെ ഹോംവർക്ക് ചെയ്ത് സ്വതന്ത്രരാവാം. നിങ്ങളുടെ ഭാര്യയും സ്വതന്ത്രയാണ്. അപ്പോൾ നിങ്ങൾക്ക് കുറച്ചു സമയം ചെലവഴിക്കാൻ കഴിയും. താങ്കൾ എത്രമണിക്കാണ് ഓഫീസ് അടക്കുന്നത്?

**പ്രതിനിധി:** സാധാരണ ഗതിയിൽ ഞാൻ 6 മണിക്ക് ഓഫീസ് അടച്ച് ഏഴുമണിയാവുമ്പോൾ വീട്ടിൽ എത്തും.

ഹുസൂർ : താങ്കൾക്ക് വീട്ടിലെത്തുവാൻ ഒരു മണിക്കൂർ വേണമോ?

**പ്രതിനിധി:** അതെ, വീട്ടിലെത്താൻ ഒരു മണിക്കൂർ വേണം.

ഹുസൂർ : - താങ്കൾ ഓരോ ദിവസവും ഖുദ്ദാമുൽ അഹ്മദിയ്യാക്കു വേണ്ടി ചെലവഴിക്കുമോ?

**പ്രതിനിധി:** ജമാഅത്തിന്റെ പലവിധ വകുപ്പുകളിലുമായി അതിൽ കൂടുതൽ സമയം ചെലവാക്കുന്നു.

ഹുസൂർ : - നിങ്ങൾക്ക് സമയം ചെലവഴിക്കാൻ പറ്റും. ഏഴുമണിക്ക് താങ്കൾ വീട്ടിലെത്തിയശേഷം പിന്നെ താങ്കളെന്തുചെയ്യുന്നു?



**പ്രതിനിധി:** ഡിന്നർ കഴിച്ച് കുറച്ചുസമയം കുട്ടികളോടൊത്ത് ചെലവഴിക്കുന്നു.

ഹുസൂർ : - ഏതു സമയത്താണ് താങ്കൾ ജമാഅത്തിൽ പോകാറുള്ളത് ?

**പ്രതിനിധി:**എന്റെ കുട്ടികൾ വളരെ ചെറുപ്പമാണ് അവർ എട്ടുമണിക്ക് ഉറങ്ങുന്നു. അതിനുശേഷം ഞാൻ സ്വതന്ത്രനാണ്.

ഹുസൂർ :- അതാണ് താങ്കൾക്ക് നല്ലത്. താങ്കൾ കുട്ടികൾക്ക് വേണ്ടി കുറച്ചുസമയം കാണണം. പ്രത്യേകിച്ചും ഈ പാശ്ചാത്യ രാജ്യങ്ങളിൽ കുട്ടികൾ വളരുന്നതിനനുസരിച്ച് നിരവധി പ്രശ്നങ്ങൾ ഉണ്ടാവുന്നു. കുട്ടികൾക്ക് 12 - 13 വയസ്സാകുമ്പോഴും 13 മുതൽ 19 വയസ്സ് വരെയും അവരുമായി വളരെ സൗഹാർദ്ദത്തിലാവണം. അപ്പോൾ അവർ നിങ്ങളുടെ നിയന്ത്രണത്തിലാണ്. അവർക്ക് പ്രശ്നങ്ങൾ ഉണ്ടാവുമ്പോൾ അവർ നിങ്ങളുമായി ചർച്ചചെയ്യുന്നു. ജമാഅത്തിനുവേണ്ടി നിങ്ങൾ 2 മണിക്കൂർ ചെലവഴിക്കുകയാണെങ്കിൽ അത് മതിയായതാണ്.

**പ്രതിനിധി:** ഹുസൂർ, അത് മതിയാവില്ല.

ഹുസൂർ :- എല്ലാവരെ സംബന്ധിച്ചും അത് മതിയാവില്ല. ചിലർ ജമാഅത്തു ജോലിയുമായി ഇഴുകിച്ചേരുന്നു. ജമാഅത്തു കാര്യങ്ങൾക്ക് വേണ്ടി കൂടുതൽ സമയം ചെലവഴിക്കാൻ അവർ ഇഷ്ടപ്പെടുന്നു. അത് അധികമായി ചെയ്യുന്നതാണ്. എല്ലാവരെ സംബന്ധിച്ചും അത് സാധാരണമല്ല. അങ്ങനെയുള്ള ആളുകളും ഉണ്ടാവണം. അതേസമയം കുടുംബത്തിന് നിങ്ങളുടെ മേൽ ഒരവകാശമുണ്ടെന്ന കാര്യം മനസ്സിൽ വെക്കണം.

**അടുത്ത ലക്കത്തിൽ**

**- സാർവദേശീയ പ്രശ്നങ്ങൾ**

പുണ്യാത്മാക്കൾ

# ഹദ്റത് ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി

ജനനം : – 1872, ബയ്അത്ത് : – 1892
വഫാത്ത് : – 5.12.1957
പിതാവ് : – മുഹമ്മദ് അലി സാഹിബ്

**വിദ്യാഭ്യാസം**

ആദ്യകാല വിദ്യാഭ്യാസം ഗ്രാമീണ പാഠശാലയിൽ നിന്നായിരുന്നു. തുടർന്ന് 1881-ൽ സ്കൂളിൽ ചേർന്നു. ക്ലാസിൽ ഒന്നാമനായിരുന്നു. നാലാം വർഷം മതപഠനത്തേയും, മതകാര്യങ്ങളേയും കുറിച്ച് സംസാരിക്കാനുള്ള പാടവം നേടിയിരുന്നു. വെർണിക്കൽ മിഡിൽ സ്കൂളിലെ പഠനത്തിനുശേഷം ലുധിയാനയിലെ ബോർഡ് സ്കൂളിൽ ചേർന്നു.

**സംവാദങ്ങൾ**

ചെറുപ്രായത്തിൽ തന്നെ ക്രിസ്ത്രീയ, ഹൈന്ദവ പണ്ഡിതന്മാരുമായി സംവാദങ്ങൾ നടത്തിയിരുന്നു. ഇക്കാലയളവിൽ 1889-ൽ ആണ് ആദ്യമായി ഹദ്റത് മസീഹ് മൗഊദ്(അ)നെ കാണുന്നതിന് സൗഭാഗ്യം ലഭിക്കുന്നത്.

**പത്രപ്രവർത്തനം**

1891-ൽ സൂഫി മുൻശി അഹ്മദ്ജാൻ സാഹിബ് (ഇദ്ദേഹത്തിന്റെ വസതിയിലാണ് ഹ. മസീഹ് മൗഊദ്(അ) ആദ്യമായി ബയ്അത്ത് സ്വീകരിച്ചത്)ന്റെ ശിഷ്യൻമാർ ചേർന്ന് ആരംഭിച്ചിട്ടുണ്ടായിരുന്ന അൻവാറെ അഹ്മദിയ്യാ എന്ന പ്രസിദ്ധീകരണത്തിന്റെ എഡിറ്ററായി നിയമിതനായി.

**പൈസ അഖ്ബാർ**

പൈസ അഖ്ബാർ പത്രാധിപരുമായുള്ള സുഹൃത്ബന്ധത്തിൽ അദ്ദേഹം ഇർഫാനി സാഹിബിനെ പത്രാധിപ സമിതി അംഗമാക്കി. കുറച്ചു കാലം ജഹാനുമാ എന്ന പ്രസിദ്ധീകരണത്തിന്റെ എഡിറ്ററുമായിരുന്നു.

**ബയ്അത്ത്**

1892 ഫെബ്രുവരിയിലാണ് ബയ്അത്ത് ചെയ്തത്. തുടർന്ന് ആവേശത്തോടെയും ആർജവത്തോടെയും തബ്ലീഗിൽ നിരതനായി. ഇതേ തുടർന്ന് പല സ്ഥലത്തുനിന്നും മർദ്ദനവും ഏൽക്കേണ്ടിവന്നിട്ടുണ്ട്.

**ജമാഅത്തീ സേവനങ്ങൾ**

ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ ആഗ്രഹപ്രകാരം 1897 ഒക്ടോബറിൽ അൽഹക്കം എന്ന പേരിൽ ഒരു ആഴ്ചപതിപ്പ് പ്രസിദ്ധീകരിച്ചു തുടങ്ങി. ഇർഫാനി സാഹിബായിരുന്നു എഡിറ്ററായി നിയമിക്കപ്പെട്ടത്.

**ആദ്യത്തെ അഹ്മദിയ്യാ ചരിത്രകാരൻ**

ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളും പ്രസംഗങ്ങളും ഇൽഹാമുകളും മറ്റ് ദർശനങ്ങളും ഏറ്റവും ആദ്യം ക്രോഡീകരിക്കാൻ സൗഭാഗ്യം ലഭിച്ചത് ഇർഫാനീ സാഹിബിനാണ്. മാത്രമല്ല ഹുസൂർ(അ)ന്റെ കൂടെ മിക്ക യാത്രകളിലും അദ്ദേഹം ഉണ്ടായിരുന്നു.

– തഅ്ലീമുൽ ഇസ്ലാം മദ്റസയുടെ ആദ്യത്തെ ഹെഡ്മാസ്റ്ററായി ഹുസൂർ(അ) ഇദ്ദേഹത്തെ നിയമിച്ചു.

– കൂടാതെ സദ്ർ അഞ്ചുമൻ അഹ്മദിയ്യയുടെ അസി. സെക്രട്ടറിയായും സേവനത്തിന് സൗഭാഗ്യം ലഭിച്ചിട്ടുണ്ട്.

**രണ്ടാം ഖിലാഫത്ത്**

രണ്ടാം ഖിലാഫത്ത് കാലത്ത് അനിതര സാധാരണമായ നിലയിൽ സേവനത്തിന് സൗഭാഗ്യം ലഭിച്ചിട്ടുണ്ട്.

– 1924ൽ ഹ. മുസ്ലിഹ് മൗഊദ്(റ)ന്റെ യൂറോപ്പ് യാത്രയിൽ പങ്കെടുക്കാൻ സൗഭാഗ്യം കിട്ടിയിട്ടുണ്ട്.

– വിംബ്ലി കോൺഫ്രൻസിലും, ലണ്ടനിലെ മസ്ജിദ് ഫദ്ൽ ഉദ്ഘാടനത്തിലും പങ്കെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

**മക്കൾക്ക് ഉപദേശം**

ഇർഫാനി സാഹിബ് മക്കൾക്ക് എപ്പോഴും നൽകിയിട്ടുണ്ടായിരുന്ന ഉപദേശം, എല്ലാസമയത്തും, പ്രത്യേകിച്ച് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ കുടുംബത്തോടൊപ്പം നിൽക്കണമെന്നും അല്ലാഹു അവരെകുറിച്ച് പ്രത്യേകമായ നിലയിൽ സുവിശേഷം നൽകിയിട്ടുണ്ടെന്നുമായിരുന്നു.

**ഹൈദരാബാദിൽ**

1932 ഏപ്രിലിൽ ഇർഫാനി സാഹിബ് ജോലി ആവശ്യാർഥം ഹൈദരാബാദിലെത്തി. മരണം വരെയും ഇവിടെ തന്നെയായിരുന്നു.

**വഫാത്ത്**

1957 ഡിസംബർ 5ന് ജമാഅത്തിലെ ഏറ്റവും ആദ്യത്തെ പത്രപ്രവർത്തകനും, ചരിത്രകാരനും അനുഗ്രഹീത എഴുത്തുകാരനുമായ ഹദ്റത് ശേഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി ഇഹലോകവാസം വെടിഞ്ഞു.



അദ്ദേഹത്തിന്റെ വസിയ്യത്ത് അനുസരിച്ച് ഹൈദരാബാദ് അമീർ ഹദ്റത്ത് സേഠ് ഭായ് അബ്ദുല്ലാഹ് അല്ലാഹ്ദീൻ സാഹിബ് ജനാസ നമസ്കരിപ്പിക്കുകയും അമാനത്ത് ആയി ഹൈദരാബാദിൽ ഖബറടക്കുകയും ചെയ്തു.

**ഹൃദയാഭിലാഷം**

സേട്ട് സ്വാലിഹ് മുഹമ്മദ് അല്ലാഹ്ദീൻ സാഹിബ് നിവേദനം ചെയ്യുന്നു: ഞാൻ റബ്വയിൽ ജൽസാ സാലാനയിൽ പങ്കെടുക്കാൻ പോവുകയാണെന്നറിയിച്ചപ്പോൾ ഇർഫാനി സാഹിബിന്റെ കണ്ണുകൾ ഈറനണഞ്ഞു. ഗദ്ഗദ ചിത്തനായി അദ്ദേഹം പറഞ്ഞു :അവിടെ പോകുമ്പോൾ ഹദ്റത്ത് (മുസ്ലിഹ് മൗഊദ്(റ) സാഹിബിന് എന്റെ ഹൃദയവേദന അറിയിക്കണം. ഞങ്ങൾ ദൂരെയാണെങ്കിലും ഞങ്ങളുടെ ഹൃദയം ദൂരെയല്ലെന്നും. ഹുസൂറിന്റെ സാമീപ്യത്തിൽ ജീവിതം അവസാനിക്കണമെന്നതാണ് എന്റെ ഹൃദയാഭിലാഷമെന്നും പറയണം.

**ഗ്രന്ഥങ്ങൾ**

അറുപതിലധികം ചെറുതും വലുതുമായ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അവയിൽ പലതും ചരിത്രപരമായി ഏറെ പ്രാധാന്യമുള്ളവയുമാണ്.

**മക്കൾ**

1. ഹ. ശേഖ് മഹ്മൂദ് അഹ്മദ് സാഹിബ് ഇർഫാനി അൽ അസദി (ഇദ്ദേഹം കേരളത്തിൽ മുബല്ലിഗ് ആയി നിയോഗിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ ഈജിപ്തിലെ ആദ്യത്തെ മുബല്ലിഗുമായിരുന്നു. അൽഹകം പത്രാധിപരായും സേവനമനുഷ്ഠിച്ചിട്ടുണ്ട്)
2. ശേഖ് യൂസുഫ് അലി സാഹിബ് ഇർഫാനി അൽ അസദി
3. ശേഖ് ദാവൂദ് അഹ്മദ് സാഹിബ് ഇർഫാനി അൽ അസദി.

## “ I will not Leave Ahmad”

ഹദ്റത് മൗലാനാ അബ്ദുർ റഹീം സാഹിബ് നയ്യർ(റ) വിവരിക്കുന്നു: – ലേഗോസിൽ (ഘാന) അഹ്മദിയ്യത്തിനോടുള്ള എതിർപ്പ് തുടരുകയായിരുന്നു. പ്രത്യേകിച്ചും പലവീടുകളിലും പ്രായാധിക്യമുള്ള പിതാക്കൾ മക്കളോട് വളരെ കഠിനമായാണ് പെരുമാറിയിരുന്നത്. ...... ദാവൂദ് നല്ല ഉയരമുള്ള ഒരു കുട്ടിയായിരുന്നു. കുലീന കുടുംബം. റയിൽവേയിൽ ക്ലർക്കായി ജോലിനോക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് നാട്ടിൽ പ്രസിദ്ധനായിരുന്നെങ്കിലും, വിവരദോഷിയായിരുന്നു. മകൻ നീണ്ട നീണ്ട നമസ്കാരങ്ങൾ അനുഷ്ഠിക്കുന്നതാണ് പിതാവിനെ പ്രകോപിതനാക്കിയിരുന്നത്. പാവം ദാവൂദ്, നിറകണ്ണുകളുമായി എന്റെടുത്ത് വന്ന് പറഞ്ഞു, ഇന്ന് രാത്രി 4 മണിക്ക് ഞാൻ തഹജ്ജുദ് നമസ്കരിക്കുമ്പോൾ എന്റെ ഉപ്പ എന്നെ മർദ്ദിച്ചു. ഒരിക്കൽ ഞാൻ നിശബ്ദനായി സഹിച്ചു. പക്ഷേ രണ്ടാം ഘട്ടം ആവർത്തിച്ചപ്പോൾ വേദന സഹിക്കാതെ ഞാൻ വീട്ടിൽ നിന്ന് പുറത്തിറങ്ങിയാണ് നമസ്കരിച്ചത്.

എന്റെ ഉപ്പ പറയുകയാണ്, നിങ്ങൾ അഹ്മദികൾ വല്ലാതെ നീട്ടി നമസ്കരിക്കുന്നു. പള്ളിയിൽ സാധാരണ ഓരോരുത്തരായി വന്ന് നമസ്കാരം കഴിഞ്ഞ് പോയാലും നിന്റെയൊന്നും ഒരു റക്കഅത്ത് പോലും തീരുന്നില്ലല്ലോ? നിന്റെ മൗലവി, നിന്നിലൊക്കെ സിഹ്ർ ചെയ്തിരിക്കുകയാണ്. ആ വിനാശകാരിയായ വെള്ളമനുഷ്യനാണ് നിന്റെ ഉപ്പ, ഞാനല്ല. മൂന്ന് ദിവസത്തെ സമയം തരാം അതിനുള്ളിൽ വീട്ടിൽ നിന്ന് ഇറങ്ങിപൊയ്ക്കോ.

ദാവൂദ് പിതാവിനോട് പറഞ്ഞു.

Father, listen, I will leave your home, but I will not leave Ahmed ഉപ്പാ, ശ്രദ്ധിച്ച് കേട്ടോളൂ, ഞാൻ നിങ്ങളുടെ വീട്ടിൽ നിന്ന് ഒഴിഞ്ഞുപോകാം പക്ഷേ എനിക്ക് ഹ.അഹ്മദ്(അ)നെ ഒഴിവാക്കാൻ സാധ്യമല്ല. (നയ്യറെ അഹ്മദിയ്യത്ത്)

വാഗ്ദത്ത മസീഹിന്റെ കത്തുകൾ

സമ്പാ: ഇബ്നു.എസ്.ഹമീദ്

# യഥാർഥ സ്നേഹിതർ

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

എനിക്ക് എത്രയും പ്രിയമുള്ള നവാബ് സാഹിബ്

السلام علیکم ورحمۃ اللہ وبرکاتہ

താങ്കളെ ബുദ്ധിമുട്ടിക്കാനുള്ള ഒരു കാര്യം, ഞാൻ താങ്കൾക്ക് 500 രൂപ കടം തിരിച്ച്തരാനുണ്ട്. നിശ്ചിത കാലപരിധിയിൽ ഇനി എത്ര തരാനുണ്ട് എന്ന് എനിക്കറിയില്ല. കടത്തിന്റെത് വളരെ ദുർബലവും, ഭയാനകവുമായ ഇടപാടാണ്. എന്റെ ഓർമ നല്ലതല്ല. അഞ്ച് വർഷംകൊണ്ട് തരാമെന്നാണ് വാഗ്ദാനമെന്ന് തോന്നുന്നു. അതിൽ എത്രകാലം കഴിഞ്ഞെന്ന് അറിയില്ല. ആയുസിന് ഒരു ഉറപ്പുമില്ല. ദയവുചെയ്ത് എത്ര സമയം ബാക്കിയുണ്ടെന്ന് താങ്കൾ അറിയിച്ചാലും. അങ്ങിനെ സാധ്യമാകുന്നിടത്തോളം അതേകുറിച്ചുള്ള വേവലാതിയിൽ കാലാവധിക്കുള്ളിൽ തന്നുതീർക്കാമല്ലോ. ഒറ്റത്തവണയല്ലെങ്കിൽ പലതവണകളായെങ്കിലും ഞാനത് അയക്കാം. എത്രയും വേഗം വിവരം തരുമെന്ന് കരുതുന്നു. പിന്നെ അതേകുറിച്ച് ചിന്തിക്കാമല്ലോ. കാരണം കടവും ലോകത്തിലെ വിനകളിൽ ഒരു വിനയാകുന്നു. അതിൽ നിന്ന് വിടുതലിലാണ് സമാധാനമുള്ളത്.

മറ്റൊരു കാര്യം പറയാനുള്ളത്, ജനാബ് ഭ്രാതാ മൗലവി സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് ഏകദേശം രണ്ടാഴ്ചയായി ഖാദിയാനിലുണ്ട് നമ്മുടെ പരസ്പരമുള്ള നല്ല ധാരണയനുസരിച്ച് മാസം തോറും ഇരുപത് രൂപ ഈ പ്രസ്ഥാനത്തിന്റെ പ്രചാരകനും ഉപദേശിയും എന്ന നിലക്ക് അദ്ദേഹത്തിന് കൊടുക്കാൻ താങ്കൾ തീർച്ചപ്പെടുത്തിയിരുന്നു. അങ്ങിനെ കുറച്ചുകാലം കൊടുക്കുകയും ചെയ്തു. ഏതായാലും താങ്കൾക്ക് അതിന്റെ പ്രതിഫലം ലഭിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പക്ഷേ കുറച്ചുമാസമായി അദ്ദേഹത്തിന് ഒന്നും കിട്ടിയിട്ടില്ല. ഇപ്പോൾ ഇക്കാര്യം താങ്കളോട് പറയാൻ മനസ് അനുവദിക്കുന്നില്ല. പക്ഷേ മൗലവി സാഹിബ് ഇവിടെ താമസിക്കുകയാണ്. അതുകൊണ്ട് അദ്ദേഹത്തെ കുറിച്ച് താങ്കൾ ഉചിതമായി തോന്നുന്നത് എനിക്കുള്ള മറുപടിയിൽ എഴുതണം. യഥാർഥത്തിൽ മൗലവി സാഹിബ് സത്യസന്ധനായ സുഹൃത്തും, യാഥാർഥ്യങ്ങൾ നല്ലപോലെ അറിയുന്ന ആളുമാണ്. അദ്ദേഹം മദ്രാസ്, ബാംഗ്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ പര്യടനം നടത്തി ആയിരക്കണക്കിന് ആളുകളുടെ ഹൃദയത്തിൽ നിന്ന് കുഫ്റിന്റെയും കളവിന്റെയും പൊടിപടലങ്ങൾ ദൂരീകരിച്ചു. മാത്രമല്ല ആയിരക്കണക്കിന് ആളുകളെ ഈ പ്രസ്ഥാനത്തിൽ ചേർക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സ്ഥൈര്യവും വിശ്വാസദാർഢ്യവും നേരത്തേതിലും അധികം അഭിവൃദ്ധിപ്പെട്ടിരിക്കുന്നു. നമ്മുടെ ജമാഅത്ത് ദരിദ്രരുടെയും ദുർബലരുടെയും ജമാഅത്താണെങ്കിലും അല്ലാഹു ഈ ഉലമാക്കളുടെയും, ഗവേഷകരുടെയും ജമാഅത്തിനെയാണ് ഇഷ്ടപ്പെടുന്നത്. ഇവരെയാണ് ഞാൻ മുത്തഖീംകളും, ദൈവ ഭയമുള്ളവരും, യാഥാർഥ്യങ്ങൾ ഉൾക്കൊള്ളുന്നവരുമായി കാണുന്നത്. അല്ലാഹു സൽഹൃദയരേയും സൽപ്രകൃതരേയും ഓരോ ദിവസവും ഇതിലേക്ക് വലിച്ചുകൊണ്ടുവരുന്നു.

ഫൽഹംദുലില്ലാഹി അലാ ദാലിക്.

വിനീതൻ

മിർസാ ഗുലാം അഹ്മദ്,

ഖാദിയാൻ

9, ഡിസംബർ, 1894



## വിജ്ഞാനവേദി

ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )

### ഗവർമെന്റ് നിയന്ത്രണത്തിലുള്ള ലോട്ടറി വാങ്ങുന്നത് അനുവദനീയമാണോ?

ലോട്ടറി ഗവർമെന്റിന്റെ നിയന്ത്രണത്തിലുള്ളതോ മറ്റാരുടെ നിയന്ത്രണത്തിലുള്ളതോ ആണെങ്കിലും വാങ്ങാൻ അനുവാദമില്ല. എന്നാൽ എന്തെങ്കിലും സാധനങ്ങൾ വാങ്ങുമ്പോൾ - സാധനങ്ങൾ ഏതായാലും വാങ്ങേണ്ടതാണ് - അതോടൊപ്പം വല്ല ലോട്ടറി ടിക്കറ്റും തരുന്നുവെങ്കിൽ അത് അനുവദനീയമാണ്. കാരണം നിയ്യത്ത് ലോട്ടറിയുടേതല്ല. എന്നാൽ ലോട്ടറി, ലോട്ടറിയുടെ പൈസ നേടുകയെന്ന ലക്ഷ്യത്തോടെ വാങ്ങുന്നത് ഒരു വിധത്തിലും അനുവദനീയമല്ല. (അന്നസ്ർ ലണ്ടൻ 21-1-87)

### ഹർത്താലിനെ സംബന്ധിച്ച് ഇസ്ലാം എന്തു കൽപ്പിക്കുന്നു?

ഹർത്താൽ ഒരുതരം രാജ്യദ്രോഹം ആണെന്നും അതുകൊണ്ട് അഹ്മദിയ്യാ ജമാഅത്ത് അതിൽ പങ്കെടുക്കരുത് എന്നുമായിരുന്നു തുടക്കത്തിൽ അഹ്മദിയ്യാ വീക്ഷണം.

എന്നാൽ ഇന്ന് എല്ലാ ഗവൺമെന്റുകളും ഹർത്താൽ നിയമപരമായി അനുവദിക്കുകയും, എല്ലാ യൂണിയനുകൾക്കും - പാക്കിസ്ഥാനിൽ മാത്രമല്ല ലോകം മുഴുവനും അതിനുള്ള അവകാശവും നൽകിയിരിക്കുന്നു. ഈ പുതിയ സാഹചര്യത്തിൽ അഹ്മദിയ്യാ വീക്ഷണത്തിലും മാറ്റം വന്നിട്ടുണ്ട്. കോടതികൾ നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിക്കുന്ന ഹർത്താലുകളിൽ അഹ്മദികൾ പങ്കെടുക്കരുത്. കോടതികൾ നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിക്കാത്ത ഹർത്താലുകളിൽ അഹ്മദികൾ പങ്കെടുക്കുന്നുവെങ്കിൽ അതൊരിക്കലും നിയമവിരുദ്ധമാവില്ല. കൂടാതെ ഇത് ഓരോരുത്തരുടെയും വ്യക്തിപരമായ അവകാശം കൂടിയാണ്.

ഏതെങ്കിലും ഒരാൾ തന്റെ വ്യക്തിപരമായ വീക്ഷണങ്ങൾ കാരണം ഹർത്താലിൽ പങ്കെടുക്കുന്നില്ലെങ്കിൽ അതയാളുടെ അടിസ്ഥാനപരമായ അവകാശമാണ്. ഹർത്താലിൽ പങ്കുചേരാൻ അയാളെ ആർക്കും നിർബന്ധിക്കാൻ അവകാശമില്ല. ഇന്ന് കാണുന്ന അധികം വഴക്കുകൾക്കുമുള്ള അടിസ്ഥാനകാരണം ഹർത്താൽ പരാജയമാണെന്നു കാണുമ്പോൾ മറ്റുള്ളവരെ നിർബന്ധപൂർവ്വം അതിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്നുവെന്നതാണ്. അത് ശരിയല്ല. (9-8-86)

### യൂനുസ്നബി(അ) മത്സ്യത്തിന്റെ വയറ്റിൽ കയറിയതിനെക്കുറിച്ച് ചോദിച്ചതിന് മറുപടിയായി ഹുസൂർ പറഞ്ഞു:-

വായിൽ പല്ലുകൾ ഇല്ലാത്ത ഒരുതരം നീലതിമിംഗലമുണ്ട്. അതിനുൾഭാഗം പൊള്ളയായിരിക്കും. അതിനുള്ളിൽ വളരെയധികം വായു ഉണ്ടായിരിക്കും. അതുസംബന്ധിച്ച് ശാസ്ത്രജ്ഞന്മാർ പറയുന്നത് തിമിംഗലം എന്തിനെയെങ്കിലും വിഴുങ്ങിയാൽ അതിനെ ഛർദിക്കുമെന്ന് മാത്രമല്ല, സമുദ്രതീരത്ത് എത്തി ഛർദിക്കുന്നത് അതിന്റെ സ്വഭാവം കൂടിയാണ്. ഹദ്റത്ത് യൂനുസ് (അ)നെ വിഴുങ്ങിയ മത്സ്യവും ഇത്തരത്തിൽ പെട്ടതായിരിക്കും. വിശുദ്ധഖുർആനിൽ ഹദ്റത്ത് യൂനുസ്(അ) മൂന്ന് ദിവസം മത്സ്യത്തിന്റെ വയറ്റിൽ ജീവനോടെ കഴിഞ്ഞതായി പറയുന്നില്ല. എത്ര സമയമെന്ന കാര്യം വിശുദ്ധഖുർആനിൽ പറഞ്ഞിട്ടില്ല. മത്സ്യത്തിന്റെ വയറ്റിൽ ജീവനോടെ കഴിയാൻ പറ്റുന്നത്രയും സമയം മാത്രം അദ്ദേഹമവിടെ കഴിഞ്ഞു. മത്സ്യം അദ്ദേഹത്തെ ഛർദിച്ച സമയംവരെ മാത്രം. വിശുദ്ധഖുർആന്റെ വിവരണമനുസരിച്ച് അദ്ദേഹം അപ്പോൾ സഖീം (രോഗി) ആയിരുന്നു. 26-7-96 (ബദ്ർ 29-8-96)

*സമ്പാ : അബൂസ്വബാഹ്.*

## നമുക്ക് താരതമ്യം ചെയ്യാം

ആഫ്താബ്

ثُمَّ يَأْتِي مِنْ بَعْدِ ذَٰلِكَ عَامٌ فِيهِ يُغَاثُ
النَّاسُ وَفِيهِ يَعْصِرُونَ (12:50) ع

# മഴയും പഴച്ചാറും

### ജമാഅത്തെ ഇസ്ലാമി

അനന്തരം ഒരു വൽസരം വരും. അന്ന് ജനങ്ങൾക്ക് അനുഗ്രഹവും സുഭിക്ഷതയും ലഭിക്കും. അന്ന് അവർ ഫലങ്ങളിൽ നിന്ന് എണ്ണയും മറ്റും പിഴിഞ്ഞെടുക്കുകയും ചെയ്യും (തഫ്ഹീമുൽ ഖുർആൻ (മലയാളം) ഭാഗം : 2, by മൗലാനാ മൗദൂദി, പ്രസാധനം : ഐ.പി.എച്ച്. കോഴിക്കോട്)

**മൂലഗ്രന്ഥത്തിൽ :** ***ബാറാനെ റഹ്മത്ത് സെ ലോഗോംകി ഫർയാദ് റസീ കീജായേഗി ഔർ വോ റസ് നിച്ചോടേങ്കേ*** (അനുഗ്രഹ മഴ കൊണ്ട് ജനങ്ങളുടെ ദുഃഖം അകറ്റപ്പെടുകയും അവർ ചാറ് പിഴിഞ്ഞെടുക്കുകയും ചെയ്യും) എന്നാണുള്ളത്.

### കേരള നദ്‌വത്തുൽ മുജാഹിദീൻ

പിന്നെ അതിനുശേഷം ഒരു സംവൽസരം വരും. അതിൽ മനുഷ്യർക്കു (മഴ മൂലം) രക്ഷ നൽകപ്പെടും. അതിൽ അവർ പിഴിഞ്ഞെടുക്കുക (ആട്ടിയെടുക്കുക)യും ചെയ്യും.
(വിശുദ്ധ ഖുർആൻ വിവരണം ഭാഗം : 2, by അമാനി മൗലവി. പ്രസാധനം: കെ.എൻ.എം. കോഴിക്കോട്, 2000)

### സഊദിഅറേബ്യ

പിന്നീട് തന്ന ശേഷം ഒരു വർഷംവരും. അന്ന് ജനങ്ങൾക്ക് സമൃദ്ധി നൽകപ്പെടുകയും അന്ന് അവർ (വീഞ്ഞും മറ്റും) പിഴിഞ്ഞെടുക്കുകയും ചെയ്യും.

### അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

പിന്നീട് അത് കഴിഞ്ഞ് ഒരു കൊല്ലം വരും. അതിൽ ജനങ്ങൾക്ക് സങ്കടവൃത്തിവരുത്തപ്പെടും. അതിൽ അവർ പരസ്പരം സമ്മാനം നല്കുകയും ചെയ്യും. *(വിശുദ്ധ ഖുർആൻ മലയാള പരിഭാഷ)*

---

മറ്റു പരിഭാഷകർ യുആസു എന്ന വാക്കിന്റെ അർത്ഥം സമൃദ്ധിയായി മഴ ലഭിക്കും എന്നുപറഞ്ഞിട്ടുണ്ട്. ഈജിപ്തിലെ ആ പ്രദേശങ്ങളിൽ മഴയുണ്ടാകാറില്ലെന്നും ഇത് ഖുർആന്റെ അറിവില്ലായ്മയാണെന്നും ക്രിസ്തീയഗ്രന്ഥകാരൻമാർ ഇതിനെ സംബന്ധിച്ച് ആക്ഷേപിച്ചിരിക്കുന്നു. ആദ്യമായി പറയുവാനുള്ളത്, അവിടെ ഒരിക്കലും മഴയുണ്ടാകാറില്ലായെന്ന് പറയുന്നത് ശരിയല്ല. കാരണം കുറച്ചു മഴ അവിടെ ഉണ്ടാകാറുണ്ട്. രണ്ടാമതായി, യുആസു എന്ന വാക്കിന് സങ്കടനിവൃത്തിവരുത്തപ്പെടും എന്നും അർത്ഥമുണ്ട്. ഇതിൽ ഒരു ആക്ഷേപവും ഇല്ലതന്നെ. അല്ലാഹുവിന് മുസ്തആസു (സങ്കടനിവാരണത്തിനായി പ്രാർഥിക്കപ്പെടുന്നവൻ) എന്ന ഒരു നാമം കൂടിയുണ്ട്. ഇവിടെ ഈ അർത്ഥമാണ് പ്രസ്തുത പദത്തിന് കൊടുത്തിട്ടുള്ളത്.
യുഅ്സ്വിറൂന എന്ന വാക്കിന് സാധാരണയായ വീഞ്ഞും എണ്ണയും പിഴിഞ്ഞെടുക്കുകയെന്ന അർഥം പറയപ്പെടുന്നു. എന്നാൽ അതിന് ഭാഷയിൽ സമ്മാനം ലഭിക്കുക എന്നും അർഥമുണ്ട്. സന്തോഷാവസരങ്ങളിൽ മനുഷ്യർ പരസ്പരം ഇപ്രകാരം ചെയ്യാറുണ്ടല്ലോ. ക്ഷാമകാലത്തിനുശേഷം ഐശ്വര്യവും സുഭിക്ഷതയും വന്നപ്പോൾ ജനങ്ങൾ സന്തോഷംകൊണ്ടാടുകയും അതിൽ പരസ്പരം സമ്മാനവും സൽക്കാരവും നല്കുകയും ചെയ്തിട്ടുണ്ടാവണം. ഇതുകൊണ്ട് യുഅ്സ്വിറൂന എന്ന വാക്കിന് സമ്മാനം നല്കും എന്ന അർഥമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്.





ബാലപംക്തി

# - തിക്തഫലം -

**ഹ. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)**

അയാസും മഹ്മൂദും തമ്മിലുള്ള സംഭവമാണ്. ഒരു ദിവസം രാജകൊട്ടാരത്തിൽ വളരെ നല്ല ഗർമാ കൊണ്ടുവന്നു. ഗർമാ എന്നത് ഒരു പഴമാണ്. അതിനെ കഷ്ണങ്ങളാക്കിയിട്ടാണ് ഭക്ഷിക്കുക. വളരെ മധുരമുള്ള ഫലവർഗമാണ്. ചില സമയങ്ങളിൽ വരൾച്ച കാരണത്താലോ മറ്റെന്തെങ്കിലും രോഗങ്ങൾ കാരണത്താലോ ചില ഫലങ്ങൾ വളരെ കയ്പായിരിക്കും. അത്തരം ഫലങ്ങളുടെ കയ്പിന്റെ കാഠിന്യം വളരെ അസഹ്യമായിരിക്കും. എന്തായാലും ആരോ വളരെ സ്നേഹത്തോടെ രാജാവിന് സമർപ്പിച്ച ഒരു ഫലമായിരുന്നു. രാജാവ് അത് മുറിച്ചു, ആദ്യ കഷ്ണം അയാസിന് കൊടുത്തു. അയാസ് അതീവ



താത്പര്യത്തോടെ ആസ്വദിച്ചു കഴിക്കുന്നതു കണ്ടപ്പോൾ രാജസദസ്സിലെല്ലാം തന്നെ, തങ്ങൾക്കും അതിൽ നിന്ന് ഒരു പങ്ക് കിട്ടാൻ ഊഴവും കാത്തിരുന്നു. അവരുടെ വായ്കളിൽ വെള്ളം നിറഞ്ഞു. രാജാവ് അയാസിന്റെ ആനന്ദം കണ്ട് ഇരുന്നാസ്വദിച്ചു. പിന്നീട് അതിൽ നിന്നും മറ്റൊരു കഷ്ണം മുറിച്ച് രാജാവ് മന്ത്രിക്കു നൽകി. മന്ത്രി അത് വായിലേക്ക് വച്ചതേയുള്ളൂ അപ്പാടെ പുറത്തേക്ക് തുപ്പി. അയാൾക്കത് കഴിക്കാൻ സാധിച്ചില്ല. അയാളുടെ മുഖത്തിന്റെ നിറം തന്നെ മാറി. വളരെ ദുസ്സഹമായിതോന്നുകയും ചെയ്തു. രാജാവ് ചോദിച്ചു നിങ്ങൾക്കെന്തുപറ്റി? മന്ത്രി പറഞ്ഞു. മഹാരാജാവേ! ഇത് വളരെ കയ്പുള്ളതും ഒട്ടും രുചിയില്ലാത്തതുമാണ്. പുറത്തുപോയി തുപ്പാൻ പോലും എനിക്ക് സാധിച്ചില്ല. അത്രയും അസഹ്യമായിരുന്നു. അതിനാലാണ്എന്നിൽ നിന്ന് ഈ അപമര്യാദ സംഭവിച്ചത്. ഇതുകേട്ടപ്പോൾ രാജാവ് പ്രതിവചിച്ചു. അയാസ് എന്നു പറയുന്നത് ആരെയാണെന്ന് നിങ്ങൾക്കു മനസ്സിലായോ? എന്നോടുള്ള സ്നേഹത്താൽ വളരെ കയ്പുണ്ടായിട്ടും ആ ഫലം അയാൾ ഭക്ഷിച്ചു. ഞാൻ അവനോട് ഔദാര്യം കാണിക്കുകയാണെന്ന് അവനറിയാമായിരുന്നു. മധുരമുള്ളതും അവന് കിട്ടാറുണ്ടായിരുന്നു. അതിനാൽ കയ്പുള്ളതിനേയും അതേ സ്നേഹത്തോടെ അവൻ സ്വീകരിച്ചു. യാതൊരു ഭാവവ്യത്യാസവും അവന്റെ മുഖത്ത് ഉണ്ടായില്ല എന്നു മാത്രമല്ല, ഇത് വളരെ മധുരമുള്ളതാണെന്നും



ഇതിനേക്കാൾ മധുരമുള്ള ഒന്ന് ഇനി കിട്ടാനുമില്ല എന്നും തോന്നിപ്പോകുമായിരുന്നു. ഈ വ്യത്യാസമാണ് സ്നേഹത്തിന്റെ അവകാശവാദം ഉന്നയിക്കുന്ന ഒരു സാധാരണക്കാരനിലും യഥാർത്ഥ പ്രേമിയിലും പ്രകടമാകുന്നത്. അതിനാൽ നിങ്ങളോട് ദുആയുടെ കാര്യം പറയുമ്പോൾ, അല്ലാഹു ദുആ സ്വീകരിക്കുന്നവനാണ് എന്നു പറയുമ്പോൾ, അവൻ കുട്ടികളിലും കാരുണ്യം വർഷിക്കുന്നവനാണ് എന്ന് നിങ്ങൾ മനസ്സിലാക്കുക. പക്ഷേ അവൻ ഉടമസ്ഥനാണ്. അവൻ ഇച്ഛിക്കുമ്പോൾ നൽകുകയും അവൻ ഇച്ഛിക്കുമ്പോൾ നൽകാതിരിക്കുകയും ചെയ്യുന്നു. കൂടുതൽ പാരിതോഷികങ്ങൾ ലഭ്യമാകുന്നതിനു വേണ്ടി മറ്റു ചില പരീക്ഷണങ്ങളിലും അവൻ നമ്മെ അകപ്പെടുത്തുന്നു. മറ്റു ചില പരീക്ഷണങ്ങൾ എന്നു പറയുന്നത് വെറും ഭൗതിക പരീക്ഷണങ്ങൾ മാത്രമല്ല എന്ന കാര്യവും നിങ്ങൾ മനസ്സിലാക്കുക. ഏതുപോലെ ധന പരീക്ഷണത്തിന്റെ പ്രതിഫലമായി പാരിതോഷികങ്ങൾ ലഭിക്കുന്നുവോ അതുപോലെ ഇത്തരം പരീക്ഷണങ്ങളുടെ പ്രതിഫലമായും പാരിതോഷികങ്ങൾ ഇറങ്ങുന്നതാണ്.

(മശ്അലെ രാഹ് - വാള്യം - 3, പേജ് - 61, 62 )


വിവർത്തനം - എ. നസീം അഹ്മദ്



ദഅ്‌വത്തെ ഇലല്ലാഹ്

സഗീർ എച്ച്.എസ്

# റഷ്യൻ ഓഫീസർമാർക്ക് തബ്‌ലീഗ്



ഹദ്റത് മൗലാനാ സുഹൂർ ഹുസയ്ൻ സാഹിബ് (റഹ്) ആദ്യമായി റഷ്യയിലേക്ക് നിയോഗിക്കപ്പെട്ട മുബല്ലിഗായിരുന്നു. അദ്ദേഹം എഴുതുന്നു: ആസിഡ് പോലുള്ള സാധനങ്ങൾ മുതുകിൽ ഒഴിച്ച് നിർത്തിയിരുന്നു. അതു കാരണം വലിയ വലിയ ദ്വാരങ്ങളും മുറിവുകളും ഉണ്ടായി. ഹദ്റത് സാഹിബ് സാദാ മിർസാ ത്വാഹിർ അഹ്മദ് സാഹിബ് (ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)) കുട്ടിക്കാലത്തും, യുവത്വത്തിന്റെ ആരംഭ കാലത്തും പലപ്രാവശ്യം എന്റെ മുറിവുകൾ കണ്ട് കണ്ണു നിറച്ചിരുന്നു.

ആശുപത്രിയിൽ കുറച്ചുമാസം ധനികനെപ്പോലെ ജീവിച്ച് വീണ്ടും ജയിലിലേക്ക് വന്നപ്പോൾ എന്റെ മോചനത്തിന്റെ തീരുമാനമായതായി അറിയാൻ കഴിഞ്ഞു. അങ്ങിനെ അവസാനമായി ബോർഡിനു മുന്നിൽ എന്നെ ഹാജരാക്കി. രണ്ട് ഡസനോളം റഷ്യൻ ഓഫീസർമാർ കസേരകളിൽ ഉപവിഷ്ടരായിരുന്നു. ഞാൻ എത്തിയ ഉടനെ എല്ലാവർക്കും അസ്സലാമു അലയ്ക്കും എന്ന് അഭിവാദ്യം ചെയ്തുകൊണ്ട് റഷ്യൻ ഭാഷയിൽ അതിന്റെ പരിഭാഷയും കേൾപ്പിച്ചു.

ഒരു ഓഫീസർ എന്നോട് കസേരയിൽ ഇരിക്കാൻ പറഞ്ഞു. വലിയ ഓഫീസർ, അവരുടെ നടുവിലാണ് ഇരുന്നിരുന്നത്. അദ്ദേഹം എന്നോട് ചോദിച്ചു : നിങ്ങൾ ദൈവാസ്തികൃത്തിന്റെ വക്താവാണോ? ഞാൻ എഴുന്നേറ്റ് നിന്ന് അത്യാവശ്യം ഉച്ചത്തിൽ വൈകാരികമായി പറഞ്ഞു: ഞാൻ ദൈവത്തെ അംഗീകരിക്കുന്നുവെന്ന് മാത്രമല്ല, ഞാൻ അവന്റെ ശക്തികളും കഴിവുകളും സംബന്ധിച്ച് അനുഭവസ്ഥനുമാണ്. അവിടെ ഹാളിൽ ലെനിന്റെ വലിയൊരു ചിത്രം തൂങ്ങിയിരുന്നു. ഞാൻ ആ ചിത്രത്തിലേക്ക് ചൂണ്ടിക്കൊണ്ട് പറഞ്ഞു : ഈ മനുഷ്യൻ ദൈവാസ്തിക്യം നിഷേധിച്ചുകൊണ്ട് വലിയൊരു തെറ്റാണ് ചെയ്തിരിക്കുന്നത്. ഞാനിത് പറഞ്ഞപ്പോൾ ഓഫീസർമാർ വാപൊളിച്ച് ഇരിക്കുകയായിരുന്നു. അതിൽ ഒരാൾ ചോദിച്ചു നിങ്ങൾക്ക് ഇയാളെ അറിയാമോ? ഞാൻ പറഞ്ഞു. എനിക്ക് വ്യക്തിപരമായി ലെനിനെ അറിയില്ല. പക്ഷേ പല പുസ്തകങ്ങളിലും ഞാൻ അദ്ദേഹത്തെ കുറിച്ച് വായിച്ചിട്ടുണ്ട്. ഭൗതികമായി ലെനിൻ വലിയ മനുഷ്യൻ തന്നെയാണ്. റഷ്യൻ വിപ്ലവത്തിന്റെ പിതാവുമാണ്. അദ്ദേഹം ആവിഷ്കരിച്ച ചിന്താഗതി, ധനികനും ദരിദ്രനും തമ്മിലുള്ള അന്തരം ഇല്ലാതാക്കുമെന്ന് അദ്ദേഹം മനസിലാക്കുന്നു. അദ്ദേഹത്തിന്റെ ചിന്താസ്വാതന്ത്ര്യവും സാഹോദര്യവും സമത്വവും ഒക്കെ മനസിലാക്കാൻ കഴിയുന്നുണ്ട്. പക്ഷേ ലോകത്തുള്ള തിന്മകൾക്കുള്ള പ്രതിവിധി നിർദ്ദേശിച്ചത് എനിക്ക് മനസിലാവുന്നില്ല. ദൈവനിഷേധംകൊണ്ട് പണ്ടും ഒരിക്കലും തിന്മ ഇല്ലാതായിട്ടില്ല. മേലിൽ സാധ്യവുമല്ല. ഞങ്ങളുടെ ദൈവം ആദ്യം മുതലുള്ളവനും നിലനിൽക്കുന്നവനുമാണ്. അവൻ റഹീമും കരീമുമാണ്. മനുഷ്യന്റെ തെറ്റുകളെ അവൻ മാപ്പാക്കുന്നു. അവൻ നമ്മുടെ കുടുംബമാണ്. അവന്റെ ദൃഷ്ടിയിൽ എല്ലാ മനുഷ്യനും സ്ത്രീയും പുരുഷനും, കുട്ടിയും, വൃദ്ധനും എല്ലാം തുല്യരാണ്. ഒരു ഓഫീസർ എന്നോട് റഷ്യൻ ഭാഷ എങ്ങിനെയാണ് പഠിച്ചതെന്ന് അന്വേഷിച്ചു. ഞാൻ പറഞ്ഞു: അശ്കാബാദിലും, താശ്ഖന്തിലും ജയിലിൽ ആയിരുന്നപ്പോഴാണ് എനിക്ക് റഷ്യൻ ഭാഷ പഠിക്കാൻ കഴിഞ്ഞത്. മറ്റൊരു ഓഫീസർ എന്നെ പരിചയപ്പെടുത്താൻ പറഞ്ഞു. ഞാൻ പറഞ്ഞു. ഞാൻ അഹ്മദിയ്യാ പ്രസ്ഥാനത്തിൽപ്പെട്ട ആളും അതിന്റെ മിഷണറിയുമാണ്. ലോകത്തിലെ വ്യത്യസ്ത പ്രദേശങ്ങളിൽപോയി ജീവൽ ദൈവത്തെ പരിചയപ്പെടുത്തലാണ് ഞങ്ങളുടെ ജോലി. ദൈവം ഇന്നും തന്റെ ദാസന്മാരോട് സംസാരിക്കുകയും അവർക്ക് മാർഗദർശനം നൽകുകയും ചെയ്യുന്നു. എന്നെ ഇംഗ്ലീഷുകാരുടെ ഏജന്റാണെന്ന് പറയുന്നത് കൗതുകകരമാണ്. യാഥാർഥ്യവുമായി അതിന് ബന്ധമേ ഇല്ല. അറബിയും ഉറുദുവും ഫാർസിയും മാത്രമറിയുന്ന, ഒരു സർവകലാശാലയിലും പഠിപ്പിച്ചിട്ടില്ലാത്ത, റഷ്യൻ ഭാഷ അറിയാത്ത എന്നെ പാസ്പോർട്ട് പോലും ഇല്ലാതെ ചാരനായി അയക്കാൻ മാത്രം ഇംഗ്ലീഷ്കാർ വിഢികളാണോ? പാസ്പോർട്ടില്ലെങ്കിൽ അതിർത്തിയിൽ വെച്ച്



തന്നെ പിടിക്കപ്പെടുകയാണ് ചെയ്യുക.

എന്റെ പ്രഭാഷണം അവസാനിച്ചപ്പോൾ ഓഫീസർമാർ എഴുന്നേറ്റ് നിന്ന് എനിക്ക് ഹസ്തദാനം ചെയ്തു. അതിൽ ഒരു സ്ത്രീ കൈനീട്ടിയപ്പോൾ ഞാൻ കൈ കൊടുത്തില്ല. അവർ ആദ്യം അതിൽ നീരസം പ്രകടിപ്പിച്ചെങ്കിലും കാരണം പറഞ്ഞപ്പോൾ സന്തോഷമായി.

ഞാൻ ജയിൽ മോചിതനായി അല്ലാഹുവിനോട് രാത്രിയിൽ അധിക സമയവും ദുആ ചെയ്തുകൊണ്ടിരുന്നു. എനിക്ക് അല്ലാഹു കൂടെ കൂടെ അറിയിച്ചത്, പരിഭ്രമിക്കേണ്ടതില്ല. ഉടനെ മോചനമുണ്ടാകും അല്ല, വാതിൽക്കലാണ് എന്നായിരുന്നു. എന്നെ മോചിപ്പിച്ചുകൊണ്ട് എനിക്ക് 50 റൂബിൾ തന്നുകൊണ്ട് പറഞ്ഞു ആവശ്യമുള്ള സാധനങ്ങൾ വാങ്ങിക്കൊള്ളൂ.

അഹ്മദിയ്യത്ത് വെറും വിശ്വാസത്തിന്റെ പേരല്ല. അത് റബ്ബും ദാസനും തമ്മിലുള്ള വ്യക്തിബന്ധത്തിന്റെ പേരാണ്..

(അവ : മൗലവി സുഹൂർ ഹുസയ്ൻ, മുജാഹിദ് അവ്വൽ റുസ്വ ബുഖാറ)

നുറുങ്ങുകൾ

എസ്.ഡി

## യേശുവും കുരിശും

സാഹിബ് സാദി അമത്തുൽ ബാസിത് സാഹിബ ഒരിക്കൽ, ഹ.ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) നോട്, ഖലീഫയാകുന്നതിന് മുമ്പ് എപ്പോഴെങ്കിലും ചോദ്യോത്തര വേളയിൽ മറുപടിയില്ലാതെ കുടുങ്ങിയിട്ടുണ്ടോ എന്ന് ചോദിച്ചു. ഹുസൂർ പറഞ്ഞു: ഒരിക്കൽ അത്തരമൊരു അവസരമുണ്ടാകേണ്ടതായിരുന്നു.

ഒരാൾ ചോദിച്ചു, നിങ്ങൾ പറയുന്നത് ഹ.ഈസാ(അ) മൂന്ന് ദിവസ(മണിക്കൂർ എന്നായിരിക്കണം -സമ്പാ)ത്തിനുശേഷം കുരിശിൽ നിന്ന് ജീവനോടെ ഇറങ്ങിയെന്നാണ്! നിങ്ങൾ നിങ്ങളിലെ ഒരാളെ ഞങ്ങൾക്ക് കുരിശിൽ കയറ്റാൻ വിട്ടുതരുക. ഒരു മണിക്കൂറിന് ശേഷം അയാൾ ജീവനോടെ ഇറക്കപ്പെട്ടാൽ ഞങ്ങൾ നിങ്ങളെ അംഗീകരിക്കാം. ഇത് കേട്ടപ്പോൾ ആദ്യം ഒന്ന് പരിഭ്രമിച്ചെങ്കിലും അല്ലാഹു സഹായിച്ചു. ഞാൻ പറഞ്ഞു: നിങ്ങൾ വിശ്വസിക്കുന്നത് ഹ. യൂനുസ് (അ) മൂന്ന് ദിവസം മത്സ്യത്തിന്റെ വയറ്റിൽ ജീവിച്ചിരുന്നുവെന്നാണല്ലോ. ആദ്യം നിങ്ങൾ നിങ്ങളിലെ ഒരാളെ ഞങ്ങൾക്ക് മത്സ്യത്തിന് ഭക്ഷിക്കാൻ വിട്ടുതരിക. അയാൾ ജീവിച്ചിരുന്നാൽ ഞങ്ങൾ നിങ്ങളെ അംഗീകരിക്കുന്നതാണ്.

(അവ: ഖിലാഫത്ത് കീ അഹ്മിയത്തോ ബർകാത്ത്)

# ജൽസാ സാലാന : - ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഹദ്റത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

**ജൽസയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

ജമാഅത്തിന്റെ ഈ ജൽസ മേളയല്ല, മേളയാണെന്ന് കരുതി പങ്കെടുക്കുകയുമരുത്. വെറും കൂടിക്കാഴ്ചയും, സാധനങ്ങൾ വാങ്ങുകയും ഫാഷൻ പ്രദർശനവുമാകരുത് ജൽസ.

പരസ്പരം കാണുമ്പോൾ പുഞ്ചിരിയോടെ അഭിവാദനം ചെയ്യുക. എന്തെങ്കിലും അസ്വാരസ്യങ്ങൾ ഉണ്ടായിരുന്നെങ്കിൽ ഈ മൂന്ന് ദിവസം പുഞ്ചിരിച്ചുകൊണ്ട് അവയെ ഇല്ലാതാക്കുക.

നന്മകൾ പരത്തുക, നന്മയെകുറിച്ച് ഉപദേശിക്കുകയും, തിന്മകളെ വിരോധിക്കുകയും ചെയ്യുക. ഇത് ജൽസയുടെ ഉദ്ദേശ്യ ലക്ഷ്യവുമാണ്. ആയതിനാൽ ജൽസക്ക് വരുന്നവർ കറങ്ങിത്തിരിയാതെ ജൽസയുടെ പരിപാടികളിൽ നിന്ന് പ്രയോജനമെടുക്കുകയും പരിശ്രമിക്കുകയും, അതിൽ ഭാഗഭാക്കാകുകയും വേണം.

സ്ത്രീകളും കുട്ടികളും നിശബ്ദരായിരുന്ന് ജൽസ കേൾക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. അതിൽ നിന്ന് പ്രയോജനപ്പെടുകയും ചെയ്യേണ്ടതാണ്.

**ആതിഥേയരുടെ ശ്രദ്ധക്ക്**

അതിഥികളെ ആദരിക്കുകയും സേവിക്കുകയും ചെയ്യുന്നത് തങ്ങളുടെ മുഖമുദ്രയാക്കുക.

സ്നേഹത്തോടും, ആത്മാർത്ഥതയോടും ത്യാഗനിർഭരമായ മനസോടും കൂടി അതിഥികളെ സേവിക്കുക.

**അതിഥികൾ ശ്രദ്ധിക്കുക**

ജൽസക്ക് താൽക്കാലിക ഏർപ്പാടുകളാണെന്ന് അതിഥികൾ മനസിലാക്കേണ്ടതാണ്. ഡ്യൂട്ടിയിലുള്ളവർ വളരെ അധ്വാനത്തോടുകൂടിയാണ് സേവനങ്ങൾ ചെയ്യുന്നത്. അതുകൊണ്ട് തന്നെ എന്തെങ്കിലും കുറവോ, ന്യൂനതയോ കണ്ടാൽ ക്ഷമിക്കേണ്ടതാണ്.

എന്തെങ്കിലും ഏറ്റക്കുറച്ചിൽ കണ്ടാൽ അതിഥികൾ സഹിഷ്ണതയോടെ ശ്രദ്ധ ക്ഷണിക്കേണ്ടതാണ്. എന്തെങ്കിലും തരത്തിൽ കോപം പ്രകടിപ്പിക്കേണ്ടതില്ല.

വളരെ വിശാലമായ സംവിധാനമാണ്. എന്തെങ്കിലുമൊക്കെ ഏറ്റക്കുറച്ചിൽ ഉണ്ടാകുന്നതാണ്. അതിൽ ക്ഷമിക്കുകയും കണ്ണടക്കുകയും ചെയ്യുക. കോപം അടക്കുന്നതിനും പുണ്യമുണ്ട്.

**ഡ്യൂട്ടിയിലുള്ളവർ ശ്രദ്ധിക്കുക**

കൂടെയുള്ള ഡ്യൂട്ടിക്കാരോട് ആദരവോടെ പെരുമാറുക. പരസ്പര സ്നേഹത്തോടെ എല്ലാ ജോലികളും നിർവഹിക്കേണ്ടതാണ്.

ആതിഥേയർ, ജൽസയുടെ ഡ്യൂട്ടിയുള്ള അത്രയും ദിവസം സന്തോഷത്തോടെ അതിഥിസൽക്കാരത്തിന്റെ ഉത്തരവാദിത്വം നിർവഹിക്കേണ്ടതാണ്. അല്ലാതെ, ജൽസ കഴിഞ്ഞ ഉടനെ ഡ്യൂട്ടിക്കാർ അപ്രത്യക്ഷരാവുകയും എവിടെ പോയെന്ന് അറിയാതാവുകയും ചെയ്യരുത്. അതിൽ സംവിധാനത്തിന് പ്രയാസങ്ങൾ നേരിടുന്നതാണ്. ആയതിനാൽ ഏത് ഡ്യൂട്ടിയാണെങ്കിലും കഠിനാദ്ധ്വാനത്തോടെയും വിശ്വസ്തതയോടെയും നിർവഹിക്കേണ്ടതാണ്.

അതിഥികൾ ദേഷ്യപ്പെട്ടാലും ഡ്യൂട്ടിയിലുള്ളവർ സഹിഷ്ണതയോടെ ക്ഷമാപണം നടത്തി, അവരുടെ ബുദ്ധിമുട്ട് ദുരീകരിക്കാൻ ശ്രമിക്കേണ്ടതാണ്. ഒരുകാര്യം ഓർക്കുക, അതിഥികളോട് ഈർഷ്യയോടെ സംസാരിക്കരുത്.

**പാലിക്കേണ്ട മര്യാദകൾ**

മസ്ജിദിലും, അതിന്റെ ചുറ്റുപാടിലും അതിന്റെ മര്യാദകളും, പരിശുദ്ധിയും ശ്രദ്ധിക്കേണ്ടതാണ്.

ജൽസയുടെ ദിവസങ്ങളിൽ ജൽസ ഗാഹിലാണ് നമസ്കാരങ്ങൾ അനുഷ്ഠിക്കുന്നത്. അതുകൊണ്ട് തന്നെ ആ സമയത്ത് അതിനും മസ്ജിദിന്റെ സ്ഥാനം നൽകികൊണ്ട് പൂർണമായ രീതിയിൽ അതിന്റെ പരിശുദ്ധിയും ശ്രദ്ധിക്കേണ്ടതാണ്.


**നമസ്കാരം**

ജൽസാ ദിവസങ്ങളിൽ പ്രത്യേകമായും ദൈവിക സ്മരണയിലും, സ്വലാത്തിലും, കൃത്യമായ നമസ്കാരത്തിലും ശ്രദ്ധിക്കുക.

അതിഥികൾ ഇത്രയും ദൂരെ നിന്ന് വന്ന് നമസ്കാരങ്ങളിൽ ശ്രദ്ധിക്കുന്നില്ലെങ്കിൽ പിന്നെന്ത് പ്രയോജനമാണ് ലഭിക്കുക....

നമസ്കാരത്തിനിടയിൽ ചെറിയ കുട്ടികൾ കരയുമ്പോൾ അത് ചിലരുടെയെങ്കിലും ശ്രദ്ധ ആകർഷിക്കാനും, നമസ്കാരം അലങ്കോലമാക്കാനും ഇടവരുത്തുന്നു. നമസ്കാരത്തിന്റെ ബന്ധം നഷ്ടമാകുന്നു. ഇത്തരം സാഹചര്യത്തിൽ കുട്ടിയേയും കൊണ്ട് പുറത്ത് പോകേണ്ടതാണ്.

ഇത്തരം ചെറിയ കുട്ടികൾ ഉള്ളവർ ആദ്യ സ്വഫ്ഫുകളിൽ ഇരിക്കാതെ ശ്രദ്ധിക്കണം. മറിച്ച് പിന്നിൽ ഇരിക്കുക. ആവശ്യം നേരിട്ടാൽ പുറത്തു പോകാൻ സൗകര്യപ്പെടുന്നതാണ്.



**മൊബൈൽഫോൺ**

നമസ്കാരവേളയിൽ മൊബൈൽ ഫോൺ ഓഫാക്കേണ്ടതാണ്. ചിലർ ഫോണുമായി നമസ്കാരത്തിന് വരുന്നു. ബെല്ലടിക്കുമ്പോൾ നമസ്കാരത്തിൽ ശ്രദ്ധ നഷ്ടമാവുകയും ചെയ്യുന്നു.

**സംസാര മര്യാദ**

അനാവശ്യ സംസാരങ്ങൾ ഒഴിവാക്കുക. പരസ്പര സംസാരത്തിൽ കുറഞ്ഞ ശബ്ദവും മാന്യതയും നിലനിർത്തുക. അസ്വാരസ്യമുണ്ടാക്കുന്ന സംസാരങ്ങൾ ഒഴിവാക്കുക.

ചിലർ ഉയർന്ന ശബ്ദത്തിൽ നീ, ഞാൻ എന്ന തരത്തിൽ സംസാരിക്കുന്നു. കൂട്ടമായിരുന്ന് പൊട്ടിച്ചിരിക്കുന്നു. ഈ മൂന്ന് ദിവസങ്ങളിൽ കഴിയുന്നിടത്തോളം ഇത്തരം കാര്യങ്ങൾ ഒഴിവാക്കുക പൂർണമായും ഭൗതിക കാര്യങ്ങളിൽ നിന്നുള്ള വിടുതലിന് ശ്രമിക്കുക. അല്ലെങ്കിലും ഇത് നല്ല സ്വഭാവമല്ല.

**അച്ചടക്കം**

ഇടുങ്ങിയ വഴികളിലൂടെ സൂക്ഷിച്ചും, ബഹളമുണ്ടാക്കാതേയും നടക്കുക.

അച്ചടക്കം ശ്രദ്ധിക്കുക. സംഘാടകരുമായി സഹകരിക്കുകയും എല്ലാ നിലക്കും അവരെ അനുസരിക്കുകയും ചെയ്യുക.

**വൃത്തി**

ജൽസാ ദിവസങ്ങളിൽ വഴി മാത്രമല്ല, ഗ്രൗണ്ടിലും, ജൽസാ ഗാഹിലും കുട്ടികളും മുതിർന്നവരും വേസ്റ്റ് ഇടുന്നു. പക്ഷേ, അവരുടെ ഡ്യൂട്ടിയാണെന്ന് പരിഗണിക്കാതെ ഇത്തരം വേസ്റ്റ് കണ്ടാൽ അതെടുത്ത് നിശ്ചിത ഡെസ്റ്റ്ബിന്നിൽ ഇടേണ്ടതാണ്. അതിഥികളും ആതിഥേയരും ഇത് ശ്രദ്ധിക്കണം.

വൃത്തിക്കും ചില കാര്യങ്ങൾ ശ്രദ്ധിക്കണം. ടോയ്ലെറ്റ് വൃത്തിയാക്കിവെക്കുക. ഓർക്കുക, വൃത്തിയും വിശ്വാസത്തിന്റെ ഭാഗമാണ്.

ഇവിടെ ബാഹ്യമായ വൃത്തിക്കും ഊന്നൽ നൽകുക. അനാവശ്യമായി സംഘാടകർക്ക് ബുദ്ധിമുട്ടുണ്ടാക്കരുത്. വൃത്തി ഓരോരുത്തരും ശ്രദ്ധിക്കേണ്ടതാണെന്ന് കാര്യം നല്ലപോലെ ഓർമ വെക്കേണ്ടതാണ്.

**സ്ത്രീകൾ ശ്രദ്ധിക്കുക**

സ്ത്രീകൾ ചുറ്റിത്തിരിയുന്നതിലും, പർദയിലും ശ്രദ്ധിക്കേണ്ടതാണ്. അഹ്മദികളല്ലാത്ത, നമ്മെപ്പോലെ പർദ ചെയ്യാൻ ശുഷ്കാന്തി ഇല്ലാത്ത സ്ത്രീകളോട് പർദ ചെയ്യാൻ അപേക്ഷിച്ചാൽ മാത്രം മതിയാകുന്നതാണ്. നിർബന്ധം ചെലുത്തേണ്ട ആവശ്യമേ ഇല്ല.

ഏതെങ്കിലും അഹ്മദി സ്ത്രീക്ക് നിഖാബ് ഇടാൻ പ്രയാസമുണ്ടെങ്കിൽ അവർ മേക്കപ്പ് ചെയ്യരുത്. സാധാരണത്തെപ്പോലെ തന്നെ കഴിയുക. കാരണം മേക്കപ്പ് ചെയ്യുന്നത് ഉചിതമല്ല.

തല മറക്കാനുള്ള ശീലത്തെ നല്ലപോലെ നിലനിർത്തുക.

സ്ത്രീകളുടെ ഭാഗത്തുനിന്ന് ആത്മീയമായ ഒരു ചുറ്റുപാടിൽ മൂന്ന് ദിവസം കഴിച്ചുകൂട്ടുന്നത് കാണാൻ കഴിയണം.

പർദ ചെയ്യാതിരിക്കാനുള്ള ഒഴികഴിവുകൾ അന്വേഷിക്കരുത്. എന്തെങ്കിലും നിർബന്ധസാഹചര്യമുണ്ടെങ്കിൽ കഴിയുന്നിടത്തോളം പർദ ചെയ്യുക. അത് നിലനിർത്തേണ്ടതാണ്. ഇത് കൽപനയും കൂടിയാണ്.

ചിലപ്പോൾ സ്ത്രീകൾ കൂടുകയും സംസാരിക്കുകയും ചെയ്ത് അവസാനിപ്പിക്കുന്നു. എന്താണ് പ്രസംഗങ്ങളെന്നോ എന്താണ് പറഞ്ഞതെന്നോ,

19

# ഹ്യൂമാനിറ്റി ഫസ്റ്റ്

## പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| Disaster | Year | Countries Affected | Scale of Disaster | People Assisted | Nature of Help |
|---|---|---|---|---|---|
| Kosovo | 1997 | Kosovo, Albania, Serbia | 10k killed, 850k displaced | > 10,000 | Medical, Food, Clothing |
| Izmit Earthquake | 1999 | Turkey | 17k killed, 60k homeless | 15,000 | Medical, Shelter, Food,Clothing |
| Gujarat Earthquake | 2001 | India | 20k killed, 166k injured, 600k homeless | 5,500 | Medical, Shelter, Food, Clothing |
| Asian Tsunami | 2004 | Indonesia, Sri Lanka, India, Malaysia | 220k killed, 1.6 Million homeless | 30,000 | Medical, Shelter, Food, Clothing |
| Hurricane Katrina | 2005 | USA | 1.8k killed, Millions homeless | 1,050 | Medical, Shelter/ ReFurb, Food, Clothing, IT\ |
| Kashmir Earthquake | 2005 | Pakistan | 80k killed, 3.3M homeless | 60,000 | Medical, Shelter, Food, Clothing, Counseling |
| Latin American | 2005-06 | Suriname, Guyana | 30k displaced and homeless | 10,000 | Food, Clothing, IT Flooding |
| Peru Earthquake | 2007 | Peru | 250k homeless | 2,000 | Food, Clothing, Shelter |
| Cyclone Sidr | 2007 | Bangladesh | 5k killed, 34k injured, Violence 500k affected | 7,000 | Medical, Water, Food, Clothing, Shelter |
| Kenya Post-Election | 2008 | Kenya | 1.5k killed, 600k displaced | 2,500 | Medical, Food, Clothing |
| Cyclone Nargis | 2008 | Burma | 146k killed, 1M displaced | 2,000 | Clothing, Water |
| Gaza Violence | 2009 | Gaza, Israel | 7k killed or injured, 100k homeless | 7,000 | Food, Education |

എന്ത് ശിക്ഷണ കാര്യമാണ് ഉണ്ടായതെന്നോ അറിയുന്നു പോലുമില്ല.

**ഭക്ഷണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

ഈ ദിവസങ്ങളിൽ ചിലപ്പോൾ ഒരുപാട് ഭക്ഷണം പാഴാവുന്നു. ഭക്ഷണം കഴിക്കുന്നതിലെ ഒരു മര്യാദ പ്ലേറ്റിൽ ഇടുന്ന ഭക്ഷണം മുഴുവൻ തീർക്കുക എന്നതാണ്. ഒന്നും നഷ്ടമാക്കരുത്. അനാവശ്യമായി അധികം വാങ്ങുകയോ മത്സരിച്ച് വാങ്ങുകയോ അരുത്. കുട്ടികളേയും അങ്ങിനെ ചെയ്യാതിരിക്കാൻ ഉപദേശിക്കുക. മറ്റുള്ളവരിൽ മോശമായ പ്രതികരണം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പലപ്പോഴും ഭക്ഷണം നഷ്ടമാകാൻ കാരണം ഡ്യൂട്ടിക്കാരല്ല മറിച്ച് വാങ്ങുന്നവരാണ്.

കഴിച്ച് തീർക്കാൻ കഴിയുന്നത്ര മാത്രമേ വാങ്ങാവൂ. കൂടുതൽ വേണമെന്ന് ആവശ്യപ്പെടുന്നവർക്ക് കൊടുക്കാനാണ് ഡ്യൂട്ടിക്കാരോട് പറഞ്ഞിട്ടുള്ളത്. കൂടുതൽ വാങ്ങുന്നവരെ നല്ലരീതിയിൽ പറഞ്ഞു മനസിലാക്കുക.

ഈർഷ്യയോടുകൂടി അതിഥികളോട് ഇല്ലെന്ന് പറയരുത്. അതിന് ഡ്യൂട്ടിക്കാർക്ക് അവകാശമില്ല. പ്ലേറ്റിലെ ഭക്ഷണം തീർന്നശേഷം വീണ്ടും വാങ്ങാമെന്ന് സ്നേഹത്തോടെ പറഞ്ഞ് കൊടുക്കുക.

ഭക്ഷണം കഴിച്ചതിനുശേഷം ചിലർ പാത്രങ്ങൾ നിശ്ചിതസ്ഥലത്ത് ഇടുന്നില്ല. പ്രത്യക്ഷത്തിൽ ഇത് ചെറിയ കാര്യമാണെങ്കിലും ഇത്മൂലം ഡ്യൂട്ടിക്കാരുടെ പ്രവർത്തനങ്ങൾ കൂട്ടാൻ ഇടവരുന്നു. അവർക്ക് ആ സമയത്ത് മറ്റെന്തെങ്കിലും ചെയ്യാവുന്നതാണല്ലോ? മറ്റൊന്ന് ശുചിത്വം നഷ്ടമാവുകയും ചെയ്യുന്നു.

**ട്രാഫിക്**

വണ്ടികൾ വീടുകളുടെ മുന്നിലോ, നിരോധിത മേഖലയിലോ പാർക്ക് ചെയ്യരുത്.

ടാഫിക് നിയമങ്ങൾ പാലിക്കുകയും, ജൽസാ ഗാഹിൽ പാർക്കിംഗ് ഡ്യൂട്ടിക്കാരോട് പൂർണമായും സഹകരിക്കുകയും വേണം.

ക്ഷീണമുള്ളപ്പോഴും, അല്ലെങ്കിൽ വിശ്രമം ലഭിക്കാതെയുള്ളപ്പോഴോ യാത്ര ആരംഭിക്കരുത്.

**സെക്യൂരിറ്റി**

സെക്യൂരിറ്റി സംബന്ധമായ നിരീക്ഷണം വളരെ പ്രധാനമാണ്. തന്റെ ചുറ്റുപാടുകളിൽ നല്ലപോലെ ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. അപരിചിതനായ വ്യക്തിയെ കണ്ടാൽ ബന്ധപ്പെട്ട വിഭാഗത്തെ അറിയിക്കുക. സ്വയമായി ആരോടും കയർക്കാൻ പാടില്ല.

ഓരോരുത്തർക്കും ഒരുപാട് ദൂരെവരെ ശ്രദ്ധിക്കാൻ കഴിയില്ല. പക്ഷേ തന്റെ ചുറ്റുപാടുമുള്ള അപരിചിതരെ ഏതായാലും ശ്രദ്ധിക്കേണ്ടതാണ്. അതുതന്നെ ജമാഅത്തിനുള്ള വലിയൊരു സെക്യൂരിറ്റിയാണ്.

ജൽസാഗാഹിന് ചുറ്റുവട്ടത്ത് സെക്യൂരിറ്റിക്കാർക്ക് മുന്നിൽ സ്വയം ചെക്കിംഗിന് വിധേയരാവേണ്ടതാണ്.

എപ്പോഴും തിരിച്ചറിയൽ കാർഡ് ഉണ്ടായിരിക്കണം. അതില്ലാതെ ആരെയെങ്കിലും കണ്ടാൽ അവർക്ക് സ്നേഹത്തോടെ കാര്യങ്ങൾ ബോധ്യപ്പെടുത്തുക.

പൈസ, വിലപിടിപ്പുള്ള വസ്തുക്കൾ തുടങ്ങിയവ സ്വയം സൂക്ഷിക്കുക. അത് നിങ്ങളുടെ ഉത്തരവാദിത്വമാണ്. സംഘാടകർക്ക് അതിൽ യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

**ദുഃആ**

ഏറ്റവും പ്രധാനം ദുഃആയാണ്. ദുഃആയിൽ ശ്രദ്ധിക്കുക. ജൽസയിൽ വരുമ്പോഴും പോകുമ്പോഴും ദുഃആ ചെയ്യുക. യാത്ര ആരംഭിക്കുമ്പോഴും യാത്രയിലും ദുഃആ ചെയ്യുക.

(18.7.2003 ലെ ഖുത്ബയിൽ നിന്ന് )

ചരിത്രം
ഇഷ്

# അഫ്ഗാനിസ്ഥാന്റെ കദന കഥ!



**1903 മധ്യത്തിൽ ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ പ്രിയശിഷ്യൻ ഹദ്റത് ശഹ്സാദാ സയ്യിദ് അബ്ദുല്ലത്വീഫ് സാഹിബ്(റ) അഫ്ഗാനിസ്ഥാനിൽ അതിദാരുണമായി ശിലാവർഷംകൊണ്ട് ശഹീദാക്കപ്പെട്ടു. അന്ന് ഹദ്റത് അഹ്മദ്(അ) ആ ഭൂമിയെ പറ്റി പറഞ്ഞു.**

***"അല്ലയോ കാബൂൾ ഭൂപ്രദേശമേ, നീ സാക്ഷിയാവുക, നിന്നിലാണ് ഈ അക്രമം നടന്നിരിക്കുന്നത്. അല്ലയോ ഭാഗ്യദോഷിയായ ഭൂപ്രദേശമേ, നീ ദൈവത്തിന്റെ ദൃഷ്ടിയിൽ നിന്നും വീണു പോയിരിക്കുന്നു. നീയാണ് ഈ കൊടും ക്രൂരതയുടെ നിലം.. .......... ഈ രക്തത്തിൽ അവനൊരിക്കലും നിശബ്ദനായിരിക്കുന്നതല്ല. വലിയ വലിയ പരിണിതികൾ വെളിപ്പെടുക തന്നെ ചെയ്യുന്നതാണ്. "***

**ഇന്നേവരെയുള്ള അഫ്ഗാനിസ്ഥാന്റെ കദന കഥ, ഹദ്റത് അഹ്മദ്(അ)ന്റെ പ്രവചനങ്ങളുടെ സാക്ഷാൽക്കാരം കൂടിയാണ്.**




**മരിച്ചു വീണത് ജനസംഖ്യയുടെ പത്ത് ശതമാനം**


അഫ്ഗാന്റെ വിസ്തീർണം 6.47 ലക്ഷം ച.കി. മീറ്ററാണ്. 2.25 കോടിയാണ് ജനസംഖ്യ. കഴിഞ്ഞ 20 വർഷത്തിനുള്ളിൽ യുദ്ധവും യുദ്ധകെ



ടുതികളും കാരണം 25 ലക്ഷം പേർ മരിച്ചുവീണെന്നാണ് കണക്ക്. അഥവാ ഓരോ വർഷവും 1.25 ലക്ഷം പേർ മരിക്കുന്നു. (ഓരോ ദിവസവും 340 പേർ ഓരോ അഞ്ചുമിനിറ്റിലും ഒരാൾ)

**സ്ഥിതി വിവരങ്ങൾ**

ഐക്യരാഷ്ട്ര സഭയുടെ കണക്ക് പ്രകാരം ആഫ്രിക്കക്ക് പുറത്തെ ഏറ്റവും അവികസിത രാജ്യമാണ് അഫ്ഗാനിസ്ഥാൻ. ഏറ്റവും കൂടിയ ശിശു





മരണ നിരക്ക്, ജനസംഖ്യയുടെ പകുതിയിലേറെപ്പേർ തൊഴിൽ രഹിതർ, നാണയപ്പെരുപ്പം 500% (ലോകത്തിലെ ഏറ്റവും മൂല്യം കുറഞ്ഞ നാണയങ്ങളിലൊന്നാണ് അഫ്ഗാനിസ്ഥാന്റേത്. ഒരു ഡോളറിന് 4750 അഫ്ഗാൻ നാണയം വേണം) എല്ലാം കൊണ്ടും അഫ്ഗാൻ നരകിക്കുകയാണ്.

**പരവതാനിയല്ല, കുഴിബോംബുകൾ**

പരവതാനികൾക്ക് പ്രശസ്തമാണ് അഫ്ഗാനിസ്ഥാൻ. ഇന്നു പക്ഷേ അഫ്ഗാന്റെ മണ്ണിൽ പരവതാനിയല്ല, മൈനുകളാണ് വിരിച്ചത്....

ഐക്യരാഷ്ട്ര സഭയുടെ കണക്ക് പ്രകാരം അഫ്ഗാനിലെ 866 ച.കി.മീ. സ്ഥലത്ത് ഒരു കോടി



യിലേറെ ബോംബുകളുണ്ട്. ഓരോ 24 മണിക്കൂറിലും ഏഴുപേർ ഇത്തരം ബോംബുകളിൽ ചവിട്ടി മരിക്കുന്നുവെന്നാണ് കണക്ക്. രണ്ടേകാൽ കോടി ജനസംഖ്യയുള്ള രാജ്യത്ത് ഒരു കോടി കുഴിബോംബുകളുണ്ടെങ്കിൽ ഇത് സ്വാഭാവികം.

**100 കിലോ ഗോതമ്പിന് വിവാഹം**

പത്തുവയസുള്ള പെൺകുട്ടികൾ പോലും വിവാഹം കഴിക്കപ്പെടുന്നു. പട്ടിണിയും ദുരിതവുമാണ് അവരെ ഈ നിലയിൽ എത്തിച്ചത്. 100 കിലോ ഗോതമ്പ് പൊടിയോ മറ്റ് ധാന്യമോ കിട്ടിയാൽ മകളെ വിവാഹം കഴിച്ചു നൽകുകയാണ്.

കൊച്ചുകുട്ടികൾ നിലം കുഴിച്ച് വേരുകൾ തിന്ന് വിശപ്പടക്കുന്ന കാഴ്ച ഞങ്ങൾ കണ്ടു. മരത്തിൽ നിന്ന് വീഴുന്ന ഇലകളും അവർ ഭക്ഷിക്കുന്നു. റെഡ്ക്രോസ് റെഡ്ക്രസന്റ് സന്നദ്ധ സംഘടനകളുടെ ഇസ്ലാമാബാദിലെ ഓപറേഷൻസ് മാനേജർ പറയുന്നു....

ഗ്രാമങ്ങളിൽ ഒട്ടാകെയുള്ള 10,305 പേരിൽ 510 പേർ അനാഥരും 261 പേർ വിധവകളുമാണ്.

**ദുരിതപർവം**

സിനിമാ സംവിധായകനായ മുഹ്സിൻ മക്മൽബാഫ് എഴുതുന്നു: നഗരഹൃദയത്തിൽ പുരുഷന്മാരും സ്ത്രീകളും കുട്ടികളുമായി ഇരുപതിനായിരത്തോളം പേർ മരണത്തോട് മല്ലടിക്കുന്നത്



ഞാൻ കണ്ടു. നടക്കാൻ പോലും കഴിയാതെ നിസ്സഹായരായിരുന്നു അവർ. താജിക്കിസ്ഥാനിലെ ദഷാർബയിൽ ഒരുലക്ഷം അഫ്ഗാൻകാർ ചെരിപ്പുപോലുമില്ലാതെ ഓടിപ്പോകുന്നത് ഞാൻ കണ്ടു. വിശന്നുവലഞ്ഞ കുഞ്ഞുങ്ങൾ കിലോമീറ്ററുകളോളം ഓടി. ലോകത്ത് ഏറ്റവുമധികം ദുരിതമനുഭവിച്ച് മരിക്കുന്നത് അഫ്ഗാൻകാരാണ്.....



(അവ: സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങൾ മുഖ്യരക്ഷാധികാരിയായ Datanet For Islemic Propagation പ്രസിദ്ധീകരിച്ച Muslim World 1423 (ഭാഗം:2)

**വീക്ഷണവിശേഷം**
ഒബ്സർവർ

# കമ്യൂണിസ്റ്റ് പതനം ഒരു വിശകലനം



രണ്ട് ദശകങ്ങൾക്കു മുമ്പാണ് സോവിയറ്റ് റഷ്യയിൽ പെറിസ്ട്രോയിക്കയും ഗ്ലാസ്റ്റനോസ്റ്റും കൊണ്ട് മിഖിയേൽ ഗോർബച്ചേവ് കമ്യൂണിസത്തിന്റെ കടക്കൽ കത്തിവെച്ചത്. അതൊരു ചരിത്ര നിമിഷമായിരുന്നു. ഒരു ഭൗതികപ്രത്യയ ശാസ്ത്രം കൂടി അധപതനത്തിന്റെ പടുകുഴിയിലേക്ക് കൂപ്പുകുത്തി.

ദൈവിക പ്രസ്ഥാനങ്ങൾ കാരുണ്യത്തിലധിഷ്ഠിതമായി ഉയിർകൊള്ളുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. എന്നാൽ ഭൗതിക സംഘടനകൾ പരസ്പര വൈരാഗ്യമോ, പ്രതികാരമോ, സ്വയം കൽപിത നന്മകളുടെ സംസ്ഥാപനമോ ലക്ഷ്യമാക്കിയാണ് രൂപപ്പെടാറുള്ളത്. മതത്തിന്റെ പേരിൽ കൂണുകൾ പോലെ പൊട്ടിമുളയ്ക്കുന്ന മതഭൗതിക പ്രസ്ഥാനങ്ങളും ഇതിൽ നിന്ന് ഭിന്നമല്ല എന്ന് സാന്ദർഭികമായി ഓർക്കുകയാണ്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പ്രതികാരവാഞ്ച നയുടെ ബാക്കി പത്രമാണ്. ആരംഭം മുതൽ വിജയത്തിന്റെ ഘട്ടങ്ങളിലും പ്രതികാരത്തിനാണ് അതിന്റെ വക്താക്കൾ ശ്രമിച്ചത്.

സാർ ചക്രവർത്തിയും കുടംബവും തുടർച്ചയായി 7 മാസങ്ങളോളം അനുഭവിച്ച പീഡനങ്ങൾ ഈ പ്രതികാര വാഞ്ചനയുടെ ബഹിർസ്ഫുരണമായിരുന്നു. യൗവ്വനയുക്തകളായ പെൺമക്കൾ ചക്രവർത്തിയുടെയും ഭാര്യയുടെയും മുമ്പിൽ അതിക്രൂരമായി ബലാൽസംഘം ചെയ്യപ്പെട്ടു. മാത്രമോ അവരുടെ ശാരീരിക ശേഷിയില്ലാത്ത മകനെ മർദ്ദിച്ച് മർദ്ദിച്ച് പണിയെടുക്കാനും നിർബന്ധിച്ചുകൊണ്ടിരുന്നു. ചരിത്രം അവിടെ തീരുന്നില്ല.



സുപ്രസിദ്ധ സംഗീതജ്ഞൻ ദിമിത്രി ശാസ്താഗോവിച്ച് ഒരു സംഗീത പരിപാടിക്കിടെ പിടിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഓർക്കസ്ട്രയിൽ സോഷ്യലിസത്തിന് മേൽക്കൈ ഇല്ലെന്നതായിരുന്നു പ്രശ്നം. അവസാനം മാപ്പ് ചോദിക്കാൻ നിർബന്ധിതനായ അദ്ദേഹം പറഞ്ഞ വാക്കുകൾ ചരിത്രപ്രസിദ്ധമാണ്.

"സോവിയറ്റ് റഷ്യയുടെ കേന്ദ്ര കമ്മിറ്റി കലാരംഗത്തെ ഫലിതങ്ങളിൽ പുതിയ ഒരു നാഴിക കല്ലാണ് നാട്ടിയിരിക്കുന്നത്. അതായത് മേലിൽ കലാകാരൻമാർ അവരുടെ അന്തഃപ്രചോദനങ്ങൾക്ക് സോവിയറ്റ് ആസ്ഥാനത്തു നിന്ന് അനുമതി വാങ്ങിയിരിക്കണം".




അങ്ങനെ എത്രയെത്ര ഉദാഹരണങ്ങൾ വേണമെങ്കിലും കണ്ടെത്താൻ കഴിയും. ചരിത്ര രചനയിൽ പോലും ഇത്തരം ദുസ്വാധീനങ്ങൾ ഉണ്ടായി. അതൊക്കെ അതിന്റെ വക്താക്കൾക്ക് ആവേശം നൽകുന്നുണ്ടായിരിക്കും. അവസാനം എന്തു സംഭവിച്ചു!?

വ്യക്തി സ്വാതന്ത്ര്യത്തിന്റെ പ്രാണേതാക്കളായി രംഗത്തു വന്നവർ അതിന്റെ പ്രാണനെടുക്കുന്നവരായി മാറി. കമ്യൂണിസം ഉയർത്തുന്നത് ഭൗതികവാദമാണ്. അതിലൊരിക്കലും ദൈവത്തിന് സ്ഥാനമില്ല. അതിനെ അവഗണിക്കലും അതേ കുറിച്ചുള്ള ചർച്ചകൾ പോലും അനുവദനീയമല്ലെന്നുമാണ് ഈ സിദ്ധാന്തം പടുത്തുയർത്തിവർക്ക് പറയാനുണ്ടായിരുന്നത്.

മറ്റൊന്ന് സോഷ്യലിസ്സത്തിന്റെ സർവ്വ തുല്യമായും സമാനവുമായും വീതിക്കപ്പെടണമെന്ന തത്വചിന്തയും മനുഷ്യന്റെ വികാസത്തെയാണ് തടസ്സപ്പെടുത്തുക.




ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്ന അടിസ്ഥാന ആവശ്യങ്ങൾ തുല്യമായി ലഭിക്കണമെന്ന സിദ്ധാന്തത്തിൽ അധികം കിട്ടണമെന്ന് ഒരാൾ ആഗ്രഹിച്ചാൽ അയാൾക്ക് നൽകപ്പെടുകയില്ല. അയാൾ അത് മനസ്സിൽ ഒതുക്കി കഴിയുകയേ നിർവ്വാഹമുള്ളു. കാരണം കമ്മ്യൂണസിറ്റ് തത്വചിന്തകൻമാർക്കും വക്താക്കൾ ക്കും മനുഷ്യന്റെ വികാരങ്ങളിൽ നിയന്ത്രണമൊന്നുമില്ലല്ലോ?



ഇനിയൊരു സംഗതി അഭിമാനിയായ മനുഷ്യൻ പട്ടിണി കിടന്ന് മരിക്കേണ്ടി വന്നാൽ അതിനും തയ്യാറാവും അപ്പോൾ ഭക്ഷണം അടിസ്ഥാന പ്രശ്നമാവുന്നത് എങ്ങനെ? എല്ലാവർക്കും തുല്യമായി വീതിക്കപ്പെടുകയെന്നത് അസാദ്ധ്യമാണ്. അതിന്റെ കൂടി പരിണിതിയായിരുന്നു റഷ്യയിലെ യൂറോപ്യൻ ഏഷ്യൻ പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിത വ്യതിരിക്തത സോവിയറ്റ് നാടിനെ കഷ്ണങ്ങളാക്കി പങ്കിട്ടെടുത്തത്. കാലത്തിന്റെ കാലൊച്ച കേൾക്കാൻ തയ്യാറാകാത്ത ഒരു സിദ്ധാന്തവും ലോകത്തിന് സമാധാനം നൽകിയിട്ടില്ല. അതാണ് കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തിൽ ലോകം കണ്ടത്.

മറുഭാഗത്ത് ഇസ്‌ലാമിന്റെ സമത്വസുന്ദരമായ ഒരു ലോക ക്രമമുണ്ട്. അത് കാരുണ്യത്തിൽ അധിഷ്ടിതമായാണ് ആരംഭിച്ചത്. അതിന്റെ എല്ലാ ചുവടിലും വിജയത്തിലും അത് കാണാനും കഴിയും. അതുകൊണ്ട് തന്നെ ഇസ്‌ലാം വിഭാവനം ചെയ്ത സിദ്ധാന്തങ്ങൾ കാലങ്ങളെ അതിജയിച്ച് നിൽക്കുന്നു.



അതാണ് യഥാർത്ഥ ഇൻകിലാബ്. അഥവാ മാനസിക വിപ്ലവം. ചുരുക്കത്തിൽ നവലോക ക്രമത്തിന്റെ ചാർട്ടർ ലോകത്തിന് സംഭാവന ചെയ്യുന്നതിൽ ഭൗതിക പ്രത്യയശാസ്ത്രങ്ങൾ തികഞ്ഞ പരാജയമാണ്. അതൊക്കെ ചീട്ടുകൊട്ടാരം പോലെ തകർന്നടിഞ്ഞുകൊണ്ടിരിക്കുന്നു.

ഇസ്‌ലാം ഉയർത്തിയ വൈജയന്തി തീർച്ചയായും റഷ്യൻ ജനതയെ കീഴടക്കുക തന്നെ ചെയ്യും. റഷ്യയിൽ തന്റെ അനുയായികൾ മണൽ തരികൾ പോലെ പരക്കുന്നതായി ഹദറത് അഹ്മദ് (അ) ചെയ്ത പ്രവചനം സാക്ഷാൽകരിക്കപ്പെടുന്ന നാളുകൾ അനതിവിദൂരമല്ല. ഇൻശാഅല്ലാഹ്.

**ഗുട്ടൻസ്**

അറേബ്യയിലുണ്ടായ ജനകീയ മുന്നേറ്റങ്ങൾ ഇസ്‌ലാമിന്റെ ശോഭനമായ ഭാവിയിലേക്കുള്ള അറബ് വസന്തം എന്നാണ് ജമാഅത്തെ ഇസ്‌ലാമിക്കാർ കൊട്ടിഘോഷിക്കുന്നത്.
അയിന്റെ ആളും ഞമ്മള് തന്നെ!.

തഹ്‌രീക് ജദീദ്: സുവർണമുദ്രകൾ
സമ്പാദക: എസ്. സുൽത്താന

# ഘാന




ഒരു ആഫ്രിക്കക്കാരൻ അറേബ്യയിൽ അതിക്രമിച്ചു കയറി മക്കയെ നശിപ്പിക്കുന്ന ഒരു സമയം വന്നു ചേരുമെന്ന ഹദീസ് വായിച്ചതിന് ശേഷം ആഫ്രിക്കാ ഭൂഖണ്ഡത്തെ ഇസ്‌ലാമിന്റെ സന്ദേശത്തിലേക്ക് അടുപ്പിക്കാൻ ഖലീഫത്തുൽ മസീഹ് രണ്ടാമൻ ശ്രമങ്ങൾ ആരംഭിച്ചു.

ഹദ്റത്ത് മൗലാനാ അബ്ദുർ റഹ്മാൻ സാഹിബ് നയ്യാറിനെ ഹുസൂർ ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്കായി ആഫ്രിക്കയിലേക്ക് അയച്ചു.

1921 ഏപ്രിൽ 8-ന് മൗലാനാ നയ്യിർ സാഹിബ് നൈജീരിയയിലേക്ക് പോയപ്പോൾ, ഹുസൂറിന്റെ നിർദ്ദേശപ്രകാരം മൗലവി ഹക്കീം ഫസ്‌ലുർ റഹ്മാൻ സാഹിബ് 1922 മേയ് 13- മുതൽ ഘാനയിലെ ജമാഅത്തിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർവ്വഹിച്ചു തുടങ്ങി.



1970 ഏപ്രിൽ 18-നും 26-നും ഇടയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ ഘാന സന്ദർശിച്ചു. ഏപ്രിൽ 20-ന് അദ്ദേഹം ഘാനാ പ്രസിഡണ്ട് ബ്രിഗ്. എ.എ. ആഫ്രിക്കയെ സന്ദർശിച്ചു.



ഏപ്രിൽ 19-ന് ഹുസൂർ കുമാസിയിൽ പുതിയ പള്ളിക്ക് തറക്കല്ലിടുകയും അഹ്മദിയ്യാ മിഷൻ ഹൗസ് ഉത്ഘാടനം ചെയ്യുകയും ചെയ്തു.

1988 ഏപ്രിൽ 5-നും 13-നും ഇടയ്ക്ക് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ ഘാന സന്ദർശിക്കുകയും പുതിയ മിഷൻ ഹൗസ് കെട്ടിടം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

2004 മാർച്ച് 13-നും 25-നും ഇടയിൽ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഘാന സന്ദർശിച്ചു. ആദ്യത്തെ പ്രസ്സ് കോൺഫറൻസിൽ അദ്ദേഹം പറഞ്ഞു. എന്റെ പ്രിയപ്പെട്ടവരെ കാണാനാണ് ഞാൻ വന്നത്.

മാർച്ച് 14-ന് ഹുസൂർ, അദ്ദേഹം 1979 മുതൽ 1983വരെ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ച തഅ്‌ലീമുൽ ഇസ്‌ലാം കോളേജ് സന്ദർശിച്ചു.



# നൈജീരിയ

ഹദ്റത്ത് മൗലാനാ അബ്ദുർ റഹീം സാഹിബ് നയ്യിർ 1921 ഏപ്രിൽ 21ന് നൈജീരിയയിലെത്തി. നാലു മാസങ്ങൾക്ക് ശേഷം ഘാനയിലേക്ക് പോയ അദ്ദേഹം 1921 ഡിസംബർ 15ന് തിരിച്ചെത്തി. സ്ഥിരമായ പ്രചാരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു.

1922 സെപ്റ്റംബർ 11ന് ഹദ്റത്ത് മൗലാനാ നയ്യിർ സാഹിബ് ലാഗോസിൽ തഅ്‌ലീമുൽ ഇസ്‌ലാം സ്കൂൾ തുറന്നു.



അനാരോഗ്യം നിമിത്തം മൗലാനാ സാഹിബ് ലണ്ടനിലേക്ക് പോയപ്പോൾ ഹക്കീം ഫസ്‌ലുർ റഹ്മാൻ സാഹിബ് നൈജീരിയ സന്ദർശിച്ചു.

1943 മാർച്ച് 12-ന് ഹദ്റത്ത് ചൗധരി മുഹമ്മദ് സഫറുല്ലാഹ് സാഹിബ് ലാഗോസിൽ ആദ്യത്തെ അഹ്മദിയ്യാ പള്ളിക്ക് തറക്കല്ലിട്ടു. ഈ പള്ളി ദി ഫസ്ൽ മോസ്ക്ക് എന്ന് ഖലീഫത്തുൽ മസീഹ് രണ്ടാമൻ(റ) നാമകരണം ചെയ്തു.

പിന്നീട് 1945 വരെ മൗലവി നൂർ മുഹമ്മദ് സാഹിബ് നസീം സൈഫി നൈജീരിയയിൽ സേവനമനുഷ്ഠിച്ചു. അദ്ദേഹം ദി ട്രൂത്ത് എന്ന പേരിൽ ഒരു ഇംഗ്ലീഷ് വീക്കിലി ആരംഭിച്ചു.



ഖലീഫത്തു മസീഹ് മൂന്നാമൻ(റ) 1970ൽ നൈജീരിയ സന്ദർശിച്ചു. പ്രസിഡണ്ട് യാക്കൂബു ഗോവനെ സന്ദർശിച്ച ഹുസൂർ അദ്ദേഹത്തോട് പറഞ്ഞു. വലിയ ഒരു രാജ്യത്തിന്റെ മഹാൻമാരായ പുത്രൻമാരാണ് നിങ്ങൾ. മഹത്തായ ഒരു ഭാവി നിങ്ങളെ കാത്തിരിക്കുന്നു. സത്യത്തിന്റെ ദീപശിഖയേന്തി അതിന്റെ പ്രകാശം ലോകത്തിന്റെ നാലുപാടും എത്തിക്കുക, ഈ ലോകം നിങ്ങളെ അസൂയയോടുകൂടി വീക്ഷിക്കാൻ തുടങ്ങും വരെ.




1980 സെപ്റ്റംബർ 20-നും 24-നും ഇടയിൽ ഹുസൂർ വീണ്ടും നൈജീരിയ സന്ദർശിച്ചു.

1991 മാർച്ച് 31-ന് മുബശ്ശിർ അഹ്മദ് സാഹിബ് ഷാഹിദ് മിഷണറി ഇൻ ചാർജ് ആയി നിയമിക്കപ്പെട്ടു. 1992-ൽ ഒരു കാറപകടത്തിൽ മരണപ്പെടുംവരെ രണ്ടു വർഷക്കാലം അദ്ദേഹം അവിടെ സേവനമനുഷ്ഠിച്ചു.

2004 ഏപ്രിൽ 11-നും 13-നും ഇടയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ നൈജീരിയ സന്ദർശിച്ചു. അലാറോയിൽ ഹുസൂർ പുതിയ പള്ളി ഉദ്ഘാടനം ചെയ്തു. ഹുസൂറിനെ കാണാൻ 30000 ത്തോളം ആളുകൾ അവിടെ കൂടിയിരുന്നു. ഏപ്രിൽ 12ന് ഹുസൂർ ഓജോകോറോയിൽ പള്ളി ഉദ്ഘാടനം ചെയ്തു.






1952 മേയിൽ മൗലവി മുഹമ്മദ് ദാദിഖ് സാഹിബ് ഒരു മാസത്തോളം ലൈബീരിയയിൽ പര്യടനം നടത്തി.
ലൈബീരിയ പ്രസിഡണ്ടിനെ സന്ദർശിച്ച് അദ്ദേഹം വിശുദ്ധ ഖുർആൻ ഇംഗ്ലീഷ് പരിഭാഷയും മറ്റു ഇസ്‌ലാമിക സാഹിത്യങ്ങളും നൽകി.
സൂഫി മുഹമ്മദ് ഇഷാക്ക് സാഹിബ് ആണ് ലൈബീരിയയിൽ അഹ്മദിയ്യാ പ്രവർത്തനങ്ങൾ ആരംഭിച്ചത്.




ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ നിർദ്ദേശ പ്രകാരം അദ്ദേഹം തദ്ദേശ മുസ്‌ലിം സമുദായവുമായി ബന്ധം സ്ഥാപിച്ചു. അവരുമായി സമ്മാനങ്ങൾ കൈമാറാനും രാജ്യത്തേ മുഴുവൻ ഇസ്‌ലാമിക പ്രബോധനം ചെയ്യുവാനും അദ്ദേഹത്തോട് നിർദ്ദേശിച്ചിരുന്നു.
1970ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ ലൈബീരിയ സന്ദർശിച്ചു. പ്രസിഡണ്ടിനൊപ്പം ഹുസൂറിന് സ്റ്റേറ്റ് വക വിരുന്നും ഒരുക്കിയിരുന്നു.
1988 ജനുവരി 31-നും ഫെബ്രുവരി 2നും ഖലീഫത്തുൽ മസീഹ് IV ലൈബീരിയ സന്ദർശിച്ചു. ഫെബ്രുവരി 1-ന് അദ്ദേഹം പ്രസിഡണ്ടുമായി കൂടിക്കാഴ്ച നടത്തി.



# സിറാലിയോൺ

1937-ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ നിർദ്ദേശ പ്രകാരം ജമാഅത്ത് സ്ഥാപിക്കുന്നതിനായി മൗലവി നാസിർ അഹ്മദ് സാഹിബ് സിറാലിയോണിൽ എത്തി.
അദ്ദേഹത്തിന്റെ പ്രയത്ന ഫലമായി കുറേ അനുഭാവികളും പ്രദേശത്തെ ചില പ്രധാന വ്യക്തികളും ജമാഅത്ത് സ്വീകരിച്ചു.
1939ൽ റോകോ പൊറോയിൽ ആദ്യത്തെഅഹ്മദിയ്യാ മുസ്‌ലിം സ്ക്കൂൾ തുടങ്ങുകയും ബൂയിൽ ദക്ഷിണ പ്രവിശ്യയിൽ പുതിയ പള്ളി പണിയുകയും ചെയ്തു.



അതേ വർഷം, മൗലവി നാസിർ അഹ്മദ് സാഹിബിനെ ഹുസൂർ പശ്ചിമ ആഫ്രിക്കയിലെ മിഷണറി ഇൻചാർജ് ആയി നിയമിച്ചു. അദ്ദേഹത്തിന്റെ നാമം മൗലവി നാസിർ അഹ്മദ് അലി എന്നാക്കുകയും ചെയ്തു.
1955 മേയ് 19-ന് അദ്ദേഹം വഫാത്താവുകയും ബൂപട്ടണത്തിൽ അദ്ദേഹത്തെ അടക്കം ചെയ്യുകയും ചെയ്തു. പശ്ചിമ ആഫ്രിക്കയിൽ മരണപ്പെടുന്ന ആദ്യത്തെ അഹ്മദിയ്യാ മിഷണറി ആയിരുന്നു അദ്ദേഹം.



1970 മേയ് 5-നും 15-നും ഇടയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ സിറാലിയോൺ സന്ദർശിച്ചു.
മേയ് 8-ന് ഫ്രീ ടൗണിന്റെ അതിർത്തിയിലുള്ള നാസിർ അഹ്മദ് അലി മോസ്ക്ക് ഉദ്ഘാടനം ചെയ്തു.




മേയ് 10ന് ഹുസൂർ ബൂയിൽ മസ്ജിദിന് തറക്കല്ലിട്ടു.
1988 ജനുവരിയിൽ ഖലീഫത്തുൽ മസീഹ് നാലാമൻ സിറാലിയോണിൽ പര്യടനം നടത്തി.


His Holiness visits Siraleon-1988




# വിജയകരമായ സംസ്ഥാന സമ്മേളനം

**കോഴിക്കോട് :** ഇസ്‌ലാം സ്നേഹത്തിന്റെ മതം മുഹമ്മദ് നബി (സ) ശാന്തിയുടെ ദൂതൻ എന്ന പ്രമേയവുമായി നവംബർ 12,13 (ശരി, ഞായർ) തിയ്യതികളിൽ അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സംസ്ഥാന സമ്മേളനം ഇവിടെ വിജയകരമായി സംഘടിപ്പിച്ചു.

**ഒന്നാം ദിവസം - ഉദ്ഘാടന സമ്മേളനം**

അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അഖിലേന്ത്യാ മേലധ്യക്ഷൻ മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോറി ബൈത്തുൽ ഖുദ്ദൂസ് അങ്കണത്തിൽ ഇസ്‌ലാമിന്റെ ശ്യാമള പതാക ഉയർത്തിയതോടെ സമ്മേളനത്തിന് ഔദ്യോഗികമായി ആരംഭം കുറിച്ചു. തുടർന്ന് കോഴിക്കോട് മേഖല അമീർ കെ.എം. അഹ്‌മദ് കോയ സാഹിബിന്റെ




അധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സമ്മേളനത്തിൽ മൗലാനാ സാഹിബ് ഉദ്ഘാടന പ്രഭാഷണം നിർവഹിച്ചു. ഖിലാഫത്തിനോട് കൂറും സ്നേഹവും നിലനിർത്തുകയാണ് ഒരഹ്‌മദിയുടെ വിജയസോപാനത്തിലേക്കുള്ള ശരിയായ മാർഗമെന്ന് അദ്ദേഹം തന്റെ പ്രഭാഷണത്തിൽ ഓർമ്മിപ്പിച്ചു. ദൈവികമായ ഈ സംവിധാനത്തെക്കുറിച്ചുള്ള അവബോധം അടുത്ത തലമുറകളിലേക്ക് കൈമാറേണ്ടത് ഓരോ അഹ്‌മദിയുടെയും കടമയാണെന്നും അദ്ദേഹം പറഞ്ഞു.

അധ്യക്ഷഭാഷണത്തിന് ശേഷം സൗത്ത് കേരള മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ മേഖല ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ് (വിശുദ്ധ ഖുർആൻ കാലാതിവർത്തിയായ ഗ്രന്ഥം), മൗലവി സുൽത്താൻ നസീർ സാഹിബ്(വാഗ്ദത്ത മസീ



ഹിന്റെ ദൗത്യം) മലപ്പുറം മേഖല അമീർ മുഹമ്മദലി മാസ്റ്റർ സാഹിബ്, തിരുവനന്തപുരം മേഖല അമീർ അഹ്‌മദ് ശരീഫ് സാഹിബ് എന്നിവർ സമ്മേളനത്തെ സംബോധന ചെയ്തു.

തുടർന്ന് ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസിന്റെ പുതിയ പുസ്തകങ്ങൾ കോഴിക്കോട് മേഖല ഖാസി എം.എ മുഹമ്മദ് സാഹിബിന് നൽകിക്കൊണ്ട് നാസിർ അഅ്‌ലാ പ്രകാശനം ചെയ്തു. പബ്ലിക്കേഷൻ കമ്മിറ്റി സംസ്ഥാന സദർ യു. മൻസൂർ അഹ്‌മദ് സാഹിബ് പുസ്തകങ്ങളെ പരിചയപ്പെടുത്തി.

**വഖ്ഫെ നൗ മീറ്റിംഗ്.**

വഖ്ഫെ നൗ അഖിലേന്ത്യാ ചെയർമാൻ കൂടിയായ മൗലവി മുഹമ്മദ് ഇനാം സാഹിബ് ഗോറിയുടെ അധ്യക്ഷതയിൽ സമ്മേളനത്തിൽ എത്തിച്ചേർന്ന വഖ്ഫെ നൗ കുട്ടികളുടേയും, മാതാപിതാക്കളുടേയും സംയുക്ത യോഗം സംഘടിപ്പിച്ചു. മൗലാനാ സാഹിബിന് പുറമെ നാസിർ തഅ്‌ലീം ശിറാസ് അഹ്‌മദ് സാഹിബും യോഗത്തെ അഭിസംബോധന ചെയ്തു.



**പീസ് കോൺഫെറൻസ്**




വൈകിട്ട് 4 മണിക്ക് നാസിർ സാഹിബ് അഅ്‌ലായുടെ അധ്യക്ഷതയിൽ ചേർന്ന പീസ് കോൺഫെറൻസ് എം.കെ. രാഘവൻ എം.പി ഉദ്ഘാടനം ചെയ്തു. ഇസ്‌ലാമിന്റെ സ്നേഹ സന്ദേശം എന്ന വിഷയത്തെക്കുറിച്ച് പ്രൊഫ. മഹ്‌മൂദ് അഹ്‌മദ് സാഹിബ് ഇസ്‌ലാമും മതസൗഹാർദ്ദവും എന്ന വിഷയത്തെക്കുറിച്ച് നാസർ തഅ്‌ലീം ശിറാസ് അഹ്‌മദ് സാഹിബ് പ്രഭാഷണം നടത്തി. വിദ്യാഭ്യാസ രംഗത്ത് ഉന്നത വിജയം നേടിയ വിദ്യാർഥികൾക്കുള്ള ഉപഹാരങ്ങൾ നാസിർ സാഹിബ് അഅ്‌ലാ വിതരണം ചെയ്തു. ആശംസാ പ്രാസംഗികനായ കോഴിക്കോട് നോർത്ത് എം.എൽ.എ. പ്രദീപ് കുമാർ സമ്മേളനത്തിന്റെ സമാപന അവസരത്തിൽ എത്തിച്ചേർന്നിരുന്നു.

**രണ്ടാം ദിവസം - തർബിയ്യത്ത് സമ്മേളനം.**

പാലക്കാട് മേഖല അമീർ പ്രൊഫ. എം.കെ. അബ്ദുൽ കരീം സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന തർബ്ബിയ്യത്ത് സമ്മേളനത്തിൽ മൗലവി സി.പി. മൊയ്തീൻ കുട്ടി സാഹിബ് (യുഗാന്ത്യ സംഭവങ്ങൾ ഖുർആന്റെയും ഹദീസിന്റെ വെളിച്ചത്തിൽ) മൗലവി മുഹമ്മദ് ഇസ്‌മാഈൽ സാഹിബ് (വൈവാഹികം-അനഭിലഷണീയമായ പ്രവണതകൾ) മൗലവി മുഹമ്മദ് നജീബ്ഖാൻ സാഹിബ് (അഹ്‌മദിയ്യാ സന്ദേശം- ഫലപ്രദമായ പ്രചാരണ രീതികൾ) മൗലവി കെ. അബ്ദുസ്സലാം സാഹിബ് (ജമാഅത്തിന്റെ ആഗോള സംവിധാനം) മൗലവി എച്ച് ശംസുദ്ദീൻ കാവശ്ശേരി (ആത്മ സംസ്കരണ മാർഗങ്ങൾ) എന്നിവർ പ്രഭാഷണം നടത്തി.

കൂടാതെ മൗലാനാ ഇനാം സാഹിബ് ഗോറി




വിവാഹ വിളമ്പരങ്ങൾ നടത്തുകയുമുണ്ടായി.

**സമാപന സമ്മേളനം**

വൈകിട്ട് 4.30 ന് കോഴിക്കോട് ബീച്ചിൽ ചേർന്ന സമാപന സമ്മേളനം മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോറി ഉദ്ഘാടനം ചെയ്തു. അധാർമ്മികതയും അസാൻമാർഗിക പ്രവണതകളും ദൈവികശിക്ഷകളെ ക്ഷണിച്ചു വരുത്തുന്നതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഹദ്റത്ത് അഹ്മദ് (അ) ന്റെ മുന്നറിയിപ്പുകളടങ്ങുന്ന പ്രവചനം അവതരിപ്പിച്ചുകൊണ്ട് മൗലാനാ സാഹിബ്





പറഞ്ഞു. ഇക്കാലഘട്ടത്തിൽ മനുഷ്യനെ ദൈവവുമായി ബന്ധിപ്പിക്കുന്നതിന് ആഗതരായ വാഗ്ദത്ത ലോകോദ്ധാരകനെ തിരിച്ചറിഞ്ഞ് അദ്ദേഹത്തിന്റെ പിന്നിൽ അണി നിരക്കേണ്ടത് മനുഷ്യ വംശത്തിന്റെ നന്മക്ക് അത്യന്താപേക്ഷിതമാണ്. മുൻകാല പ്രവാചക നിഷേധികളുടെ ദുരന്ത പരിണിതികൾ, പാഠമുൾക്കൊള്ളാതെ വിസ്മരിക്കുന്നത് മൗഢ്യമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. പ്രഭാഷണം മൗലവി മുഹമ്മദ് ഇസ്മാഈൽ സാഹിബ് ആലപ്പുഴ വിവർത്തനം ചെയ്തു.

കോഴിക്കോട് മേഖല അമീർ കെ.എം. അഹ്മദ് കോയ സാഹിബ് അധ്യക്ഷത വഹിച്ചു. മൗലവി എം. നാസിർ അഹ്മദ് സാഹിബ് (അഹ്മദിയ്യത്ത് യഥാർഥ ഇസ്ലാം) എ.എം. മുഹമ്മദ് സലീം സാഹിബ് (ഇസ്ലാമിന്റെ നവോത്ഥാനം) മൗലവി പി.എ. മുഹമ്മദ് സലീം സാഹിബ് (ആഗോള ഇസ്ലാമിക നേതൃത്വം) എന്നിവർ പ്രസംഗിച്ചു. ജൽസാ ഓഫീസർ എം.കെ. ഇമ്പിച്ചിക്കോയട്ടി സാഹിബ് നന്ദി പ്രകാശിപ്പിച്ചു.

കേരളത്തിലെ വിവിധ ജമാഅത്തുകൾക്ക് പുറമെ തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, ലക്ഷദ്വീപ് സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുത്തു. സമ്മേളന ദിവസങ്ങളിൽ കാലത്ത് ബൈത്തുൽ ഖുദ്ദൂസിലും സമീപ മിഷൻ ഹൗസുകളിലും തഹജ്ജുദ് നമസ്ക്കാരത്തിനുള്ള സംവിധാനവും ഉണ്ടായിരുന്നു. 5000 ത്തിൽ പരം ആളുകളാണ് സമ്മേളനത്തിൽ പങ്കെടുത്തത്.

സമ്മേളനത്തിന്റെ ഭാഗമായി കോഴിക്കോട് മലപ്പുറം പാലക്കാട് മേഖലകളിൽ ജീപ്പ് പ്രചാരണവും സംഘടിപ്പിച്ചിരുന്നു.



# ജൽസാ സാലാനാ

***ജൽസാസാലാനയുടെ പ്രവർത്തനങ്ങൾ മൂന്ന് ഓഫീസർമാർക്ക് കീഴിലാണ് പ്രവർത്തിക്കുന്നത്.***

**1. അഫ്സർ ജൽസാഗാഹ്**

ജൽസാസാലാനയുടെ പ്രോഗ്രാമും, സ്റ്റേജും അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഇദ്ദേഹത്തിന് കീഴിയിലാണ് വരുന്നത്. ഇന്ത്യയിൽ നാസിർ ഇസ്ലാഹോ ഇർശാദും, മറ്റ് രാജ്യങ്ങളിൽ ചീഫ് മുബല്ലിഗുമാണ് അഫ്സർ ജൽസാഗാഹ്.

**2. അഫ്സർ ജൽസാസാലാനാ**

അതിഥികളുടെ ഭക്ഷണം, താമസസൗകര്യം തുടങ്ങി മറ്റ് എല്ലാ സംഘാടക സംബന്ധമായ കാര്യങ്ങളുടേയും മേൽനോട്ടം അഫ്സർ ജൽസാ സാലാനക്കാണ്. ഈ പോസ്റ്റിലേക്ക് എല്ലാ വർഷവും ഹുസൂർ തിരുമനസ് നിയമനം നടത്തുകയാണ് ചെയ്യാറുള്ളത്.

**3. അഫ്സർ ഖിദ്മത്തെ ഖൽഖ്**

സെക്യൂരിറ്റി, പാർക്കിംഗ്,രജിസ്ട്രേഷൻ തുടങ്ങി യ കാര്യങ്ങൾ അഫ്സർ ഖിദ്മത്തെ ഖൽഖിനു കീഴിയിലാണ് പ്രവർത്തിക്കുന്നത്. സദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായാണ് അഫ്സർ ഖിദ്മത്തെ ഖൽഖ്.

**അഫ്സർ റാബ്ത്വ**

ഈ മൂന്ന് ഓഫീസർമാരുടേയും പ്രവർത്തനം സംയോജിപ്പിക്കുന്നത് അഫ്സർ റാബ്ത്വ (കോഡിനേറ്റിംഗ് ഓഫീസർ) യാണ്. സാധാരണ ഗതിയിൽ ഇന്ത്യയിൽ നാസിർ അഅ്ല യാണ് ഈ പദവിയിൽ നിയമിക്കപ്പെടാറുള്ളത്.

ഈ സെക്ഷനുകൾക്ക് നാഇബ് അഫ്സർ, മുൻതസിം, നാഇബ് മുൻതസിം, മെഹ്മാൻ നവാസ്, നാസിം, നാഇബ് നാസിം, വളണ്ടിയർമാർ തുടങ്ങിയ പോസ്റ്റുകളിൽ ആയിരത്തോളം പേർ പ്രവർത്തിക്കുന്നു. ജൽസാസാലാനയുടെ ഓഫീസ് വർഷം മുഴുവൻ പ്രവർത്തന നിരതമാണ്.

**മുആയിന കാർകുനാൻ**

ജൽസാസാലാനാ, ജൽസാഗാഹ്, ഖിദ്മത്തെ ഖൽഖ് വിഭാഗങ്ങൾക്ക് കീഴിലുള്ള മുഴുവൻ പ്രവർത്തകരേയും വിളിച്ച് ചേർത്ത് നടത്തുന്ന ഇൻസ്പെക്ഷനാണ്. മുആയിന കാർകുനാൻ. ജൽസയുടെ കുറച്ച് ദിവസങ്ങൾക്ക് മുമ്പ് ഹുസൂറിന്റെയോ അല്ലെങ്കിൽ പ്രതിനിധിയുടെയോ സാന്നിധ്യത്തിലാണ് ഇത് സംഘടിപ്പിക്കുക. ഇതിൽ ഡ്യൂട്ടികാർക്ക് നിർദ്ദേശങ്ങൾ നൽകപ്പെടുന്നു. ഇതോടുകൂടിയാണ് ഔദ്യോഗികമായി ജൽസാ ഡ്യൂട്ടി തുടങ്ങുന്നത്.

## തഹ്‌രീക്ക് ജദീദ്

# ഇന്ത്യക്ക് ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപയുടെ ടാർഗറ്റ്

സയ്യിദ്‌നാ ഹദ്‌റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹു) 2011 നവംബർ 4ാം തിയ്യതി ചെയ്ത ഖുതുബയിൽ തഹ്‌രീക്ക് ജദീദിന്റെ 78ാം വിളംബര പ്രഖ്യാപനം നടത്തി. ഈ വർഷം 66,31000 പൗണ്ട് തഹ്‌രീക്ക് ചന്ദയാണ് സ്വരൂപിച്ചത്. കഴിഞ്ഞ വർഷത്തേതിനേക്കാൾ 11,62000 പൗണ്ട് അധികമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ചന്ദ കൊടുക്കുന്നവരുടെ എണ്ണത്തിലും നിലവാരത്തിലും അനിതര സാധാരണമായ പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്.

ഭൗതിക സംഘടനകൾ സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ട് ഉഴലുമ്പോൾ അഹ്മദിയ്യാ ജമാഅത്ത്, പ്രത്യേകിച്ച് ഇന്ത്യൻ ജമാഅത്തുകൾ ധനത്യാഗത്തിൽ മാതൃകാപരമായ സേവനമാണ് കാഴ്ച വെച്ചിരിക്കുന്നത്.

2011 -2012 വർഷത്തേക്ക് ഹുസൂർ അൻവർ അയ്യദഹുല്ലാഹ് ഇന്ത്യക്ക് നൽകിയ തഹ്‌രീക്ക് ജദീദ് ടാർഗറ്റ് 1,75,00000 (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം) രൂപയാണ്.) **(Letter from India Desk London QND 9119/8-11-2011)**

ഹുസൂർ തിരുമനസ്സ് നൽകിയിരിക്കുന്ന ഈ ടാർഗറ്റ് പൂർത്തീകരിക്കണമെങ്കിൽ നമ്മുടെ ബഡ്ജറ്റുകളിൽ 20% വർദ്ധനവ് അനിവാര്യമാണ്. ജമാഅത്തിന്റെ ആഗോള തലത്തിലുള്ള പ്രചാരണ പ്രവർത്തനങ്ങൾക്ക് വേണ്ടി സയ്യിദ്‌നാ ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ് (റ) ആരംഭിച്ചിട്ടുള്ള തഹ്‌രീക്ക് ജദീദ് പദ്ധതിയിലേക്കായി താങ്കളുടെ കഴിവിന്റെ പരമാവധി സാമ്പത്തിക ത്യാഗത്തിന് തയ്യാറാകണമെന്ന് വക്കീലുൽമാൽ തഹ്‌രീക്ക് ജദീദ് ഖാദിയാൻ അഭ്യർത്ഥിച്ചു.



ഐരാപുരം അത്ഫാൽ വിനോദയാത്രയിൽ



കൊല്ലം ബുക് ഫെയർ

# നബികീർത്തന സമ്മേളനം

**കണ്ണൂർ:** കണ്ണൂർ മേഖലാ ലജ്നാ ഇമായില്ലായുടെ ആഭിമുഖ്യത്തിൽ നടന്ന നബികീർത്തന സമ്മേളനം കണ്ണൂർ മുനിസിപ്പൽ ചെയർ പേഴ്സൺ ശ്രീജ ഉദ്ഘാടനം ചെയ്തു. കണ്ണൂർ താവക്കര ബി.ആർ.ബി മൈത്രീ ഭവനിൽ വെച്ച് നടന്ന സമ്മേളനത്തിൽ നസീറാ മൻസൂർ സാഹിബ അദ്ധ്യക്ഷയായിരുന്നു.

ഫാത്തിമ ജസീനാ സാഹിബയുടെ ഖുർആൻ പാരായണത്തിന് ശേഷം റഷീദാ ഗഫൂർ സാഹിബ സ്വാഗതവും സഫൂറാ ശഫീ സാഹിബ ആശംസയും നേർന്നു. ശേഷം നബി (സ)ന്റെ ജീവിത മാതൃക ആധുനിക യുഗത്തിൽ എന്ന വിഷയത്തിൽ യു.ശരീഫബി സാഹിബ പ്രഭാഷണം നടത്തി. നാസിറാത്തുകളായ റിസ്‌വാന നൗഷാദ്, തസ്നീം സലീം എന്നിവരും പ്രസംഗിച്ചു. റൂബിയ നൗഷാദ് സാഹിബ നന്ദി പറഞ്ഞു. പരിപാടിയുടെ സമാപനത്തിൽ 60 വയസ്സ് കഴിഞ്ഞ ലജ്നാ അംഗങ്ങളെ ആദരിക്കുകയും അവർക്ക് ഉപഹാരങ്ങൾ നൽകുകയും ചെയ്തു.

### വിശുദ്ധ ഖുർആൻ പൂർത്തിയാക്കി



**മട്ടന്നൂർ** :ഖലീൽ സാഹിബിന്റെ മകനും കണ്ണൂർ മേഖലാ അമീർ യു.മൻസൂർ സാഹിബിന്റെ പൗത്രനുമായ മട്ടന്നൂർ ജമാഅത്തിലെ ഫഹദ് ജമീൽ 7ാം വയസ്സിൽ ഖുർആൻ പൂർത്തിയാക്കി.

# ബാംഗ്ലൂർ ബുക് ഫെയർ

**ബാംഗ്ലൂർ:** തബ്‌ലീഗ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 10 ദിവസങ്ങളായി നടന്ന ബാംഗ്ലൂർ ബുക്ക് ഫെയർ വിജയകരമായി സമാപിച്ചു. ജമാഅത്തിലെ ഖുദ്ദാം- അൻസാർ -അത്ഫാലിന്റെ നിതാന്ത പരിശ്രമം ഇതിന് പിന്നിലുണ്ടായിരുന്നു. ഉർദു,ഇംഗ്ലീഷ്,ഹിന്ദി, മലയാളം, കന്നഡ,തെലുങ്കു,തമിഴ് ഭാഷകളിൽ ഉള്ള ഖുർആൻ പരിഭാഷ നൂറ് കണക്കിന് ആളുകളിലേക്ക് എത്തിക്കാൻ സാധിച്ചു. കൂടാതെ അന്താരാഷ്ട്ര ഭാഷകളിലും ഖുർആൻ പ്രദർശിപ്പിക്കാനും ഇസ്ലാമിന്റെ തനതായ അദ്ധ്യാപനങ്ങളെ ജനങ്ങളിലേക്ക് എത്തിക്കാനും സാധിച്ചു.



# വഖ്ഫെ ജദീദ് കുടിശ്ശിക തീർക്കുക

**ഖാദിയാൻ**: വഖ്ഫെ ജദീദ് നടപ്പ് സാമ്പത്തിക വർഷം ഡിസംബറോടു കൂടി അവസാനിക്കുകയാണ്. ഇനിയും ചന്ദ കുടിശ്ശികയുള്ള സഹോദരങ്ങൾ എത്രയും പെട്ടെന്ന് കൊടുത്ത് തീർക്കണമെന്ന് നാസിം വഖ്ഫെ ജദീദ് മൗലാനാ മുഹമ്മദ് ത്വാഹിർ സാഹിബ് ഗോറി അഭ്യർത്ഥിച്ചു.

# തബ്‌ലീഗ് സ്റ്റഡിക്യാമ്പ്

**കാവശ്ശേരി:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യയുടെ ആഭിമുഖ്യത്തിൽ തബ്‌ലീഗ് സ്റ്റഡി ക്യാമ്പ് സംഘടിപ്പിച്ചു. ജമാഅത്ത് പ്രസിഡണ്ട് എച്ച്. സുലൈമാൻ സാഹിബ് അധ്യക്ഷം വഹിച്ചു. ദഅ്‌വത്തെ ഇലല്ലാഹ് മുബല്ലിഗ് മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞു.

# സീറത്തുന്നബി യോഗം

**മണ്ണാർക്കാട്:** ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ കെ.മുഹമ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സീറത്തുന്നബീ യോഗത്തിൽ മൗലവി മുഹമ്മദ് മൻസിൽ സാഹിബ് ക്ലാസെടുത്തു. പ്രസ്തുത യോഗത്തിൽ ജമാഅത്തിലെ സ്ത്രീകളും പുരുഷന്മാരും കുട്ടികളും പങ്കെടുത്തു.

# മേഖലാ വഖ്ഫെ നൗ ഇജ്ത്തിമ

**ചേലക്കര:** പാലക്കാട് മേഖലാ വഖ്ഫെ നൗ ഇജ്ത്തിമാ ചേലക്കര പള്ളിയിൽ വെച്ച് നടന്നു. മേഖലാ വഖ്ഫെ നൗ മേഖലാ സെക്രട്ടറി ടി. കുഞ്ഞീതു മാസ്റ്ററുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഇജ്ത്തിമ മേഖലാ ഖാസി ജനാബ് സെയ്തുട്ടി മാസ്റ്റർ ഉദ്ഘാടനം ചെയ്തു. മൗലവി മുഹമ്മദ് മൻസിൽ സാഹിബ് സർക്കിൾ ഇൻചാർജ്ജ് പാലക്കാട് മേഖല തർബിയ്യത്ത് ക്ലാസെടുത്തു. ശേഷം വഖ്ഫെ നൗ കുട്ടികളുടെ വിവിധ വൈജ്ഞാനിക മത്സരങ്ങൾ നടന്നു. ശേഷം നടന്ന ചോദ്യോത്തര വേദിയിൽ മൗലവി എച്ച്.ശംസുദ്ദീൻ സാഹിബ് മോഡറേറ്ററായിരുന്നു. സെയ്തുട്ടിമാസ്റ്റർ സാഹിബ്, കെ.ഉണ്ണീൻസാഹിബ് എന്നിവർ ഇതിൽ പങ്കെടുത്തു. മത്സര വിജയികൾക്ക് സമ്മാനം നൽകി. ഇജ്ത്തിമയിൽ മേഖലയിലെ എല്ലാ ജമാഅത്തുകളിൽ നിന്നും കുട്ടികളും അവരുടെ രക്ഷിതാക്കളും പങ്കെടുത്തു.

ദ പാൻ ആഫ്രിക്കൻ അഹ്മദിയ്യാ മുസ്‌ലിം അസോസിയേഷന്റെ ആഭിമുഖ്യത്തിൽ

# ആഫ്രിക്കൻ രാജ്യങ്ങളുടെ 50-ാം സ്വാതന്ത്ര്യവാർഷികാഘോഷം




**യു.കെ:** അഹ്മദിയ്യാ ജമാഅത്തിന്റെ ദ പാൻ ആഫ്രിക്കൻ അഹ്മദിയ്യാ മുസ്‌ലിം അസോസിയേഷൻ (പാമ)ന്റെ ആഭിമുഖ്യത്തിൽ താൻസാനിയ, സിറാലിയോൺ, കാമറൂൺ എന്നീ രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികമാഘോഷിച്ചു. വിവിധ ആഫ്രിക്കൻ രാജ്യങ്ങളിലെ നേതാക്കന്മാർ പങ്കെടുത്ത പരിപാടിയിൽ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹു പ്രത്യേക പ്രഭാഷണം നടത്തി. അദ്ദേഹം തന്റെ പ്രഭാഷണത്തിൽ ആഫ്രിക്കൻ രാജ്യങ്ങളിലെ നേതാക്കന്മാരും പൊതുജനങ്ങളും തമ്മിലുണ്ടാകേണ്ടുന്ന ബന്ധത്തെ ക്കുറിച്ചും സമീപ ഭാവിയിൽ തന്നെ ആഫ്രിക്കൻ രാജ്യങ്ങൾ ലോകത്തിലെ വൻശക്തികളായി മാറുമെന്നും പറഞ്ഞു. പ്രസ്തുത പരിപാടിയിൽ പങ്കെടുത്ത പ്രമുഖരിൽ ലൈബീരിയൻ അമ്പാസിഡർ വെസ്ലെ മൊമൊ ജോൺസൺ, മിനിസ്റ്റർ ഓഫ് ഘാന അൽഹാജ് ബാവാ ഗിൽബർട്ട്,സിറാലിയോൺ ഹൈ കമ്മീഷണർ എഡ്വേർഡ് മുഹമ്മദ് തുറേ എന്നിവരുണ്ടായിരുന്നു. എല്ലാവരും ഈ അവസരത്തിൽ തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുണ്ടായി.



അഖിലേന്ത്യ തലത്തിൽ രണ്ടാം സ്ഥാനം നേടിയ പാലക്കാട് അൻസാറുല്ല അംഗങ്ങൾ



ഐരാപുരം ഖുദ്ദാം, അഖ്ഫാൽ അംഗങ്ങൾ ശുദ്ധീകരണ പ്രവർത്തിയിൽ



പത്തപ്പിരിയം ഖുദ്ദാം, അഖ്ഫാൽ അംഗങ്ങൾ ശുദ്ധീകരണ പ്രവർത്തിയിൽ

# സർവ്വമത സമ്മേളനം



**ജമ്മു :** ജമ്മു അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ജമ്മു നഗരമദ്ധ്യത്തിലെ വലിയ ഹാളിൽ സർവ്വമത സമ്മേളനം നടത്തി. വിവിധ മത വിഭാഗങ്ങളിൽ പെട്ട പ്രമുഖരായ മത-സാംസ്ക്കാരിക നേതാക്കന്മാർ സമ്മേളനത്തിൽ പങ്കെടുത്തു. അഹ്മദിയ്യാ ജമാഅത്തിന് വളരെയേറെ എതിർപ്പുകൾ നേരിടേണ്ടി വരാറുള്ള ഈ പ്രദേശത്ത് ആദ്യമായാണ് ഇങ്ങനെയൊരു സമ്മേളനം സംഘടിപ്പിക്കാൻ സാധിച്ചത്. സഹീർ അഹ്മദ് ഖാദിം സാഹിബ്,നാസിർ ദഅ്വത്തെ ഇലല്ലാ ഭാരതിന്റെ അദ്ധ്യക്ഷതയിൽ അബ്ദുൽ വക്കീൽ സാഹിബ് നിയാസ്, നാഇബ് നാസിർ ഇസ്‌ലാഹൊ ഇർശാദിന്റെ ഖുർആൻ പാരായണത്തോടു കൂടി സമ്മേളനം ആരംഭിച്ചു. ശേഷം ഗുലാം അഹ്മദ് ഇസ്മായിൽ സാഹിബ് ഹുസൂർ തിരുമനസ്സിന്റെ സന്ദേശം ഇംഗ്ലീഷിൽ വായിച്ച് കേൾപ്പിച്ചു. പാതിരി എം.ബി ബിജു ശാന്തി- സമാധാനത്തെ ക്കുറിച്ചുള്ള ക്രിസ്തീയ അദ്ധ്യാപനങ്ങളും ഹിന്ദു മത പണ്ഡിതനായ ഡോക്ടർ ഗ്യാൻസിംഗ് ഹൈന്ദവ മത ഗ്രന്ഥങ്ങൾ മുന്നോട്ട് വെക്കുന്ന ആശയങ്ങളെ ക്കുറിച്ചും മുസ്‌ലിം പ്രതിനിധിയായി അഹ്മദിയ്യാ ജമാഅത്തിന്റെ മുബല്ലിഗ് ശേഖ് മുജാഹിദ് അഹ്മദ് ശാസ്ത്രി സാഹിബ് സർവ്വമതസ്ഥരിലും ഉണ്ടാകേണ്ട ഏകതാ മനോഭാവത്തെക്കുറിച്ചുള്ള ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അദ്ധ്യാപനങ്ങളെക്കുറിച്ചും സിഖ് മത പ്രതിനിധിയായ സർദാർ നരേന്ദർ സിംഗ്, സിഖ് മത അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ സാഹോദര്യത്തെ സംബന്ധിച്ചും പ്രസംഗിച്ചു. അദ്ധ്യക്ഷൻ തന്റെ പ്രസംഗത്തിൽ ലോകത്ത് ഇന്ന് സംഭവിച്ച് കൊണ്ടിരിക്കുന്ന സമാധാനത്തിന്റെ അഭാവത്തെ ക്കുറിച്ചും സമാധാനത്തെ വീണ്ടും ലോകത്ത് പുനസ്ഥാപിക്കാനാണ് അഹ്മദിയ്യാ ജമാഅത്തിന്റെ വന്ദ്യ സ്ഥാപകൻ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ ലോകത്തേക്ക് ആഗതരായതെന്നും പറഞ്ഞു. ദുആയോടു കൂടി സമ്മേളനം സമാപിച്ചു.

# ജമാഅത്തുകളുടെ ശ്രദ്ധയ്ക്ക്

**ഖാദിയാൻ :** 2011 ജൽസാ സാലാനയിൽ വളണ്ടിയർമാരായി ഡ്യൂട്ടി ചെയ്യാൻ താൽപര്യമുള്ളവർ നാഇബ് സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് സി.ശമീം സാഹിബുമായി ബന്ധപ്പെടേണ്ടതാണ്. നേരത്തെ പേര് നൽകിയിട്ടില്ലാത്ത ഖാദിയാനിൽ പോകുന്നവർക്കും ഈ അവസരം ഉപയോഗപ്പെടുത്താവുന്നതാണെന്ന് അധികൃതർ അറിയിച്ചു.

# National Majlis-e-Amila 2011-2012
# Majlis Khuddamul Ahmadiyya Bharath

| | |
|---|---|
| Sadr - | Hafiz Makhdoom Sharif Sahib |
| Naib Sadr for leaflet distribution & mta - | Atha Ilahi Ahsan Ghori Sahib |
| Naib Sadr And Muhthamim Mal - | Rafiq Ahmed Baig Sahib |
| Naib Sadr for Darussana'ath - | Azhar Ahmed Khadim Sahib |
| Naib Sadr Qadian and Security - | Abdul Aleem Afthab Sahib |
| Naib Sadr for South India - | C.Shameem Ahmed Sahib |
| Naib Sadr for East India - | Abdul Wadood Khan Sahib |
| Moutamid - | Ghulam Asimuddin Sahib |
| Addl Moutamid - | Shameem Ahmed Ghori Sahib |
| Muhthamim Athfal - | Sheikh Mujahid Ahmed Sahib |
| Addl Muhthamim Athfal - | Hafiz Tanweerul Haque Sahib |
| Muhthamim Thajneed - | Sheikh Fareed Ahmed Sahib |
| Addl Muhthamim Tajneed - | Shakir Ahmed Anwar Sahib |
| Muhthamim Isha'ath - | Athaul Mujeeb Lone Sahib |
| Addl Muhthamim Isha'ath - | Naveed Ahmed Fazl Sahib |
| Muhthamim umoomi - | Athaul Gaffar Sahib |
| Addl Muhthamim umoomi - | Sadiq Ahmed Cheema Sahib |
| Muhthamim Tableeg - | Rizwan Ahmed Nasir Sahib |
| Addl Muhthamim Tableeg - | Hafiz Muhammed Akber Sahib |
| Muhthamim Khidmath-e-Khalq - | Abdul Muhsin Sahib |
| Addl Muhthamim Khidmath-e-Khalq - | Suhaib Ahmed Asif Sahib |
| Muhthamim Tehrik-e-Jadeed - | Qamarul Haque Khan Sahib |
| Muhthamim Sanath-o-Thijarath - | Sayyed Ijaz Ahmed Sahib |
| Addl Muhthamim Sanath-o- Thijarath - | Khalid Ahmed Aladdin Sahib |
| Muhthamim Taleem - | Hidayathullah Sahib |
| Addl Muhthamim Taleem - | T Anweer Ahmed Nasir Sahib |
| Muhthamim Tarbiyyath - | Nasir Mahmood Sahib |
| Muhthamim Tarbiyyath nau Mubayieen - | Hafiz Aslam Ahmed Sahib |
| Muhthamim Sihath-e-Jismani - | Misbahuddin Nayyar Sahib |
| Addl Muhthamim Sihath-e-Jismani - | Khursheed Ahmed Bhatti Sahib |
| Muhthamim Maqami - | Mamoon Rasheed Thabrez Sahib |
| Addl Muhthamim Maqami - | Zubair Ahmed Tahir Sahib |
| Muhthamim Umoor-e-Thulaba - | Tayyib Ahmed Khadim Sahib |
| Addl Muhthamim Umoor-e-Thulaba - | Thasneem Ahmed Farkh Sahib |
| Muhthamim Waqar-e-Amal- | Habeeburahman Sahib |
| Addl Muhthamim Waqar-e-Amal - | Farooque Ahmed Arif Sahib |
| Muawin Sadr - | Sayyed Zubair Ahmed Thahir Sahib |
| Addl Muhthamim Mal - | Matheenur Rahman Sahib |
| Muawin Sadr,Muhasib - | Luqman Ahmed Iqbal Sahib |

# Zonal Qaideen South India - 2011-12

| | |
|---|---|
| North Kerala - | Rahim Shamsuddin Sahib,Payangadi |
| Central Kerala - | S.Haris Sahib,Koduvayoor |
| South Kerala - | E.H.Najeeb Sahib, Kakkanad |
| South Karnataka- | Musadiq Ahmad Sahib, Bangalore |
| North Karnataka - | Musawir Ahmad Sahib, Yadgir |
| South Tamil Nadu - | J.S.Saleem Ahmad Sahib, Melepalayam |
| North Tamil Nadu - | Feroz Khan Sahib, Coimbatore |
| Hyderbad Zone - | Mubashir Ahmad Sahib, Hyderabad |
| Godawari Zone - | Munawar Ahmad Mastan Sahib, Godawari |
| Warangal Zone - | Yaqoob Pasha Sahib,Warangal |

**പുസ്തക പരിചയം**

**പി. എം. ബി**

# സന്മാർഗദീപം




അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ജർമ്മനി പ്രസിദ്ധീകരിച്ച ഖന്ദീലെ സദാഖത്ത് എന്ന പുസ്തകത്തിന്റെ മലയാള വിവർത്തനമാണ് സന്മാർഗ ദീപം. ജർമ്മനിയിലെ മുബല്ലിഗ് ഇൻചാർജ് ആയിരുന്ന മൗലാനാ അതാവുല്ലാഹ് സാഹിബ് കലീം ആണ് ഈ പുസ്തകം ക്രോഡീകരിച്ചത്.

ഈസാ നബിയുടെ മരണം, ഖത്തമുന്നുബുവ്വത്ത്, ഹദ്റത്ത് അഹ്മദ് (അ) ന്റെ സത്യസാക്ഷ്യം, എന്നീ മൂന്ന് വിഷയങ്ങളെ സംബന്ധിച്ച നൂറോളം ആധികാരികവും ദുർലഭവുമായ പുസ്തകങ്ങളിലെ ഉദ്ധരണികളാണ് ഇതിന്റെ ഉള്ളടക്കം. പുസ്തകത്തിന്റെ കവർ പേജ് ഉദ്ധരണി ഉള്ള പേജ്, ഉദ്ധരണി, ഇംഗ്ലീഷ് മലയാളം തർജ്ജമ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഇത് ഒന്നാന്തരമൊരു റഫറൻസ് പുസ്തകവും തബ്ലീഗ് സഹായിയുമാണ്. തബ്ലീഗ് പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്ന ഈ ഗ്രന്ഥം മജ്ലിസ് അൻസാറുല്ലാഹ് കേരളയാണ് പ്രസിദ്ധീകരിച്ചത്. ദഅ്വത്തെ ഇലല്ലാഹ് മുബല്ലിഗ് എച്ച്. ശംസുദ്ദീൻ സാഹിബ് കാവശ്ശേരി ആണ് വിവർത്തകൻ. 293 പേജ് ഉള്ള ഈ പുസ്തകത്തിന്റെ വില 60 രൂപയാണ്.

# ചന്ദ
# ജൽസ സാലാനാ

**ഖാദിയാൻ:** ജൽസാ സാലാനാ ചന്ദ ജലസയ്ക്ക് മുമ്പേ തന്നെ കൊടുത്ത് തീർക്കാൻ സഹോദരങ്ങൾ ശ്രദ്ധിക്കണമെന്ന് നാസിർ ബൈത്തുൽ മാൽ ആമദ് മൗലാനാ ജലാലുദ്ദീൻ സാഹിബ് നയ്യർ ജമാഅത്തുകളിലേക്കയച്ച സർക്കുലറിൽ ആവശ്യപ്പെട്ടു.

**The Editor, AL HAQ**
**C/o Majlis Khuddamul Ahmadiyya**
**Karulai , Malappuram, Kerala**

**E.mail: alhaqeditor@gmail.com**

# ജൽസാ സാലാനയിൽ അഹ്മദിയ്യാ പതാക



1939–ൽ ജമാഅത്തിന്റെ 50–ാം വാർഷികവും രണ്ടാം ഖിലാഫത്തിന്റെ 25–ാം വാർഷികവും വിജയകരമായി ആഘോഷിക്കുകയുണ്ടായി.

–ജൂബിലി സബ് കമ്മിറ്റിയുടെ ശുപാർശയിൽ ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) അഹ്മദിയ്യാ പതാകക്ക് അനുമതി നൽകുകയും പതാകയുടെ മുഴുവൻ ചെലവും സ്വഹാബാക്കളിൽ നിന്ന് മാത്രം സ്വരൂപിക്കാൻ നിർദേശിക്കുകയും ചെയ്തു.

– പതാക തയ്യാറാകുന്നതിന് ഹുസൂർ(റ) ഹ. മിർസാ ബശീർ അഹ്മദ് സാഹിബ്(റ) അടങ്ങുന്ന മൂന്നംഗ കമ്മിറ്റിയെ നിശ്ചയിച്ചു. ഇതിൽ ഹ. ഹാഫിസ് മിർസാ നാസിർ അഹ്മദ് സാഹിബ്(റഹ്), ഹ. മിർസാ മുഹമ്മദ് ഇസ്ഹാഖ് സാഹിബ്(റ) എന്നിവരായിരുന്നു മററംഗങ്ങൾ.

– സ്വഹാബാക്കൾ 130/– രൂപ സ്വരൂപിച്ചു.

– സ്വഹാബാക്കളും, സ്വഹാബിയാത്തും നൂൽനൂറ്റുണ്ടാക്കിയ തുണിയാണ് പതാകക്ക് വേണ്ടി ഉപയോഗിച്ചത്.

– പതാകയുടെ വലിപ്പം 18:9 അടിയായിരുന്നു



– 1939 ഡിസംബർ 28ന് 150 ജമാഅത്തുകൾ സ്വന്തം പതാകയുമേന്തി എത്തിത്തുടങ്ങി. ഈ പതാകകൾ രണ്ട് പേർ ചേർന്ന് ബാനർ പോലെ പിടിക്കുകയാണുണ്ടായത്. അതിൽ ജമാഅത്തിന്റെ പേരും ഏതാനും ദുഃആകളും ഉല്ലേഖനം ചെയ്തിരുന്നു. പിന്നീടവ ജമാഅത്തിന്റെ ഔദ്യോഗിക പതാക ഉയർത്തുന്ന സ്ഥലത്ത് സ്ഥാപിക്കുകയുണ്ടായി.

– ഹുസൂർ ഉച്ചക്ക് 2:04ന് സ്റ്റേജിൽ നിന്നിറങ്ങി പതാക ഉയർത്തുന്ന സ്ഥലത്തെത്തുകയും റബ്ബനാ തഖബ്ബൽ മിന്നാ ഇന്നക്ക അൻതസ്സമീഉൽ അലീം എന്ന ദുഃആ ആവർത്തിച്ച് ചൊല്ലുകയും ചെയ്തു. ഹുസൂറിന്റെ ശബ്ദം ഇടറുന്നുണ്ടായിരുന്നു. അവിടെയുള്ള എല്ലാ സദസ്യരും കണ്ണീർ തൂകികൊണ്ട് ഗദ്ഗദചിത്തരായി ദുഃആ ഏറ്റുചൊല്ലിക്കൊണ്ടിരുന്നു.

– തുടർന്ന് ഹുസൂർ തക്ബീർ ധ്വനികൾക്കിടയിൽ ഇസ്‌ലാമിന്റെ ശ്യാമളപതാക ഉയർത്തി.

– തുടർന്ന് ഹുസൂർ(റ)സ്റ്റേജിൽ എത്തി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അതിങ്ങനെയാണ്.

എന്റെ കഴിവും അറിവും പ്രകാരം അഹ്മദിയ്യത്തിന്റെ നിലനിൽപ്പിന്നും അതിന്റെ സുഭ്രതക്കും, പ്രചാരണത്തിനും വേണ്ടി അവസാനശ്വാസം വരെയും പ്രയത്നിക്കുന്നതാണെന്നും, അഹ്മദിയ്യത്ത് അഥവാ യഥാർഥ ദീനിനെ മറ്റെല്ലാ ദീനുകൾക്കും, പ്രസ്ഥാനങ്ങൾക്കും മേൽ വിജയിപ്പിക്കുന്നതിനും, അതിന്റെ പതാകയെ ഒരിക്കലും താഴാതെ, എല്ലാ പതാകകൾക്കുമേലും പരത്തുന്നതിനും അല്ലാഹുവിന്റെ സഹായത്താൽ സാധ്യമാകുന്നിടത്തോളം ത്യാഗങ്ങൾ ചെയ്യുമെന്നും ഏറ്റു പറഞ്ഞു കൊള്ളുന്നു.

അല്ലാഹുമ്മ ആമീൻ, അല്ലാഹുമ്മ ആമീൻ, അല്ലാഹുമ്മ ആമീൻ റബ്ബനാ തഖബ്ബൽമിന്നാ ഇന്നക്ക അൻതസ്സമീഉൽ അലീം.

ഒരു ഒസ്യത്ത്

# അതിഥിസൽക്കാരം ഔദാര്യമല്ല

**ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ പ്രമുഖ സഹാബിവര്യനും ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ശ്വശുരനും, ഹ.ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ മാതാമഹനുമായ ഹദ്റത് ഡോക്ടർ സയ്യിദ് അബ്ദുസ്സത്താർ ശാഹ് സാഹിബ് തന്റെ മക്കൾക്ക് നൽകിയ വസിയ്യത്തിൽ പറയുന്നു:**



അതിഥി സൽക്കാരം, ദാനധർമം, ആവശ്യക്കാരുടെ ബുദ്ധിമുട്ടുകൾ അകറ്റുന്നതിന് സഹായം തുടങ്ങിയ കാര്യങ്ങൾക്ക് ജീവനും സമ്പത്തും വരെ തടസ്സമാക്കരുത്. ഹദ്റത് ഇബ്റാഹീം(അ) കാണിച്ച മാതൃക പോലെ അവരോട് വിശാലഹൃദയത്തോടെ വർത്തിക്കുക. അതിഥിസൽക്കാരത്തിലും, ദാനധർമത്തിലും, പൂർവ സൂരികളായ മഹാത്മാക്കളുടെ മാതൃക സ്വീകരിക്കുക. പ്രത്യേകിച്ചും അതിഥി സൽക്കാരവും ദാനധർമവും ഏറെ സ്വീകാര്യവും ദൈവസംതൃപ്തിക്ക് നിദാനവും ഉന്നതമായ ദൈവിക ഗുണങ്ങളെ തിരിച്ചറിയാനുള്ള മാതൃകയുമാണ്. സ്വയം വിശന്നിരുന്നും, ബുദ്ധിമുട്ടുകൾ സഹിച്ചും അതിഥികളെ സൽക്കരിക്കാനും സന്തോഷിപ്പിക്കാനും, ആവശ്യക്കാരുടെ കാര്യങ്ങൾ നിറവേറ്റാനും, ആത്മാർത്ഥമായും, പ്രദർശന മനോഭാവമില്ലാതെയും, അതേ സമയം, ഈ സേവനത്തിലും കർമത്തിലും താൽപര്യത്തോടും, സ്നേഹത്തോടും, ദൈവപ്രീതി കരസ്ഥമാക്കാനും ബദ്ധശ്രദ്ധരാവുക.

അങ്ങിനെ ഇരുലോക അനുഗ്രഹവും ലഭിക്കുന്നതാണ്. ഇത്തരം കാര്യങ്ങളിൽ സ്വഹാബാക്കളുടെ മാതൃകയും അവലംബിക്കുക. കടമാണെങ്കിലും പ്രയാസമാണെങ്കിലും അതിഥി സൽക്കാരത്തിൽ തൗഫീഖ് അനുസരിച്ച് ചെയ്യുക. നിങ്ങളുടെ സമ്പത്തിൽ കലർന്നിട്ടുള്ള തന്റെ ഭാഗവും, വിധിക്കപ്പെട്ടതും, അംശവും മാറ്റാനാണ് അതിഥി വരുന്നത്. അവർ നിങ്ങളുടെ ഒന്നും തിന്നുന്നില്ല. സ്വന്തമായിട്ടുള്ളതാണ് ഭക്ഷിക്കുന്നത്. പക്ഷേ അല്ലാഹു ഈ സേവനത്തിൽ നിങ്ങൾക്ക് സൗജന്യമായി പ്രതിഫലം നൽകുകയാണ് ചെയ്യുന്നത്.

(ഹ. സയ്യിദ് അബ്ദുസത്താർ സാഹിബിന്റെ വസിയ്യത്ത് പേജ് : 16, 17)

ശാസ്ത്ര നിരീക്ഷണം

**നാം ആകാശത്ത് നിന്ന് അനുഗൃഹീതമായ ജലം ഇറക്കിയിരിക്കുന്നു.**
*(വി.ഖു: 50 : 10)*



# ജീവജലം



ജീവന്റെ കളിത്തൊട്ടിലായും, പരിണാമപ്രക്രിയയിൽ മുഖ്യപങ്ക് വഹിച്ചും എല്ലാ ജീവികൾക്കും ജീവൻ നൽകിയും പോരുന്ന വെള്ളത്തിന് ഒട്ടധികം സവിശേഷതകളുണ്ട്. നിറമില്ല, മണമില്ല, പ്രത്യേകിച്ച് രുചിയും ഇല്ല. വെള്ളം ആൾമാറാട്ടക്കാരനാണ്. വലിയ സഞ്ചാരിയും. പലതിനേയും തന്നിൽ ലയിപ്പിച്ചുകളയും. ഖരാവസ്ഥയിൽ ഘനത്വം കുറവ്. വിശിഷ്ടതാപം (**Specific heat**) ഏറ്റവും ഉയർന്നത്. വളരെ ദീർഘപരിധിയിൽപോലും ദ്രാവകമായി തുടരാനുള്ള കഴിവും ഉണ്ട്..




ഖര–ദ്രാവക–വാതക രൂപങ്ങൾ ഏതും സ്വീകരിക്കാൻ ജലത്തിന് കഴിവുണ്ട്. ഖരാവസ്ഥയിൽ (മഞ്ഞുകട്ട) ചൂടിന് വിധേയമായാൽ ഉരുകി വെള്ളമാകും – ദ്രാവാവസ്ഥ. പിന്നെയും ചൂട് കൂടിയാൽ നീരാവിയാകും (വാതകാവസ്ഥ). മലമുകളിലും ധ്രുവപ്രദേശങ്ങളിലും മഞ്ഞുകട്ടയായി കിടക്കും. ദ്രാവാവസ്ഥയിൽ ഒഴുകി നാടിന്റെ നാനാഭാഗത്തും എത്തും. വാതകാവസ്ഥയിൽ അന്തരീക്ഷത്തിലേക്ക് ഉയരും. ആ അവസ്ഥയിൽ കാറ്റിന്റെ ഗതിക്കനുസരിച്ച് എവിടേക്കും വ്യാപിക്കും. മഞ്ഞുകട്ടയുടെ അവസ്ഥയിൽപോലും സൗകര്യം കിട്ടിയാൽ വെള്ളത്തിലാണെങ്കിൽ പൊങ്ങിക്കിടന്ന് വെള്ളത്തിന്റെ ഒഴുക്കിനനുസരിച്ച് നീങ്ങിക്കൊണ്ടിരിക്കും.


വെള്ളത്തിന്റെ മറ്റൊരു സവിശേഷത മിക്കവാറും എല്ലാ പദാർത്ഥങ്ങളേയും തന്നിൽ ലയിപ്പിക്കാൻ കഴിയുമെന്നുള്ളതാണ്. ഏതു വിഷവും എത്ര കടുപ്പമുള്ള സാധനവും വെള്ളത്തിൽ ലയിക്കും. ചിലപ്പോൾ സാവധാനത്തിലാണെങ്കിലും കല്ലിനെപോലും ലയിപ്പിക്കും. ഈ കഴിവിനെ സാർവികലായകം എന്ന് പറയുന്നു. ഈ കഴിവിന് നിദാനം വെള്ളത്തിന്റെ പോളാർ സ്വഭാവം ആണ്. ഇത് വെള്ളത്തിന് വലിയ ദോഷവും ചെയ്യുന്നു. ശുദ്ധജലം പെട്ടെന്ന് മലിനമാകും. എവിടെക്കൂടെ ഒഴുകിപ്പോയാലും എത്ര മാരകമായ മാലിന്യവും തന്നിൽ ലയിപ്പിക്കും. അതായത് മാലിന്യ സാധ്യത വളരെ ഏറെയാണ്. വെള്ളം തന്നെയാണ്, എല്ലാ മാലിന്യങ്ങളേയും നീക്കം ചെയ്യാൻ പറ്റിയ മാധ്യമവും.

- മറ്റെല്ലാ പദാർത്ഥങ്ങൾക്കും ഖരാവസ്ഥയിൽ ഘനത്വം കൂടുതലായിരിക്കും. ഇതിന് അപവാദമാണ് വെള്ളം.സാധാരണയായി ദ്രാവകങ്ങൾ ചൂടാകുമ്പോൾ അവയുടെ ഘനത്വം കുറയുകയാണ് ചെയ്യുക. വെള്ളമാകട്ടെ പൂജ്യം ഡിഗ്രിയിൽ നിന്നും 4 ഡിഗ്രി വരെ ചൂടാകുമ്പോൾ അതിന്റെ ഘനത്വം കൂടും.വെള്ളം ചൂടാക്കാൻ ദീർഘസമയം എടുക്കും.തണുക്കുന്നതോ സാവധാനത്തിലും. വളരെ ദീർഘപരിധിയോടുകൂടി താപനിലകളിൽ പോലും (0–1000C) വെള്ളം ദ്രാവകമായി തുടരുന്നത്, ഒരേസമയം ഒരു വലിയ അത്ഭുതവും അനുഗ്രഹവും ആണ്. ഇതിന് കാരണം ഹൈഡ്രജൻ ബോൺഡിങ്ങ് തന്നെ.






- ഒരു ജലതന്മാത്രയിൽ ഹൈഡ്രജന്റെ രണ്ട് ആറ്റംകളും പ്രാണവായു (ഓക്സിജൻ) വിന്റെ ഒരു ആറ്റവും ആണുള്ളത്. ഇതിനെ സൂചിപ്പിക്കുന്നതാണ് രസതന്ത്രത്തിലെ H2O എന്ന തന്മാത്ര സൂത്രം.
- സസ്യങ്ങളിൽ മുകളിലേക്ക് ഉയരാനും, മണ്ണിൽ നനവ് നിലനിർത്താനുമുള്ള വെള്ളത്തിന്റെ കഴിവ് (Capillarity) അതിന്റെ മേൽപറഞ്ഞ സവിശേഷതകളുടെ ഫലമായാണ്.
- വെള്ളത്തിന്റെ ഉപരിതലം, വലിച്ചു നീട്ടിയ ചർമ്മം (Stretched membrance) പോലെ പ്രവർത്തിക്കും; അതിനാൽ പ്രതലബലം (Surface tension) ഉയർന്നതാണ്. വെള്ളത്തേക്കാൾ ഉയർന്ന ഉപരിതല വലിവുള്ള ദ്രവം, രസം(മെർക്കുറി) മാത്രമെയുള്ളു.
- ഉയർന്ന ഉപരിതല വലിവുള്ളതുകൊണ്ടാണ് മഴത്തുള്ളികൾ ഗോളാകൃതിയിൽ കാണപ്പെടുന്നത്. ഇതേ കാരണം കൊണ്ടുതന്നെയാണ് പുൽനാമ്പുകളിലെ മഞ്ഞുതുള്ളികളും, എട്ടുകാലി വലയിലെ മഴത്തുള്ളികളും ഗോളാകൃതിയിൽ പ്രത്യക്ഷപ്പെടുന്നത്.






ആരോഗ്യം

ഡോക്ടർ മുഹമ്മദ് മസ്ഊദുൽ ഹസൻ സാഹിബ് നൂരി





# ഹൃദയ ശസ്ത്രക്രിയ

## ഓപ്പൺ ഹാർട്ട് സർജറി

ഒന്നിലധികം രക്തനാളികളിൽ തടസ്സമുണ്ടാവുകയും കുറച്ചുനേരം നടന്നാൽ നെഞ്ച് വേദന അനുഭവപ്പെടുകയും വ്യത്യസ്ത ടെസ്റ്റുകളിലൂടെ ലക്ഷണങ്ങൾ വെളിപ്പെടുകയും ചെയ്താൽ ഓപ്പൺ ഹാർട്ട് സർജറിയാണ് ചെയ്യാറുള്ളത്. ഈ സർജറിയിൽ, ശരീരത്തിലെ ഏതെങ്കിലും ഭാഗത്ത് നിന്ന് രക്തനാളി എടുത്ത്, തടസ്സമുള്ള ഭാഗത്ത് Bypass ചെയ്ത ഈ നാളിയെ അവിടെ കൊടുത്തു. പിന്നെ രക്തം നേരിട്ട് പോകുന്നതിന് പകരം ഒരു Bypass ലൂടെയാണ് കടന്ന് പോവുക. ഇതാണ് Bypass സർജറി.

കൂടാതെ ഓപ്പൺ ഹാർട്ട് സർജറിയിൽ ഹൃദയത്തിലെ കേടുവന്ന വാൾവ് മാറ്റാറുണ്ട്. എന്തെങ്കിലും കാരണവശാൽ വാൾവ് ഇടുങ്ങിയതാകുമ്പോഴും സർജറി ചെയ്യാറുണ്ട്.





ഹാർട്ട് സർജറിയെ സംബന്ധിച്ച് എന്റെ ഗവേഷണത്തിൽ നിന്ന് മനസിലായത്, ഈ ശസ്ത്രക്രിയ ഹ. ഈസാ(അ)ന്റെ കാലം മുതൽ ഉണ്ടെന്നാണ്. പക്ഷേ ശാസ്ത്രപുസ്തകങ്ങൾ പറയുന്നത്, ഹൃദയ ശസ്ത്രക്രിയ 8,9 നൂറ്റാണ്ട് മുമ്പ് മാത്രമാണ് തുടങ്ങിയതെന്നാണ്. ഇക്കാലത്ത് സർജറി പ്രത്യേകം ഓപ്പറേഷൻ തിയേറ്ററുകളിലാണ് ചെയ്യുന്നത്. അതിൽ ഏറ്റവും ആധുനികമായ ഉപകരണങ്ങളുമുണ്ട്. വിവിധതരം ടെസ്റ്റുകൾക്കും, ഹൃദ്രോഗ വിദ്ഗ്ദരുടെ അഭിപ്രായങ്ങൾക്കും ശേഷമാണ് ഓപ്പറേഷൻ ചെയ്യുക.

എന്നാൽ, ഹൃദയ ശസ്ത്രക്രിയയുടെ പ്രാരംഭകാലത്ത് അങ്ങിനെ ആയിരുന്നില്ല. മറിച്ച് കായിക ബലമുള്ള നാല് പേർ രോഗിയുടെ കൈകാലുകൾ പിടിച്ചുവെച്ച് ഡോക്ടർ ഹൃദയശസ്ത്രക്രിയ ചെയ്യുകയായിരുന്നു രീതി. അക്കാലത്ത് ഈ ശസ്ത്രക്രിയ വലിയ വിജയപ്രദമായിരുന്നില്ല. എന്നാൽ ഇക്കാലത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വൈദ്യശാസ്ത്രം പുരോഗതിപ്പെടുകയും നമുക്ക് വിജയപ്രദമായ രീതിയിൽ വളരെയധികം ശസ്ത്രക്രിയകൾ ചെയ്യാനും സാധിക്കുന്നു. ഇക്കാലത്ത് ഓപ്പൺ ഹാർട്ട് സർജറിക്ക് രണ്ടര മൂന്ന് ലക്ഷംവരെ ചെലവ് വരാറുണ്ട്.










ഡിസംബർ - 3
**ഹൃദയ ശസ്ത്രക്രിയ ദിനം**

അടുത്ത ലക്കത്തിൽ
**ഹൃദയ ശസ്ത്രക്രിയയുടെ ചരിത്രവും ബലൂൺ ആൻജിയോപ്ലാസ്റ്റിയും**

AL HAQ

VOL :19, ISSUE:10 DECEMBER 2011

120-ാം
**ജൽസാ സാലാനാ**
**ഖാദിയാൻ**
2011 ഡിസംബർ 26,27,28
(തിങ്കൾ, ചൊവ്വ, ബുധൻ)



بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ نَحْمَدُہٗ وَنُصَلِّیْ عَلٰی رَسُوْلِہِ الْکَرِیْمِ وَعَلٰی عَبْدِہِ الْمَسِیْحِ الْمَوْعُوْدِ

آؤلوگو کہ یہیں نُورِ خُدا پاؤگے
لو تمہیں طورِ تسلّی کا بتایا ہم نے
(درثمین)

لَآ اِلٰہَ اِلَّا اللّٰہُ مُحَمَّدٌ رَّسُوْلُ اللّٰہِ
اللہ کے سوا اور کوئی معبود نہیں محمد ﷺ اللہ کے رسول ہیں
THERE IS NONE WORTHY OF WORSHIP EXCEPT ALLAH
MUHAMMAD IS THE MESSENGER OF ALLAH

ہر طرف آواز دینا ہے ہمارا کام آج
جسکی فطرت نیک ہے آئے گا وہ انجام کار
(درثمین)

26th MON
27th TUE
28th WED
**DEC. 2011**
**INSHA ALLAH**
**AT**
**MOHALLAH**
**AHMADIYYA**
**QADIAN**

تحقیق حق اور تعلیم اسلام وصداقت احمدیت
معلوم کرنے کا بہترین موقعہ
قادیان دارالامان میں جماعت احمدیہ کا ۱۲۰واں
جلسہ سالانہ
بمقام
محلّہ احمدیہ قادیان
خُدا تعالےٰ کی عظیم الشّان قُدرتوں کا ایک نِشان

انشاءاللہ
سوموار 26
منگل 27
بدھ 28
دسمبر 2011ء
منعقد ہوگا

# 120th JALSA SALANA
## ANNUAL CONVENTION QADIAN

## ഹുസൂർ തിരുമനസിന്റെ സമാപന പ്രഭാഷണം

### പ്രഭാഷണങ്ങൾ

1. **മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോറി** (നാസിർ അഅ്‌ലാ, ഖാദിയാൻ) : **സീറത്തു ഹദ്റത് മസീഹ് മൗഊദ്(അ) നബി(സ)നോടുള്ള അനുരക്തിയുടെ വെളിച്ചത്തിൽ**
2. **മൗലാനാ മുഹമ്മദ് ഉമർ സാഹിബ്** (നാഇബ് നാസിർ അഅ്‌ല, ഖാദിയാൻ) : **ദൈവാസ്തിക്യം**
3. **മൗലാനാ സഹീർ അഹ്‌മദ് സാഹിബ് ഖാദിം** (നാസിർ ദഅ്‌വത്തെ ഇലല്ലാഹ്, ഖാദിയാൻ) : **സീറത്തുന്നബി(സ) മദീന ഉടമ്പടിയുടെ വെളിച്ചത്തിൽ**
4. **മുനീർ അഹ്‌മദ് സാഹിബ് ഹാഫിസാബാദി** (വക്കീലുൽ അഅ്‌ല, തഹ്‌രീക് ജദീദ്) : **അഞ്ചാം ഖിലാഫത്തിന്റെ അനുഗൃഹീതകാലം ദൈവിക സഹായങ്ങളുടെ വീക്ഷണത്തിൽ.**
5. **മൗലാനാ ഖുർശിദ് അഹ്‌മദ് സാഹിബ് അൻവർ** (വക്കീലുൽ മാൽ തഹ്‌രീക് ജദീദ്) : **സമ്പത്തിന്റെ സംശുദ്ധി ദൈവിക ജമാഅത്തുകളുടെ പ്രത്യേകത**
6. **മൗലാനാ മുഹമ്മദ് കരീമുദ്ദീൻ സാഹിബ് ശാഹിദ്** (നാസിം - ഇർശാദ്, വഖ്ഫെ ജദീദ്) : **ഇസ്‌ലാമിന്റെ പുനരുദ്ധാരണം ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വ: മുഖേന**
7. **മൗലാനാ ഇനായത്തുല്ലാഹ് സാഹിബ്** (നാഇബ് നാസിർ, ഇസ്‌ലാഹോ ഇർശാദ്) : **ഖത്തമുന്നുബുവ്വത്തിന്റെ അനുഗ്രഹങ്ങൾ**
8. **മൗലാനാ തൻവീർ അഹ്‌മദ് സാഹിബ് ഖാദിം** (നാഇബ് നാസിർ, ഇസ്‌ലാഹോ ഇർശാദ്) : **ഇസ്‌ലാമിൽ സ്ത്രീകൾക്കുള്ള സ്ഥാനം**
9. **മൗലാനാ ബുർഹാൻ അഹ്‌മദ് സാഹിബ് സഫർ** (അഡീ. നാസിർ ഇസ്‌ലാഹോ, ഇർശാദ് തഅ്‌ലീമുൽ ഖുർആൻ - വഖ്ഫെ ആർസി) : **വിശുദ്ധ ഖുർആന്റെ മാഹാത്മ്യവും അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തും**
10. **മൗലാനാ സയ്യിദ് ആഫ്താബ് അഹ്‌മദ് സാഹിബ്** (മുബല്ലിഗ് ഇൻചാർജ് - കൽക്കത്ത) : **വാഗ്ദത്ത മസീഹ് (അ)ന്റെ സത്യസാക്ഷ്യം**
11. **മൗലാനാ മുബശിർ അഹ്‌മദ് സാഹിബ് അയാസ്** (നാഇബ് നാസിർ ഇശാഅത്ത്, റബ്‌വ) : **സ്വഹാബാക്കളുടെ ചരിത്രം ഹ. ഉമർ(റ), ഹ. മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ്(റ)**

മലയാളം, തമിഴ്, കന്നട, തെലുങ്ക്, ഇംഗ്ലീഷ് ഭാഷകളിൽ തത്സമയ തർജുമ

**NAZIR ISLAH-O-IRSHAD, QADIAN, GURDASPUR DISTRICT, PUNJAB**

Chairman Management & Editorial Board : C.Zameem
Printer & Publisher : T.K.Mushtaq Ahmad
Manager : Shafeeq Ahmad
Circulation Manager : K.Mubarak Ahmad

Chief Editor : H.Shamsuddin
Editor : Shareef
Members : B.M.Shoukath Ali
Shareef Ahmad
K.Noorudheen

Not for sale, circulation among members only

Views expressed in this publication are not necessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange,Calicut